
# പഞ്ചായത്ത് രാജ്

പുസ്തകം 53 ◆ ലക്കം 02
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം
മേയ് 2013

ഭരണഭാഷ മാതൃഭാഷ



## വികസനവും കരുതലുമായി മൂന്നാം വർഷത്തിലേക്ക്



### ഗ്രാമപഞ്ചായത്തുകൾക്ക് കൂടുതൽ അംഗീകാരവും പിന്തുണയും

- പഞ്ചായത്തു സെക്രട്ടറിമാരുടെ തസ്തിക ഗസറ്റഡ് ആക്കി ഉയർത്തി
- പഞ്ചായത്തു ജനപ്രതിനിധി കളുടെ ഹോണറേറിയം 2 തവണ വർദ്ധിപ്പിച്ചു
- 400ലധികം അസി: എൻജിനീയർമാരുടെ നിയമനം
- ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറിമാരുടെ അധിക തസ്തിക
- ഗ്രാമപഞ്ചായത്തുകളിൽ ഓരോ ക്ലാർക്കുമാരുടെ അധിക നിയമനം
- ഗ്രാമപഞ്ചായത്തുകൾക്ക് ആവശ്യനുസരണം കമ്പ്യൂട്ടർ വാങ്ങാൻ അനുമതി
- പഞ്ചായത്തു പ്രസിഡന്റുമാർക്കും, സെക്രട്ടറിമാർക്കും ലാപ്ടോപ്പ് വാങ്ങാൻ അനുമതി

‘നമ്മുടെ പഞ്ചായത്ത്
ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ‘



- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

**നമ്മുടെ ലക്ഷ്യം**
**മാലിന്യമുക്ത കേരളം**



പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

# ഉള്ളടക്കം


5 എഡിറ്ററുടെ പേജ്



ശാക്തീകരണത്തിന്റെ കാലം
ഡോ. എം. കെ. മുനീർ
6



8
പഞ്ചായത്തുദിനാഘോഷം പകിട്ടാർന്ന പരിപാടികളോടെ സമാപിച്ചു
പഞ്ചായത്ത് ന്യൂസ് സർവ്വീസ്




എൻ.സി.സി ഭാവി നേതാക്കളെ വാർത്തെടുക്കുന്നു.
ധനഞ്ജയ് മൊഹന്തി
12



14
വികേന്ദ്രീകൃത മാലിന്യ സംസ്കരണം
കെ. വിനോദ് കുമാർ



നിയമദൃഷ്ടി-തൊഴിൽ നികുതി സത്യവും മിഥ്യയും
ജോൺ.എസ്. ജയിംസ്
19



കാൻസർ രോഗികൾക്കൊരു വേദന സംഹാരി
രഘുരാമൻ
22






24
ഈ കൃഷിക്കൂട്ടം - ഭക്ഷ്യ സ്വാതന്ത്ര്യത്തിലേക്കുള്ള കാലടികൾ
മുരളീധരൻ തഴക്കര

തൊഴിലുറപ്പ് പദ്ധതി ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റത്തിലേക്ക്
അബ്ദുറഹീം. എം.പി.
27



30 സേവനാവകാശ നിയമം - 2012
ഗസറ്റ് വിജ്ഞാപനം

ഇ-ഗവേണൻസ് വാർത്തകൾ 33

35
ഇറ്റ്ഫോക്ക് - 2013
കേരള സംഗീത നാടക അക്കാദമി



ബാലവേല കേരളം നേരിടുന്ന പുതിയ വെല്ലുവിളികൾ
അജിത്ത് വെണ്ണിയൂർ
40



# ത്രിതല പഞ്ചായത്തു സംവിധാനത്തിന്റെ ശാക്തീകരണത്തിനുള്ള പുരസ്കാരം വീണ്ടും കേരളത്തിന്




ഈ വർഷത്തെ ത്രിതല പഞ്ചായത്തുകളുടെ ശാക്തീകരണത്തിനുള്ള ദേശീയ അവാർഡ് വീണ്ടും കേരളത്തിനു ലഭിച്ചു. ദേശീയ പഞ്ചായത്തു ദിനാഘോഷത്തോടനുബന്ധിച്ച് ഏപ്രിൽ 24ന് ഡൽഹി വിജ്ഞാൻ ഭവനിൽ പഞ്ചായത്തുരാജ് മന്ത്രാലയം സംഘടിപ്പിച്ച ചടങ്ങിൽ വച്ച് **പ്രധാനമന്ത്രി ഡോ. മൻമോഹൻസിംഗിൽ** നിന്നും പഞ്ചായത്തു സാമൂഹ്യനീതി വകുപ്പ് മന്ത്രി **ഡോ. എം.കെ. മുനീർ** അവാർഡ് ഏറ്റുവാങ്ങി. പഞ്ചായത്തുരാജ് ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളിൽ ദേശീയാടിസ്ഥാനത്തിൽ മൂന്നാം സ്ഥാനമാണ് കേരളത്തിന് ലഭിച്ചത്. ഒന്നാം സ്ഥാനം മഹാരാഷ്ട്രയും രണ്ടാം സ്ഥാനം കർണാടകയും കരസ്ഥമാക്കി. കേന്ദ്ര സർക്കാരിന്റെ പഞ്ചായത്തു എംപവർമെന്റ് & അക്കൗണ്ടബിലിറ്റി ഇൻസെന്റീവ് സ്കീം പ്രകാരം ഏർപ്പെടുത്തിയ അവാർഡും കേരളത്തിലെ ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചാത്തുകൾ കരസ്ഥമാക്കി.

## സംസ്ഥാനതലത്തിൽ 2011-12 വർഷത്തെ സ്വരാജ് ട്രോഫി (ഒന്നാം സ്ഥാനം) നേടിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

### ആലപ്പുഴ ജില്ലാപഞ്ചായത്ത്



ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. പ്രതിഭ ഹരി കേന്ദ്ര അഭ്യന്തരസഹമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രനിൽ നിന്ന് ട്രോഫി ഏറ്റുവാങ്ങുന്നു.

### വാമനപുരം ബ്ലോക്ക് പഞ്ചായത്ത്



ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബേബിസുലേഖ കേന്ദ്രഅഭ്യന്തരസഹമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രനിൽ നിന്ന് ട്രോഫി ഏറ്റുവാങ്ങുന്നു.

### പുലാമന്തോൾ ഗ്രാമപഞ്ചായത്ത്



ഗ്രാമാപഞ്ചായത്ത് പ്രസിഡന്റ് എം.കെ. റഫീക്ക കേന്ദ്രഅഭ്യന്തരസഹമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രനിൽ നിന്ന് ട്രോഫി ഏറ്റുവാങ്ങുന്നു.

# പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

മേയ് 2013
പുസ്തകം 53
ലക്കം 02
വാർഷിക വരിസംഖ്യ: ₹ 120
www.lsgkerala.gov.in



**ഉപദേശക സമിതി**

ചെയർമാൻ

**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി

അംഗങ്ങൾ

**വി.എസ്. സെന്തിൽ**, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി,
തദ്ദേശസ്വയംഭരണവകുപ്പ്

**എ. ഫിറോസ്**
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**പി.ടി. മാത്യു**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**ജി. രാജീവ്**
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

**എ. ഹാഷിം**
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ

**എസ്. ലളിതാംബിക**, ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ



എഡിറ്റർ
**എസ്. ലളിതാംബിക**, ഐ.എ.എസ്.
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
**എ. ഹാഷിം**
e-mail: prodp12@gmail.com
Ph: 0471-2321280



കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്



ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.
പരസ്യങ്ങളുടെ ഉള്ളടക്കത്തിലും
പഞ്ചായത്ത്രാജിന് ഉത്തരവാദിത്വമില്ല.



**മേൽവിലാസം**

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.





## പഞ്ചായത്ത് ദിനാഘോഷം നൽകുന്ന സന്ദേശം

ഈ വർഷത്തെ പഞ്ചായത്തുദിനാഘോഷങ്ങൾ കഴിഞ്ഞ മാസം 23,24 തീയതികളിലായി കോഴിക്കോട് വച്ച് നടന്നു. ഗ്രാമപഞ്ചായത്തുകൾക്ക് ഭരണഘടനാ പദവി ലഭ്യമായ ഏപ്രിൽ 24-നെ സ്മരിച്ചുകൊണ്ടാണ് ആഘോഷ പരിപാടികൾ സംഘടിപ്പിക്കപ്പെട്ടത്. ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തുകൊണ്ട് പഞ്ചായത്ത്-സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ. എം.കെ. മുനീർ പറഞ്ഞ വാക്കുകൾ പ്രസക്തമാണ്. 12-ാം പദ്ധതിയുടെ ആദ്യവർഷം പരീക്ഷണത്തിന്റെ നാളുകളായിരുന്നു. സംശയങ്ങളുടെയും ആശങ്കയുടെയും കാലമായിരുന്നു അത്, എന്നാൽ നമ്മുടെ പഞ്ചായത്തുകൾ വിജയകരമായിതന്നെ പദ്ധതി നിർവ്വഹണം പൂർത്തിയാക്കി. ഈ വർഷം പദ്ധതി നിർവ്വഹണത്തിന് പത്തുമാസം സമയം ലഭിക്കും. എത്ര വർഷങ്ങൾക്കുശേഷമാണ് ഇത്രയും സമയം നമുക്ക് ലഭിക്കുന്നത് എന്ന് കേരളത്തിലെ ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷൻമാർക്കും സെക്രട്ടറിമാർക്കും മുന്നിൽ മന്ത്രി ഉയർത്തിയ ചോദ്യത്തിന് പദ്ധതി നിർവ്വഹണത്തിലെ മികവിലൂടെ ഉത്തരം നൽകാൻ നമുക്ക് കഴിയണം. ഈ വർഷം 100% പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കാൻ നാം ദൃഢനിശ്ചയം എടുക്കണം.


ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റവുമധികം അംഗീകാരവും പിന്തുണയും ലഭിക്കുന്ന കാലമാണിത്. അധികജോലിഭാരം ലഘൂകരിക്കാനായി പഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറിമാരെ നിയമിച്ചു കഴിഞ്ഞു. ഗ്രാമപഞ്ചായത്തുകളിൽ ഓരോ എൽ.ഡി.ക്ലാർക്കുമാരെ വീതം അധികമായി നിയമിക്കുന്ന പ്രക്രിയ തുടരുകയാണ്. ആവശ്യത്തിന് കമ്പ്യൂട്ടറുകൾ വാങ്ങാൻ നേരത്തെ തന്നെ ഉത്തരവിറങ്ങിയിരുന്നു. ഇപ്പോൾ പഞ്ചായത്ത് സെക്രട്ടറിമാർക്കും പ്രസിഡന്റുമാർക്കും ലാപ്ടോപ്പ് വാങ്ങാൻ തീരുമാനമായിരിക്കുന്നു. ജനപ്രതിനിധികളുടെ ഓണറേറിയം ഈ സർക്കാരിന്റെ കാലത്തുതന്നെ രണ്ടുതവണ ഉയർത്തി, ഇങ്ങനെ ഗ്രാമപഞ്ചായത്തുകളുടെ ആവശ്യങ്ങൾക്ക് പരിഹാരം കാണാൻ വകുപ്പുമന്ത്രി കാണിക്കുന്ന നിഷ്കർഷയുടെ ഗുണഫലം അനുഭവിക്കുന്ന ഗ്രാമപഞ്ചായത്തുകൾ തങ്ങളുടെ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തണം. റോഡും പാലവും നിർമ്മിക്കുന്നത് മാത്രമല്ല വികസനം എന്ന പദം അർത്ഥമാക്കുന്നത്. പാർശ്വവത്കരിക്കപ്പെട്ടവരുടെ ഉന്നമനവും വികസനത്തിന്റെ മുഖ്യഅജണ്ടയാണ്. ശുചിത്വം, പോഷകാഹാരം, കുടിവെള്ളം തുടങ്ങിയ കാര്യങ്ങൾ സുസ്ഥിര വികസനത്തിന്റെ ഭാഗമാണ്. 50% സ്ത്രീസംവരണം ഏർപ്പെടുത്തി ഭാരതത്തിനുതന്നെ മാതൃകയായ കേരളത്തിൽ നാം കേൾക്കുന്ന സ്ത്രീവിരുദ്ധ പ്രവർത്തനങ്ങളുടെ വാർത്തകൾ ശുഭ സൂചകമല്ലെന്ന് മന്ത്രി പറഞ്ഞത് നാം ഓർക്കണം. ഈ രംഗത്ത് ജാഗ്രതാ സമിതികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്ന് പഞ്ചായത്തുകൾ ഉറപ്പുവരുത്തണം. ആശ്രയ പദ്ധതി നടത്തിപ്പിൽ പല പഞ്ചായത്തുകളും വേണ്ടത്ര ഗൗരവം പുലർത്തുന്നില്ല എന്ന് സൂചിപ്പിക്കുന്ന മന്ത്രിയുടെ വാക്കുകൾ ആത്മവിമർശനത്തിനും ഇക്കാര്യത്തിൽ പ്രത്യേകം ഊന്നൽ നൽകുന്നതിനും നമ്മെ പ്രേരിപ്പിക്കുന്നതാണ്.

സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത കേന്ദ്ര ആഭ്യന്തരസഹമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രനും പഞ്ചായത്തുകളുടെ ഉത്തരവാദിത്തം ഓർമ്മിപ്പിക്കുകയുണ്ടായി. സാമൂഹിക പരിവർത്തനപ്രക്രിയയിൽ തദ്ദേശസ്ഥാപനങ്ങൾക്ക് നിർണ്ണായകമായ പങ്കു വഹിക്കാനുണ്ടെന്നും ദാരിദ്ര്യനിർമ്മാർജ്ജനത്തിനും മെച്ചപ്പെട്ട ജീവിതസൗകര്യങ്ങൾക്കും സഹായകരമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കണമെന്നും അദ്ദേഹം പറഞ്ഞു. പഞ്ചായത്തീരാജ് സംവിധാനത്തിന്റെ ആത്മാവ് ഗ്രാമസഭകളായതിനാൽ അവ ശരിയാംവണ്ണം നടക്കുന്നുണ്ടെന്നു ഉറപ്പുവരുത്തണമെന്ന് ഗ്രാമപഞ്ചായത്തുകളോട് മന്ത്രി ആവശ്യപ്പെട്ടു. ഭാവിയിലെ (ഗ്രാമീണ) ഇന്ത്യയെ സൃഷ്ടിക്കുന്നതിൽ കേന്ദ്രഗവൺമെന്റ് പ്രതീക്ഷയർപ്പിക്കുന്നത് പഞ്ചായത്തുകളിലൂടെയുള്ള ഗ്രാമങ്ങളുടെ വികസനത്തിലാണ്. ഗ്രാമീണതലത്തിൽ അവസാനത്തെ പൗരനും ക്ഷേമം സാധ്യമാകുമ്പോഴാണ് ഇന്ത്യയുടെ വികസനം സാർത്ഥകമാകുകയെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

കേരളത്തിലെ പഞ്ചായത്തുകൾ ദേശീയ തലത്തിൽ തന്നെ മാതൃകയാണ്. എന്നാൽ പഞ്ചായത്തുകളുടെ ശക്തമായ ഇടപെടൽ ആവശ്യപ്പെടുന്ന നിരവധി മേഖലകൾ ഇനിയുമുണ്ട്. മാലിന്യ നിർമ്മാർജ്ജന പ്രശ്നം പ്രാദേശിക സർക്കാരുകൾ ഗൗരവമായിത്തന്നെ കണക്കിലെടുക്കണം. നദികളാൽ സമൃദ്ധമായ കേരളം കുടിവെള്ളത്തിനായി നെട്ടോട്ടമോടുന്ന കാഴ്ച നമുക്കന്യമല്ല, നാം ഏറ്റെടുക്കുന്ന പദ്ധതികൾ പരിസ്ഥിതിസൗഹൃദപരവും ജനവിശ്വാസം ആർജ്ജിക്കുന്നതുമാവണം, പദ്ധതി നിർവ്വഹണത്തിൽ സോഷ്യൽ ഓഡിറ്റിംഗ് കൂടുതൽ കാര്യക്ഷമമാകേണ്ടതുണ്ട്. കേന്ദ്ര സംസ്ഥാനസർക്കാരുകൾ വികസന-ക്ഷേമപ്രവർത്തനങ്ങളിൽ ഗ്രാമപഞ്ചായത്തുകളെ പ്രതീക്ഷയോടെ ഉറ്റുനോക്കുകയാണ്. ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണെന്ന രാഷ്ട്രപിതാവിന്റെ വാക്കുകൾ പ്രാവർത്തികമാകുന്നത് ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങളിലൂടെയാണ് ഇതര സംസ്ഥാനങ്ങളെയപേക്ഷിച്ച് നമ്മുടെ പഞ്ചായത്തുകൾ ഏറെ മുന്നിലാണെങ്കിലും ഇനിയും നമുക്കേറെ ചെയ്യാനുണ്ട്. സാമൂഹ്യ സുരക്ഷ, പാർശ്വവത്ക്കരിക്കപ്പെട്ടവരുടെ പ്രശ്നങ്ങൾ പരിഹരിച്ച് അവരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കൽ, മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ, പോഷകാഹാരവിതരണ പദ്ധതികൾ തുടങ്ങിയ മേഖലകളിൽ നാം ശക്തമായ ഇടപെടൽ നടത്തി മുന്നേറണം.

ദിനാഘോഷങ്ങളോടനുബന്ധിച്ച് നടന്ന സെമിനാറിൽ പഞ്ചായത്തുകൾക്ക് റവന്യൂ, നീതിന്യായം, ക്രമസമാധാനം തുടങ്ങിയ മേഖലകളിൽ കൂടുതൽ അധികാരങ്ങൾ ലഭിക്കണമെന്ന തരത്തിൽ അഭിപ്രായങ്ങൾ ഉയർന്നു വന്നു. പ്രാദേശിക സർക്കാരുകൾ എന്ന നിലയിൽ സുസജ്ജമായും കാര്യക്ഷമമായും പ്രവർത്തിക്കാൻ ഇത് ആവശ്യമാണ്. എന്നാൽ അധികാരം ലഭിച്ച മേഖലകളിൽ നൂറ് ശതമാനവും മികവ് പുലർത്താൻ ഗ്രാമപഞ്ചായത്തുകൾ തയ്യാറാകുമ്പോഴാണ് കൂടുതൽ മേഖലകളിൽ അധികാരം ലഭിക്കുവാൻ വഴിതെളിയുന്നത്. ഏറ്റെടുത്ത മേഖലകളിൽ അന്യൂന്യമായ പ്രവർത്തനങ്ങൾക്കായി നമുക്ക് പ്രയത്നിക്കാം.

# ശാക്തീകരണത്തിന്റെ കാലം




**ഡോ. എം.കെ. മുനീർ**

പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി


ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കഴിഞ്ഞ രണ്ട് വർഷം വികസനത്തിന്റേതും കരുതലിന്റേതുമായിരുന്നു. ഈ രംഗങ്ങളിൽ നവചക്രവാളങ്ങളിലേക്ക് പ്രയാണം ചെയ്യുന്ന കേരളത്തെയാണ് നാം ദർശിക്കുന്നത്. ജനാധിപത്യ- വികസനാടിത്തറകൾ ഗ്രാമതലങ്ങളിൽ ശക്തിപ്പെടുത്തുതിന് പ്രത്യേക പരിഗണന നമ്മൾ നൽകുകയുണ്ടായി. പഞ്ചായത്ത് വകുപ്പ് രൂപീകൃതമായി ആറ് പതിറ്റാണ്ട് പിന്നിട്ടിട്ടും നടക്കാത്ത ശക്തമായ ലക്ഷ്യബോധമുള്ള പ്രവർത്തനം കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ നടന്നു എന്ന് ഏത് നിഷ്പക്ഷമതിയും സമ്മതിക്കും. ഗ്രാമ പഞ്ചായത്തുകളെയും പഞ്ചായത്ത് വകുപ്പിനെയും കൂടുതൽ കർമ്മോത്സുകവും സേവനോന്മുഖവും ആക്കുവാൻ അവശ്യം വേണ്ടത് വകുപ്പിനെ ശക്തിപ്പെടുത്തുക എന്നതാണെന്ന് തിരിച്ചറിവോടെ നമ്മൾ സ്വീകരിച്ച നടപടികൾ ഫലം കണ്ടുതുടങ്ങി.

978 ഗ്രാമഞ്ചായത്തുകളിലെ സെക്രട്ടറി തസ്തികകൾ ഏകീകരിച്ചുകൊണ്ട് തുടക്കമിട്ട ശാക്തീകരണ പ്രക്രിയ തുടർന്ന് 864 അസിസ്റ്റന്റ് സെക്രട്ടറി, 978 ക്ലറിക്കൽ തസ്തികകൾ എന്നിവ സൃഷ്ടിച്ചുകൊണ്ട് തുടർന്നു. ഒപ്പം തന്നെ എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തിൽ 400 പുതിയ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക അനുവദിച്ചുകൊണ്ട് ഒരു പഞ്ചായത്തിന് ഒരു അസിസ്റ്റന്റ് എഞ്ചിനീയർ എന്ന നയം പ്രാവർത്തികമാക്കി. ഒരു ബ്ലോക്കിൽ ഒരു അസിസ്റ്റന്റ് എഞ്ചിനീയർ, രണ്ട് ബ്ലോക്കുകൾക്ക് ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിങ്ങനെയുള്ള തസ്തികകൾകൂടി അനുവദിച്ചതോടെ ത്രിതല പഞ്ചായത്തുകൾ ഘടനാപരമായി ഏറെ ശക്തിപ്പെടുത്താൻ കഴിഞ്ഞു. അസിസ്റ്റന്റ് സെക്രട്ടറി തസ്തികയിലെ നിയമനത്തോടെ താഴെത്തട്ടിൽ നിന്ന് നിരവധി പ്രൊമോഷനുകൾ നടത്താൻ കഴിഞ്ഞു. ക്ലാസ്സ് ഫോർ ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകുന്നത് സംബന്ധിച്ച തീരുമാനം ഉടനെയുണ്ടാകും.





**നിർണ്ണായക പ്രാധാന്യമുള്ള മറ്റ് ചിലമേഖലകളിൽ കൂടി ഇനിമുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതായിട്ടുണ്ട്. സ്ത്രീ സുരക്ഷ, ജാഗ്രതാസമിതികൾ, സ്ത്രീ–ശിശു സൗഹൃദ പഞ്ചായത്തുകൾ, വിശേഷാൽ ഗ്രാമസഭകൾ (സ്ത്രീകൾ, കുട്ടികൾ, വിഭിന്ന ശേഷിയുള്ളവർ, മുതിർന്ന പൗരന്മാർ, പാർശ്വവൽകൃതർ, പോഷകാഹാരം, മാലിന്യ സംസ്കരണം എന്നിവയ്ക്കായി) ആശ്രയ പദ്ധതി തുടങ്ങിയവയിൽ നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ് കാര്യക്ഷമമായ പങ്ക് വഹിക്കാൻ കഴിയുക.**

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്ക് കഴിഞ്ഞ ഓരോ വർഷവും 1000 രൂപ നിരക്കിൽ ഹോണറേറിയം വർദ്ധിപ്പിച്ചുനൽകിയതും നേട്ടമായി കാണാം. നമ്മുടെ പഞ്ചായത്ത് രാജ് പ്രവർത്തനങ്ങൾ രണ്ട് വർഷവും ദേശീയ തലത്തിൽ പുരസ്കാരത്തിന് അർഹമായി. പാർശ്വവൽക്കൃതരെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ നടത്തിയ ശ്രമം സാമൂഹിക അസമത്വങ്ങൾ ലഘൂകരിക്കാൻ വേണ്ടിയുള്ളതായിരുന്നു. പഞ്ചായത്തുകൾക്ക് പഞ്ചവത്സര പദ്ധതി വിപ്ലവകരമായ തീരുമാനമായിരുന്നു. ഫണ്ട് ലാപ്സാകുന്നതും പദ്ധതി മുഴുമിപ്പിക്കാനാവാത്തതും ഒഴിവായി. പൊതുവേ 70%ൽ അധികം പദ്ധതിത്തുക 2012–13ൽ ചെലവഴിച്ചുകൊണ്ട് ഉറച്ച കാൽവയ്പ് നടത്താൻ കഴിഞ്ഞു. ഈ വർഷം പദ്ധതി നടത്തിപ്പ് കൂടുതൽ എളുപ്പമാകും. ഐ.കെ.എം ഇ–ഗവേർണൻസ് രംഗത്തും പദ്ധതി ക്രമീകരണത്തിലും വൻ മുന്നേറ്റം നടത്തി. പഞ്ചായത്തുകളിൽ നിന്ന് ലഭിക്കേണ്ട മിക്ക രേഖകളും ഐ.കെ.എം സോഫ്റ്റ്‌വെയറിലൂടെ ഓൺലൈനായി ലഭിക്കാനുള്ള ക്രമീകരണം മിക്കവാറും പൂർത്തിയായി.

നിർണ്ണായക പ്രാധാന്യമുള്ള മറ്റ് ചിലമേഖലകളിൽ കൂടി ഇനിമുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതായിട്ടുണ്ട്. സ്ത്രീ സുരക്ഷ, ജാഗ്രതാസമിതികൾ, സ്ത്രീ-ശിശു സൗഹൃദ പഞ്ചായത്തുകൾ, വിശേഷാൽ ഗ്രാമസഭകൾ (സ്ത്രീകൾ, കുട്ടികൾ, വിഭിന്ന ശേഷിയുള്ളവർ, മുതിർന്ന പൗരന്മാർ, പാർശ്വവൽകൃതർ, പോഷകാഹാരം, മാലിന്യ സംസ്കരണം എന്നിവയ്ക്കായി) ആശ്രയ പദ്ധതി തുടങ്ങിയവയിൽ നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ് കാര്യക്ഷമമായ പങ്ക് വഹിക്കാൻ കഴിയുക.

സുതാര്യത കാര്യക്ഷമത, വേഗത, ലക്ഷ്യം കൈവരിക്കൽ എന്നിവ നമ്മുടെ പഞ്ചായത്തുകളെ കൂടുതൽ ജനോന്മുഖവും സേവനോന്മുഖവും ആക്കി മാറ്റും. ഗവൺമെന്റ് ഇതിന് പ്രതിജ്ഞാബദ്ധമാണ്. ഇതിന്റെ ഭാഗമാണ് ഘട്ടം ഘട്ടമായി നമ്മുടെ പഞ്ചായത്തുകൾ എല്ലാം ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടണം എന്ന നിർദ്ദേശം. കഴിഞ്ഞ രണ്ട് വർഷത്തെ പ്രവർത്തനത്തിൽ എല്ലാ പിന്തുണയും നൽകിയ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപന സമിതി അംഗങ്ങളെയും ജീവനക്കാരെയും വകുപ്പിന്റെ ചുമതലയുള്ള മന്ത്രി എന്ന നിലയിൽ ഈ അവസരത്തിൽ പ്രത്യേകം സ്മരിക്കുകയും ഇനിയുള്ള പ്രവർത്തനങ്ങളിലും പൂർണ്ണ സഹകരണം പ്രതീക്ഷിക്കുകയും ചെയ്യുന്നു. മുന്നേറാം നമുക്ക് ഒത്തൊരുമിച്ച്. ■





# പഞ്ചായത്തു ദിനാഘോഷം– 2013 പകിട്ടാർന്ന പരിപാടികളോടെ സമാപിച്ചു

ഈ വർഷത്തെ പഞ്ചായത്തു ദിനാഘോഷം 2013 ഏപ്രിൽ 23,24 തീയതികളായ ചൊവ്വ, ബുധൻ ദിവസങ്ങളിൽ–കോഴിക്കോട് ബീച്ചിലെ ഗുജറാത്തി ഹാളിൽ വച്ച് നടന്നു. ഗ്രാമപഞ്ചായത്തു അസോസിയേഷൻ ജനറൽ സെക്രട്ടറി സൂപ്പി നരിക്കാട്ടേരിയുടെ സ്വാഗത പ്രഭാഷണത്തോടെ ചടങ്ങുകൾ ആരംഭിച്ചു.

ത്രിതല പഞ്ചായത്തു സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരേയും, ഉദ്യോഗസ്ഥരേയും കൊണ്ട് തിങ്ങി നിറഞ്ഞ സദസ്സിനെ സാക്ഷിയാക്കി പഞ്ചായത്തു വകുപ്പിനു പുതുജീവൻ നല്കി പഞ്ചായത്തുകളുടെ പ്രതീക്ഷയായി മാറിയ വകുപ്പു മന്ത്രി **ഡോ.എം.കെ മുനീർ** പഞ്ചായത്തു ദിനാഘോഷം 2013ന്റെ ഔപചാരികമായ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചതായി പ്രഖ്യാപിച്ചപ്പോൾ അതു ഒരു ചരിത്ര സംഭവമായിമാറി. മന്ത്രിയുടെ ഉദ്ഘാടന പ്രസംഗത്തിൽ നിന്ന്:

ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണ് എന്ന മഹാത്മാഗാന്ധിയുടെ വാക്കുകൾ യാഥാർത്ഥ്യമാക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ കൊണ്ട് കേരളം ബഹുദൂരം മുന്നേറിയിട്ടുണ്ട്. പഞ്ചായത്ത് രാജ് സംവിധാനത്തിൽ 50% സ്ത്രീ സംവരണം ഏർപ്പെടുത്തി ഇന്ത്യയ്ക്കു തന്നെ മാതൃകയാകാൻ കഴിഞ്ഞു. 12–ാം പഞ്ചവത്സര പദ്ധതിയിൽ കഴിഞ്ഞ ആദ്യ വർഷം പരീക്ഷണ കാലമായിരുന്നു. ധാരാളം സംശയങ്ങളും ആശങ്കകളും നമുക്കുണ്ടായി. പക്ഷെ അത്ഭുതമെന്ന് പറയട്ടെ പഞ്ചായത്തുകൾ വിജയകരമായി പദ്ധതി നിർവ്വഹണം നടത്തി. ഈ വർഷം പദ്ധതി നിർവ്വഹണത്തിന് പത്ത്മാസ സമയം ലഭിയ്ക്കും. എത്ര വർഷങ്ങൾക്കു ശേഷമാണ് ഇത്രയും കാലം ലഭിക്കുന്നത്. പ്രതിബന്ധങ്ങൾ



ഉണ്ടായിട്ടുണ്ട്. പക്ഷെ അവയെല്ലാം തരണം ചെയ്യാൻ നാം ശ്രമിച്ചിട്ടുണ്ട്. പഞ്ചായത്തു സെക്രട്ടറി തസ്തിക ഏകീകരണം, 400ലധികം അസി: എൻജിനീയർമാരുടെ നിയമനം, പഞ്ചായത്തു സെക്രട്ടറിമാർക്കും പ്രസിഡന്റുമാർക്കും സിം കാർഡ് നൽകൽ, മൂന്ന് പതിറ്റാണ്ടുകളിലധികമായി പരിഷ്കരിക്കാതെ കിടന്ന സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ച് കൊണ്ട് അസി: സെക്രട്ടറിമാരുടെയും ക്ലാർക്കുമാരുടെയും അടക്കം രണ്ടായിരത്തോളം അധികം തസ്തികകൾ സൃഷ്ടിക്കൽ, പഞ്ചായത്തുകൾക്ക് അഞ്ചു കമ്പ്യൂട്ടർ എന്ന നിബന്ധന മാറ്റി ആവശ്യത്തിനു കമ്പ്യൂട്ടറുകൾ വാങ്ങാനുള്ള യഥേഷ്ടാനുമതി തുടങ്ങി നിരവധി കാര്യങ്ങൾ പഞ്ചായത്തുകൾക്കു വേണ്ടി ചെയ്യാൻ കഴിഞ്ഞു. പഞ്ചായത്തു പ്രസിഡന്റുമാർക്കും, സെക്രട്ടറിമാർക്കും ലാപ്ടോപ്പ് നൽകാൻ തീരുമാനിച്ചു ഉത്തരവായിട്ടുണ്ട്. ജനന-മരണ സർട്ടിഫിക്കറ്റുകൾ വാങ്ങാൻ പഞ്ചായത്തു ആഫീസിൽ പോകാതെ സ്വന്തം വീട്ടിലിരുന്ന് ഡൗൺലോഡ് ചെയ്തെടുക്കാം ഇതൊക്കെ ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ സേവനോന്മുഖമാകാൻ സഹായിച്ചിട്ടുണ്ട്.

പഞ്ചായത്ത് രാജ് നിയമം നടപ്പിലാക്കിയതോടെ പാർശ്വവത്കരിക്കപ്പെട്ടവരുടെ നിരവധി പ്രശ്നങ്ങൾക്ക് പരിഹാരമായതായി മന്ത്രി പറഞ്ഞു. എന്നാൽ സ്ത്രീ സൗഹൃദ കാര്യങ്ങളിൽ നാം കേൾക്കുന്ന വാർത്തകൾ അത്ര മെച്ചപ്പെട്ടതല്ലെന്ന് പറഞ്ഞു. തദ്ദശ സ്ഥാപനങ്ങൾ ഇക്കാര്യത്തിൽ കൂടുതൽ ഇടപെടൽ നടത്തണമെന്നും സ്ത്രീ സംരക്ഷണവുമായി ബന്ധപ്പെട്ട എല്ലാകാര്യങ്ങളും തദ്ദേശ സ്ഥാപനങ്ങൾ ഏറ്റെടുക്കണം. എല്ലാ ഗ്രാമ പഞ്ചായത്തിലും ജാഗ്രതാ സമിതികൾ രൂപീകരിച്ച് പൂർണ്ണ അർത്ഥത്തിൽ പ്രവർത്തിക്കണം. സ്ത്രീകളുടെയും പാർശ്വവത്കരിക്കപ്പെട്ടവരുടെയും ഉന്നമനത്തിലൂടെ മാത്രമേ വികസനം പൂർണ്ണമാകുകയുള്ളൂ എന്ന് കൂടി മനസ്സിലാക്കണം.

റോഡും, പാലവും മാത്രമല്ല വികസനം പാർശ്വവത്കരിക്കപ്പെട്ടവരുടെ സന്തോഷവും-വികസനത്തിന്റെ ഭാഗമാണെന്ന് തിരിച്ചറിയണം. പോഷകാഹാരം – കുടിവെള്ളം തുടങ്ങി നിരവധി പ്രശ്നങ്ങൾ നിലവിലുണ്ട്. ഗ്രാമസഭകൾ അത് അർഹിക്കുന്ന ഗൗരവത്തോടെ എല്ലാ ഗ്രാമ പഞ്ചായത്തിലെയും കൃത്യമായ ഇടവേളകളിൽ ചേരണം. നാല് ഗ്രാമ സഭകൾ ചേരുമ്പോൾ അതിലൊന്ന് ആ പ്രദേശത്തെ ഒരു പ്രത്യേക പ്രശ്ന പരിഹാരത്തിനാവണം. മേയ് മാസം കഴിയുന്നതിനു മുമ്പ് തന്നെ പോഷകാഹാരവും വിതരണവുമായി ബന്ധപ്പെട്ട ഓരോ ഗ്രാമസഭകൾ എല്ലാ പഞ്ചായത്തുകളിലും വിളിച്ചു





ചേർക്കണം. പോഷകാഹാര കുറവ് മൂലം അട്ടപ്പാടിയിൽ ശിശുമരണമുണ്ടായ സാഹചര്യത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും ഈ വിഷയത്തിൽ ഗൗരവമായ സമീപനം സ്വീകരിക്കണം. ആശ്രയ പദ്ധതി ഭൂരിഭാഗം പഞ്ചായത്തുകളും നടപ്പിലാക്കുന്നുണ്ട്. ചില ഗ്രാമ പഞ്ചായത്തുകൾ ഈ പദ്ധതി നടത്തിപ്പിൽ വേണ്ടത്ര ശ്രദ്ധ നൽകുന്നില്ല. ഇത്തരം ഗ്രാമ പഞ്ചായത്തുകൾക്ക് ശക്തമായ ഭാഷയിൽ താക്കീതു നൽകുന്നതായി മന്ത്രി പറഞ്ഞു. പഞ്ചായത്തു അംഗങ്ങളുടെ ഹോണറേറിയം ഈ സർക്കാർ രണ്ടു തവണ വർദ്ധിപ്പിച്ചതായി ഓർമ്മിപ്പിച്ച മന്ത്രി ഇതു സംബന്ധമായി പഞ്ചായത്തു അംഗങ്ങളുടെ ശുപാർശ വീണ്ടും പരിഗണിക്കാൻ വേണ്ടി പ്രൊപ്പോസൽ സമർപ്പിക്കാൻ ആവശ്യപ്പെട്ടു. മികച്ച പ്രവർത്തനങ്ങൾ കാഴ്ച വെച്ചതിന്റെ അടിസ്ഥാനത്തിൽ സ്വരാജ് ട്രോഫി, മഹാത്മാഗാന്ധി പുരസ്കാരം എന്നിവ നേടിയ തദ്ദേശ സ്ഥാപനങ്ങളെ അഭിനന്ദിക്കുന്നതായി മന്ത്രി പറഞ്ഞു. അതോടൊപ്പം മികച്ച പ്രവർത്തനം കാഴ്ച വെച്ച തദ്ദേശ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്ക് പ്രശംസാപത്രം നൽകുന്നതാണെന്നും മന്ത്രി പ്രഖ്യാപിച്ചു.

മന്ത്രിയുടെ ഉദ്ഘാടന പ്രസംഗത്തിനു ശേഷം ആശംസകൾ നേർന്നു കൊണ്ട് എം.എൽ.എമാരായ എ. പ്രദീപ് കുമാർ, വി.എം. ഉമ്മൻ മാസ്റ്റർ, പുരുഷൻ കടലുണ്ടി, എ.കെ. ശശീന്ദ്രൻ, ഇ.കെ. വിജയൻ, ജില്ലാ പഞ്ചായത്തു പ്രസിഡന്റ് കാനത്തിൽ ജമീല, ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് പി.റ്റി മാത്യു, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചേംബർ സെക്രട്ടറി സുഹ്റ മമ്പാട് തുടങ്ങിയവർ സംസാരിച്ചു.

കേന്ദ്ര സർക്കാരിന്റെ പഞ്ചായത്ത് എംപവർമെന്റ് & അക്കൗണ്ടബിലിറ്റി ഇൻസെന്റീവ് സ്കീം പ്രകാരം അവാർഡിനർഹരായ തദ്ദേശ സ്ഥാപനങ്ങൾക്കുള്ള അവാർഡു തുകകൾ മന്ത്രി വിതരണം ചെയ്തു. ആലപ്പുഴ പഞ്ചായത്തു ഡെപ്പ്യൂട്ടി ഡയറക്ടർ ആഫീസിനു ലഭിച്ച ISO സർട്ടിഫിക്കറ്റ് വേദിയിൽ വച്ച് മന്ത്രി പഞ്ചായത്തു ഡയറക്ടർക്ക് നൽകി. തുടർന്നു പഞ്ചായത്തു രാജ്





മാസികയുടെ പ്രത്യേക പതിപ്പ് - ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റിന് നൽകി പ്രകാശനം ചെയ്തു.

ആദരണീയായ മേയർ എ.കെ.പ്രേമജം അദ്ധ്യക്ഷ പ്രസംഗം നടത്തി. പഞ്ചായത്തു ഡയറക്ടർ എസ്. ലളിതാംബിക ഐഎഎസ് കൃതജ്ഞത പറഞ്ഞു.

## സെമിനാർ

പഞ്ചായത്തു ദിനാഘോഷത്തിന്റെ ഭാഗമായി 23-ാം തീയതി ഉച്ചയ്ക്ക് 2 മണിക്ക് "കേന്ദ്രാവിഷ്കൃത പദ്ധതികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും" എന്ന വിഷയത്തിൽ സെമിനാർ നടന്നു. സെമിനാർ സെഷന് അദ്ധ്യക്ഷം വഹിച്ചത് കേരള ഗ്രാമ പഞ്ചായത്തു അസോസിയേഷൻ വൈസ് പ്രസിഡന്റ് പന്തളം പ്രതാപനായിരുന്നു. ലോക്കൽ ഗവ: കമ്മീഷൻ ചെയർമാനും മുൻ പഞ്ചായത്തു വകുപ്പു മന്ത്രിയുമായ കുട്ടി അഹമ്മദ് കുട്ടി ഉദ്ഘാടനം നിർവ്വഹിച്ചു. സ്വാഗതം ആശംസിച്ചത് ഗ്രാമ പഞ്ചായത്തു അസോസിയേഷൻ സംസ്ഥാന സെക്രട്ടറി എം.നസീർ ആയിരുന്നു. സെമിനാറിന്റെ മോഡറേറ്റർ ഗ്രാമ പഞ്ചായത്തു അസോസിയേഷന്റെ സംസ്ഥാന പ്രസിഡന്റ് പി.ടി മാത്യുവും വിഷയാവതരണം കില ഡയറക്ടർ ഡോ. പി. പി.ബാലനുമായിരുന്നു.

ജനകീയ പദ്ധതിയായ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങളിൽ അടുത്ത സമയത്തു വരുത്തിയ മാറ്റങ്ങൾ ആശങ്കയോടു കൂടി മാത്രമെ കാണാൻ കഴിയുകയുള്ളൂ എന്ന് തന്റെ ഉദ്ഘാടന പ്രസംഗത്തിൽ കുട്ടി അഹമ്മദ് കുട്ടി അഭിപ്രായപ്പെട്ടു. അതുപോലെ എസ്എസ്എ, എൻ.ആർ.എച്ച്.എം തുടങ്ങി പദ്ധതികളുടെ സ്റ്റേറ്റുവിഹിതം പഞ്ചായത്തിൽ നിന്നും അടയ്ക്കേണ്ടി വരുന്നു. എന്നാൽ പദ്ധതി ആസൂത്രണത്തിൽ പഞ്ചായത്തുകൾക്ക് പങ്കില്ല. ഇതും മാറ്റപ്പെടേണ്ടതായിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

തുടർന്ന് വിഷയാവതരണം നടത്തിയ ഡോ. പി.പി ബാലൻ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഓരോന്നും വിശദമായി പ്രതിപാദിച്ചുകൊണ്ട് അവതരണം നടത്തി. കേന്ദ്രാവിഷ്കൃത പദ്ധതികളെ സംബന്ധിച്ച് വ്യക്തമായ അറിവ് നമുക്കുണ്ടാകേണ്ടിയിരിക്കുന്നു. സാമൂഹ്യനീതി ഉറപ്പാക്കി സാമ്പത്തിക സ്വാശ്രയത്വം ഉണ്ടാക്കുകയാണ് പദ്ധതികളുടെ ലക്ഷ്യം.

കേന്ദ്ര പദ്ധതികളെ നാലായി തിരിക്കാം:-

1.കേന്ദ്ര ഗവൺമെന്റ് നേരിട്ട് നടത്തുന്ന വ: ഉദാ:ടെലിഫോൺ, തപാൽ തുടങ്ങിയവ

2. സംസ്ഥാന സർക്കാർ വഴി നടപ്പിലാക്കുന്നവ: ഉദാ: എസ്.എസ്.എ, എൻ.ആർ. എച്ച്.എം തുടങ്ങിയവ

3. സർക്കാർ ഇതര സംഘടനകൾ വഴി നടപ്പിലാക്കുന്നവ: ഉദാ: വൃദ്ധസദനം, അനാഥ/അഗതി മന്ദിരം, ഭവന നിർമ്മാണം, തുടങ്ങിയവ

4. പഞ്ചായത്തുകൾ വഴി നടപ്പിലാക്കുന്നവ: ഉദാ: ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ഐഎവൈ, ശുചിത്വ പരിപാടികൾ, പെൻഷൻ വിതരണം തുടങ്ങിയവ

200ലധികം പദ്ധതികൾ കേന്ദ്ര സർക്കാരിന്റേതായിട്ട് രാജ്യത്ത് നടപ്പിലാക്കി വരുന്നു. രാജ്യത്തെ മൊത്തത്തിൽ കണ്ട് കൊണ്ട് തയ്യാറാക്കുന്ന പദ്ധതികളായതിനാൽ പലപ്പോഴും നിർവ്വഹണ ഘട്ടത്തിൽ പ്രാദേശികമായ പ്രശ്നങ്ങൾ ഉണ്ടാകുന്നു. പലപ്പോഴും അത്തരം പദ്ധതികളുടെ ആസൂത്രണത്തിൽ പഞ്ചായത്തുകൾക്ക് പങ്കുണ്ടാവുന്നില്ല. ആയതിനാൽ ഉദ്ദേശിച്ച രീതിയിൽ ഫലപ്രാപ്തിയിൽ എത്തിക്കാൻ കഴിയുന്നില്ല. ഇതിനു പരിഹാരമായി പദ്ധതിയിൽ മാറ്റം വരുത്താൻ പഞ്ചായത്തുകൾക്ക് അധികാരം വേണം.

വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃതപദ്ധതികൾ തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതികളുമായി സംയോജിപ്പിച്ച് പഞ്ചായത്തിന്റെ രേഖയിൽ ഉൾപ്പെടുത്തി നടപ്പിലാക്കണം. അവസാനമായി പഞ്ചായത്തുകൾക്ക് റവന്യൂ, നീതിന്യായം, ക്രമസമാധാന പാലനം എന്നീ മേഖലയിൽ അധികാരം ലഭിക്കേണ്ടതായിട്ടുണ്ട്. ചുരുക്കത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കുറവ് വരുത്തി തദ്ദേശാവിഷ്കൃത പദ്ധതികൾ കൂടുതൽ ഉണ്ടാകേണ്ടിയിരിക്കുന്നു എന്നു പറഞ്ഞു കൊണ്ട് വിഷയാവതരണം പൂർത്തീകരിച്ചു. തുടർ ചർച്ചയിൽ പങ്കെടുത്ത് കിലയിലെ അസി:പ്രൊ: ജെ.ബി രാജനും, കോഴിക്കോട് അസി: ഡവലപ്പ്മെന്റ് കമ്മീഷണർ പി. രവീന്ദ്രനും, കേരളാ ഗ്രാമപഞ്ചായത്തു അസോസിയേഷൻ വൈസ് പ്രസിഡന്റ് സി.പി റസാഖ് എന്നിവർ സംസാരിച്ചു. എം.പി സ്നേഹജൻ (കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ വൈ.പ്രസിഡന്റ്) കൃതജ്ഞത രേഖപ്പെടുത്തിയ സെമിനാറിന്റെ മോഡറേറ്ററായിരുന്ന ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് പി.റ്റി. മാത്യു. ജനപ്രതിനിധികളുടെ അഭിപ്രായങ്ങൾക്കും മറ്റും മറുപടി നല്കി സെമിനാർ സെഷൻ വിജയകരമാക്കി. വൈകുന്നേരം വിവിധ കലാപരിപാടികൾ സ്റ്റേജിൽ അരങ്ങേറി.

**രണ്ടാം ദിവസം (24.4.2013 ബുധൻ)** രാവിലെ 10 മണി മുതൽ സംവാദവും - സമാപന സമ്മേളനവും നടന്നു. ആദ്യമായി "പ്രാദേശിക സർക്കാരുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും " എന്ന വിഷയത്തെ ആസ്പദമാക്കി സംവാദം നടന്നു. ഇതിൽ മുഖ്യാതിഥയായി പങ്കെടുത്ത പ്രൊഫ.സി.രവീന്ദ്രൻ എം.എൽ.എ, പ്രാദേശിക സർക്കാരുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും പരിഹാരമാർഗ്ഗങ്ങളെക്കുറിച്ചും അക്കമിട്ട് വിവരിച്ചു.

അധികാര വികേന്ദ്രീകരണത്തിന്റെ ലക്ഷ്യം സ്വാശ്രയത്വമാണ്. എന്നാൽ എന്താണ് സ്വാശ്രയത്വം - ഒരു രാജ്യത്തിന്റെ ആഭ്യന്തര കമ്പോളത്തേയും വിഭവങ്ങളേയും പരമാവധി ആശ്രയിച്ചുകൊണ്ട് ആ രാജ്യത്തിന്റെ Micro (ചെറുകിട) Macro (വൻകിട) എക്കണോമിക് സ്റ്റേറ്റുകളെ പരസ്പരപൂരകമാക്കി നിർത്തി സമ്പദ്വ്യവസ്ഥയുടെ സ്ഥായിയായ വളർച്ച ഉണ്ടാക്കുന്നതിനാണ് സ്വാശ്രയത്വം എന്നു പറയുന്നത്. ഇതിൽ തദ്ദേശ സ്ഥാപനങ്ങൾക്കുള്ള പങ്ക് എന്താണ്. Micro എക്കണോമിക് സ്റ്റേറ്റ് വികസിപ്പിച്ച് Macro എക്കണോമിക് സ്റ്റേറ്റുമായി ബന്ധപ്പെടുത്താൻ ശ്രമിക്കുക എന്നുള്ളതു മാത്രമാണ്.

73-ാം ഭരണഘടന ഭേദഗതിയിലൂടെ പഞ്ചായത്തുകൾക്ക് ഭരണഘടനാപദവി ലഭ്യമായതിനെ തുടർന്ന് നാല് മേഖലകളിൽ കേരളത്തിലെ തദ്ദേശസ്ഥാപനങ്ങൾക്ക് അധികാരം ലഭിച്ചു.

1. 73-ാം ഭരണഘടന ഭേദഗതിമൂലം ലഭിച്ച രാഷ്ട്രീയാധികാര വികേന്ദ്രീകരണം (Political de centralisation)
2. ആസൂത്രണ പ്രക്രിയയുടെ വികേന്ദ്രീകരണം.
3. സാമ്പത്തിക വികേന്ദ്രീകരണം.
4. ഭരണപരമായ വികേന്ദ്രീകരണം.

മറ്റ് സ്റ്റേറ്റുകളിൽ ഇതിൽ ഒന്നാമത്തേത് മാത്രമാണ് നടന്നത്. പക്ഷെ അനുഭവത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ തദ്ദേശസ്ഥാപനങ്ങൾക്ക് ഈ നാല് മേഖലകളിലുള്ള അധികാരം പോരാ രണ്ട് മേഖലകളിൽ കൂടി അധികാരം വേണം. അതിൽ ഒന്നാമത്തേത് ഉദ്ഗ്രഥനം (Integration Fund):- ഒരു പഞ്ചായത്തിനു ശരാശരി ഒരു കോടി രൂപ പ്ലാൻഫണ്ടിനത്തിൽ ലഭിക്കുമ്പോൾ ഒരു ബ്ലോക്കിൽ ലഭിക്കുന്ന എല്ലാ ഫണ്ടുകളും കൂട്ടി പഞ്ചായത്തുകൾക്ക് മാറ്റിവയ്ക്കുമ്പോൾ ഒരു കോടിയുടെ സ്ഥാനത്ത് 4 -ഠ 5-ഠ കോടി രൂപയ്ക്കുള്ള പദ്ധതികൾ നടപ്പിലാക്കാൻ കഴിയുന്നു. ഇതിനു പ്രാദേശിക ആസൂത്രണം പൂർണ്ണമായും ഉണ്ടാവണം. ഇതു Intergrate ചെയ്യാൻ പഞ്ചായത്തിനു മാത്രം കഴിയില്ല. Block, ജില്ലാ, MP, MLA എന്നിവരുടെ കൂട്ടായ സഹകരണ ഉണ്ടെങ്കിൽ മാത്രമേ കഴിയൂ. പഞ്ചായത്തുകൾക്ക് വ്യക്തമായ പ്ലാൻ വേണം. പ്ലാൻ എന്നാൽ പരിപാടികളുടെ കൂമ്പാരമല്ല എന്നു മനസ്സിലാക്കണം. എല്ലാ പഞ്ചായത്തിനും Master Plan വേണം. പക്ഷെ പഞ്ചായത്തുകൾക്കു മാത്രമായി അതു ചെയ്യാൻ കഴിയണമെന്നില്ല. കക്ഷിരാഷ്ട്രീയത്തിനതീതമായി എല്ലാ ഘടകങ്ങളെയും യോജിപ്പിച്ചുകൊണ്ട് പുതിയ വികസന സങ്കല്പം ഉണ്ടാകേണ്ടിയിരിക്കുന്നു എന്ന് അഭിപ്രായപ്പെട്ടുകൊണ്ട് എം.എൽ.എ തന്റെ പ്രസംഗം അവസാനിപ്പിച്ചു.

സംവാദത്തിൽ പങ്കെടുത്തുകൊണ്ട് മുൻ പഞ്ചായത്തുവകുപ്പ് മന്ത്രി പി.കെ.കെ ബാവ ഇങ്ങനെ അഭിപ്രായപ്പെട്ടു. പഞ്ചായത്തുദിനാഘോഷങ്ങൾ ഗ്രാമങ്ങളിലേക്ക് മാറേണ്ടതുണ്ട് എങ്കിൽ മാത്രമേ ഗ്രാമാന്തരീക്ഷം സംജാതമാകൂ. കില ഡയറക്ടർ ഡോ.പി.പി.ബാലൻ മോഡറേറ്ററായിരുന്ന പ്രസ്തുത സംവാദത്തിൽ പങ്കെടുത്ത് പഞ്ചായത്തുഡയറക്ടർ എസ്.ലളിതാംബിക ഐ.എ.എസ്,കെ.യു.ആർ.ഡി.എഫ്.സി. ചെയർമാൻ കെ.മൊയ്തീൻകോയ, ശുചിത്വമിഷൻ എക്സി.ഡയറക്ടർ എം. ദിലീപ്കുമാർ എന്നിവർ സംസാരിച്ചു.

*ശേഷം 38-ാം പേജിൽ*





ധനഞ്ജയ് മൊഹന്തി

# എൻ.സി.സി: ഭാവി നേതാക്കന്മാരെ വാർത്തെടുക്കുന്നു

നാഷണൽ കേഡറ്റ് കോർ (എൻ.സി.സി)യുടെ സ്ഥാപനം 1948 ജൂലൈ 16–ന് ഒരു പാർലമെന്റ് നിയമം വഴിയായിരുന്നു. ഇന്ത്യയിലെ വിദ്യാർത്ഥി സമൂഹത്തിന് ലഭിച്ച ഏറ്റവും നല്ല സമ്മാനമായി അതുമാറി. 1948 -ലെ കശ്മീർ യുദ്ധത്തിൽ നിന്ന് നാം പഠിച്ച പാഠം സ്വാതന്ത്ര്യം സംരക്ഷിക്കാൻ സുസജ്ജവും ശക്തവുമായ ഒരു സൈന്യനിര ആവശ്യമാണ് എന്നതായിരുന്നു. ഉടനടി ഇതേക്കുറിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ കുൻസ്റു കമ്മിറ്റിയെ ചുമതലപ്പെടുത്തി. ഈ കമ്മിറ്റിയുടെ ശുപാർശ പ്രകാരം ഒരു കരടു ബിൽ തയ്യാറാക്കി 1948 മാർച്ച് 13–ന് ഭരണഘടനാ കമ്മിറ്റിയുടെ അംഗീകാരത്തിനു സമർപ്പിച്ചു. വിശദമായ ചർച്ചകൾക്കും കൂട്ടിച്ചേർക്കലുകൾക്കും ശേഷം 1948 ഏപ്രിൽ 8–ന് ബിൽ അസംബ്ലിയിൽ പാസ്സാക്കി. കേഡറ്റ് കോർ രൂപീകരിക്കണമെന്ന പ്രാദേശിക സർക്കാരിന്റെ അഭിപ്രായം കേന്ദ്രസർക്കാർ അംഗീകരിച്ചു. പിന്നീട് കുൻസ്റു കമ്മിറ്റിയുടെ ശുപാർശ പ്രകാരം ഇതിന്റെ പേര് നാഷണൽ കേഡറ്റ് കോർ എന്നാക്കിമാറ്റി. 1948 ഏപ്രിൽ 16–ന് ഗവർണ്ണർ ജനറലിന്റെ അംഗീകാരം നേടി എൻ.സി.സി. പ്രവർത്തനമാരംഭിച്ചു.

**പരിണാമവും വളർച്ചയും**

വർഷങ്ങളിലൂടെയാണ് ഇന്നു നാം കാണുന്ന എൻ.സി.സി രൂപമെടുത്തത്. തുടക്കത്തിൽ എൻ.സി.സി. റൈഫിൾസ് ഒരു ഇൻഫന്ട്രി ബറ്റാലിയനായിരുന്നു എങ്കിലും പിന്നീട് സാധാരണ യൂണിറ്റുകളുമായി അതിനെ യോജിപ്പിച്ചു. ചൈനീസ് ആക്രമണത്തിന് ശേഷം 1963–ൽ എല്ലാ വിദ്യാർത്ഥികൾക്കും എൻ.സി.സി നിർബ്ബന്ധിതമാക്കി. അതോടെ എൻ.സി.സി.യുടെ കേഡറ്റുകളുടെ എണ്ണം 17.16 ദശലക്ഷമായി ഉയർന്നു. ഇത്രയേറെ ആളുകളെ ഫലപ്രദമായി പരിശീലിപ്പിക്കാനും നിലനിർത്താനും ആവില്ലെന്ന് മനസ്സിലാക്കിയപ്പോൾ ഇഷ്ടമുള്ളവർ മാത്രം എൻ.സി.സി.യിൽ ചേർന്നാൽ മതിയെന്ന നിലപാടെടുത്തു. 1969 മുതൽ ഇന്നേവരെയും ആ രീതി തുടർന്നുവരുന്നു.

എൻ.സി.സി ഒരു ത്രിതല സേവനസംഘടനയാണ്. സൈന്യത്തിലെ ലഫ്റ്റനന്റ് ജനറലിന്റെ പദവിയിലുള്ള ഒരാളാണ് എൻ.സി.സി.യുടെ ഡയറക്ടർ ജനറൽ. എൻ.സി.സി. യൂണിറ്റുകളുടെ നിയന്ത്രണത്തിനും പരിശീലനത്തിനും ഭരണത്തിനുമായി 17 പ്രാദേശിക ഡയറക്ടറേറ്റുകൾ ഉണ്ട്. ഇവയോരോന്നിന്റെയും തലപ്പത്ത് നേവിയിലെയോ എയർഫോഴ്സിലെയോ മേജർ ജനറലിനോ ബ്രിഗേഡിയർക്കോ തുല്യമായ പദവിയിലുള്ള ഒരു

അഡീഷണൽ ഡയറക്ടർ ഉണ്ടായിരിക്കും. നിലവിൽ രാജ്യത്തൊട്ടാകെ 96 എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സുകളും 800 യൂണിറ്റുകളുമുണ്ട്. രാജ്യത്തെ 633 ജില്ലകളിൽ എൻ.സി.സി.യുടെ കവറേജ് ഉണ്ട്.

ഇന്ന് ഇന്ത്യയിലെ എൻ.സി.സി. ലോകത്തിലെ തന്നെ ഏറ്റവും വലിയ സന്നദ്ധസംഘടനയാണ്. 13.4 ലക്ഷമാണ് എൻ.സി.സി.യുടെ അംഗബലം. 2015 ആവുമ്പോഴേക്കും അംഗസംഖ്യ 15 ലക്ഷത്തിലെത്തിക്കണമെന്നാണ് സർക്കാർ ഉത്തരവ്. നിരവധി രാഷ്ട്രങ്ങൾ ഇൻഡ്യൻ മാതൃകയിൽ യുവജനസേനാനിര രൂപപ്പെടുത്തിയിട്ടുണ്ട്. യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാമിലൂടെ മിക്കപ്പോഴും കേഡറ്റുകളെ പരസ്പരം കൈമാറാറുമുണ്ട്. റിപ്പബ്ലിക്ക് ദിനത്തിൽ രാജ്പഥിൽ രാഷ്ട്രത്തലവന് അഭിവാദ്യമർപ്പിച്ചു മാർച്ച് പാസ്റ്റ് ചെയ്യുന്ന എൻ.സി.സി. കേഡറ്റുകളെ കാണുന്ന ഓരോ ഇന്ത്യാക്കാരന്റെയും മനസ്സിൽ സന്തോഷവും അഭിമാനവുമുണ്ടാവും. ഒപ്പം രാജ്യത്തിന്റെ ശോഭനമായ ഭാവി കൂടുതൽ ഉറപ്പാക്കാനും സാധിക്കുന്നു.

**എൻ.സി.സി. മുദ്രാവാക്യം – ഐക്യവും അച്ചടക്കവും**

കുട്ടികളെ അവരുടെ ചെറുപ്രായത്തിൽ തന്നെ വിദഗ്ധ പരിശീലനം കൊടുത്ത് സമൂഹത്തിന് ഉപകരിക്കുന്നവരാക്കി മാറ്റാം. അവരുടെ സ്വഭാവ രൂപവൽക്കരണം തുടങ്ങിവരുന്ന ഘട്ടത്തിൽ തന്നെ അവരെ എൻ.സി.സിയിൽ ചേർത്താൽ ഇത് സാധിക്കും. കുട്ടികളുടെ അധികോർജ്ജത്തെ ക്രിയാത്മകമായ പാതയിലേക്കും മൂല്യങ്ങളിലേക്കും മനുഷ്യത്വത്തിലേക്കും വഴിതിരിച്ചു വിടാൻ എൻ.സി.സി. പരിശീലനം ഉപയുക്തമാണ്.

യുവാക്കളെ കരുത്തുറ്റ നേതാക്കളും, ദേശസ്നേഹമുള്ള പൗരന്മാരും, സൈന്യത്തിൽ സേവനമനുഷ്ഠിക്കാൻ സന്നദ്ധതയുള്ളവരുമാക്കി മാറ്റുക എന്നതാണ് എൻ.സി.സി.യുടെ ഇപ്പോഴത്തെ ലക്ഷ്യങ്ങൾ. ഇതിനായി എൻ.സി.സി.യെ 4 വിശാല ഘടകങ്ങളായി തിരിച്ചിരിക്കുന്നു: (1) ഇൻസ്റ്റിറ്റ്യൂഷണൽ ട്രെയിനിംഗ് (2) സാമൂഹ്യ സേവനം (3) കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് പരിപാടികൾ (4) യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം, എന്നിവയാണവ.

**പരിശീലന ഘട്ടങ്ങൾ:** സ്കൂൾ, കോളേജ് തലങ്ങളിലാണ് ഇൻസ്റ്റിറ്റ്യൂഷണൽ ട്രെയിനിംഗ് നൽകി വരുന്നത്. മൂന്നാം സൈന്യവിഭാഗങ്ങളിലെയും ഓഫീസർമാർ കുട്ടികളെ പരിശീലിപ്പിക്കുന്നു.

ക്യാമ്പ് ട്രെയിനിംഗിൽ കേഡറ്റ്സ് സൈനിക റെജിമെന്റിന്റെ രീതിയിൽ പരിശീലിപ്പിക്കുന്നു. ഇവർക്കായി വാർഷിക ട്രെയിനിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. ഒപ്പം ദേശീയ തലത്തിലും നിരവധി ക്യാമ്പുകളിലൂടെ പരിശീലനം നൽകുന്നു. ഇത് അവരുടെ ടീം സ്പിരിറ്റും നേതൃത്വഗുണവും വർദ്ധിപ്പിക്കുന്നു.

**സാമൂഹ്യസേവനവും കൂട്ടായ്മ മെച്ചപ്പെടുത്തലും:** പ്രായപൂർത്തിയായവരുടെ വിദ്യാഭ്യാസം, പോളിയോ വിരുദ്ധ പ്രവർത്തനം, ഗ്രാമീണ വികസനം, എയ്ഡ്സ് ബോധവൽക്കരണം തുടങ്ങിയവയിലൂടെ കേഡറ്റുകളുടെ സാമൂഹ്യ പ്രതിബദ്ധത വളർത്തി അവരെ രാഷ്ട്ര നിർമ്മാണത്തിൽ പങ്കാളികളാക്കുന്നു.

**യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം:** തെരഞ്ഞെടുക്കപ്പെട്ട കേഡറ്റുകൾക്ക് ഇന്ത്യയുടെ ബ്രാന്റ് അംബാസിഡറായി മറ്റ് രാജ്യങ്ങളുടെ സർക്കാർ അതിഥികളായി അതത് രാജ്യങ്ങൾ സന്ദർശിക്കാൻ അവസരം ലഭിക്കുന്നു.

**സാഹസികതയിലൂന്നിയ പരിശീലനം:** കേഡറ്റുകളുടെ ജീവിതശൈലിയും നേതൃത്വഗുണവും മെച്ചപ്പെടുത്താനുതകുന്ന സാഹസിക പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു. ഉദാ: മലകയറ്റം, പാരാസെയിലിംഗും, ചാട്ടവും.

**സ്പോർട്സ്:** സുബ്രതോ കപ്പ് ഫുട്ബോൾ, നെഹ്റുകപ്പ് ഹോക്കി, ദേശീയ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പ് മുതലായവയിൽ കേഡറ്റുകളെ പങ്കെടുപ്പിക്കുന്നു.

**വ്യക്തിത്വ വികസനം:** ജീവിതത്തിന്റെ എല്ലാ മേഖലകളിലും വിജയം കൈവരിക്കാൻ കേഡറ്റുകളെ പ്രാപ്തരാക്കുന്നു.

*ശേഷം 18-ാം പേജിൽ*


**രാഷ്ട്രത്തിന് മികച്ച സംഭാവന നൽകുന്ന; രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും കാത്തു സൂക്ഷിക്കാൻ പ്രതിബദ്ധതയുള്ള ഒരു കൂട്ടം മികച്ച രാജ്യസേവകരായ ഉദ്യോഗസ്ഥരെ സൃഷ്ടിക്കാൻ എൻ.സി.സി.ക്ക് സാധിച്ചു.**



കെ. വിനോദ് കുമാർ



# വികേന്ദ്രീകൃത മാലിന്യ സംസ്കരണം



കേരളം നേരിട്ടുകൊണ്ടിരിക്കുന്ന വലിയ വെല്ലുവിളികളിലൊന്നാണ് അശാസ്ത്രീയമായ മാലിന്യ നിക്ഷേപവും അതുണ്ടാക്കുന്ന പ്രശ്നങ്ങളും. വർദ്ധിച്ചു വരുന്ന ഉപഭോഗ സംസ്കാരം, ഭൂവിസ്തൃതിയുടെ പരിമിതി, ശാസ്ത്രീയ മാലിന്യ സംസ്കരണ രീതികളുടെ അഭാവം തുടങ്ങി കേരളത്തിന്റേതു മാത്രമല്ലാത്ത നിരവധി കാരണങ്ങൾ പ്രശ്നപരിഹാരത്തെ തടസ്സപ്പെടുത്തുന്നുണ്ട്. മണ്ണിനെയും ജലസ്രോതസ്സുകളെയും പരിശുദ്ധമായി കണ്ടിരുന്ന ശീലങ്ങളിൽ നിന്നും കഴിഞ്ഞ കുറച്ച് വർഷങ്ങളിലായി ജീവിത ശൈലിയിലും മനോഭാവത്തിലും ശീലങ്ങളിലും ഉണ്ടായ മാറ്റമാണ് വിഷയത്തെ കൂടുതൽ തീവ്രമാക്കുന്നത്.

**പ്രശ്നം**

വിവിധ പ്രവർത്തനങ്ങളിൽ വിവിധ കാരണങ്ങളാൽ ബാക്കിയാകുന്നവ വലിച്ചെറിയപ്പെടുന്നതുകൊണ്ടും പുനരുപയോഗിക്കപ്പെടാത്തതുകൊണ്ടും ഉപേക്ഷിക്കപ്പെടുന്നതുകൊണ്ടുമാണ് മാലിന്യമുണ്ടാകുന്നത്. ഏതൊരു വസ്തുവും അതിന്റെ ശരിയായ സ്ഥാനത്തല്ലാതെ നിക്ഷേപിക്കപ്പെടുമ്പോൾ അത് ചുറ്റുപാടുകൾക്ക് മാലിന്യമാവുകയും പരിസ്ഥിതി സന്തുലനാവസ്ഥയെ താളംതെറ്റിക്കുകയും ചെയ്യുന്നു. ഖര-ദ്രവ-വാതക രൂപത്തിലുള്ള മാലിന്യങ്ങളെ നാം തരംതിരിക്കുന്നത് അതിന്റെ സ്രോതസ്സിനെയും സ്വഭാവത്തിനെയും അടിസ്ഥാനമാക്കിയാണ്. സ്രോതസ്സിനെ അടിസ്ഥാനമാക്കി വ്യാവസായിക-ഗൃഹ-കാർഷിക മാലിന്യങ്ങൾ, ആശുപത്രി-നിർമാണ-വാണിജ്യ-ഉപഭോക്തൃ മാലിന്യങ്ങൾ, ഇലക്ട്രോണിക്-ആണവ മാലിന്യങ്ങൾ എന്നിങ്ങനെയും സ്വഭാവ

**പ്രാദേശികതലത്തിൽ സംസ്കരിക്കാനാവാത്തവയാണ് ഇലക്ട്രോണിക് മാലിന്യങ്ങൾ. കമ്പ്യൂട്ടറുടെഭാഗങ്ങൾ, ലെഡ് അടങ്ങിയ മദർ ബോർഡുകൾ, വാച്ചുകളിലും ടോർച്ചുകളിലും മറ്റും ഉപയോഗിക്കുന്ന ലിഥീയം നിക്കൽ ബാറ്ററികൾ, സി.എഫ്. എൽ ഉപകരണങ്ങൾ എന്നിവ മറ്റനേകം ഗുണങ്ങൾ നൽകുമ്പോഴും ഉപയോഗശേഷം ഇവ മണ്ണിലേക്ക് വലിച്ചെറിയുന്നത് മണ്ണും, വെള്ളവും, വായും പരിഹാരമില്ലാത്തവിധം വിഷമയമാകുന്നതിന് കാരണമാകുന്നു. മനുഷ്യനടക്കമുള്ള എല്ലാ ജീവജാലങ്ങളെയും നശിപ്പിക്കുന്നതിനുള്ള ശേഷി ഈ നിശബ്ദ മാലിന്യങ്ങൾക്കുണ്ട്. മണ്ണിലേക്ക് വിടാതിരിക്കുക എന്നതുമാത്രമാണ് ഇതിനുള്ള പരിഹാരം.**

ത്തെ അടിസ്ഥാനമാക്കി ജൈവ-അജൈവ, സംസ്കരിക്കാൻ പറ്റുന്നതും പറ്റാത്തതുമായവ, പുനരുപയോഗ സാധ്യമായതും അല്ലാത്തവയും നിഷ്ക്രിയമായതും അപകടകരമായതും എന്നിങ്ങനെയും തരംതിരിക്കാം. പച്ചക്കറി, ഭക്ഷണാവശിഷ്ടങ്ങൾ തുടങ്ങിയവ ബാക്ടീരിയകളുടെ പ്രവർത്തനം മുഖേന ജീർണ്ണനം സംഭവിക്കുന്ന ജൈവമാലിന്യങ്ങളാണ്. കടലാസ്, ചിലതരം പ്ലാസ്റ്റിക്, തുണി, കാർഡ്ബോർഡ്, ഇരുമ്പ് ചെമ്പ് മുതലായ ലോഹകഷ്ണങ്ങൾ, നിർമാണ മേഖലാവശിഷ്ടങ്ങൾ എന്നിവ പുനചംക്രമണത്തിന് വിധേയമാക്കാനാകും. കല്ല്, തടി മുതലായവ നിഷ്ക്രിയ അവശിഷ്ടങ്ങൾ മണ്ണിനോട് ചേർന്നുകൊള്ളും. വ്യവസായ അവശിഷ്ടങ്ങൾ, രാസാവശിഷ്ടങ്ങൾ, ഇലക്ട്രോണിക് മാലിന്യങ്ങൾ, പ്ലാസ്റ്റിക് മാലിന്യങ്ങൾ തുടങ്ങിയവ അപകടകരമായിട്ടുള്ളവയാണ്. ഭൂരിഭാഗം ഗ്രാമപഞ്ചായത്തുകളിലും ജൈവാവശിഷ്ടങ്ങളും പ്ലാസ്റ്റിക് മാലിന്യവും ഇലക്ട്രോണിക് മാലിന്യവും ദ്രവമാലിന്യവുമാണ് പ്രശ്നങ്ങളുണ്ടാക്കുന്നത്. നമ്മുടെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ തീർച്ചയായും കൈകാര്യം ചെയ്യേണ്ട മാലിന്യങ്ങൾ ഇനി പറയുന്നവയാണ്.

1. മനുഷ്യ വിസർജ്ജ്യം
2. ജൈവ മാലിന്യം
3. അജൈവ മാലിന്യങ്ങൾ (പ്ലാസ്റ്റിക്ക് - ഇലക്ട്രോണിക് മാലിന്യങ്ങൾ ഉൾപ്പടെ)
4. ദ്രവ മാലിന്യം
5. ആശുപത്രി അറവുശാല മാലിന്യങ്ങൾ

**തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ചുമതല**

മാലിന്യങ്ങൾ ബാധിക്കുന്നത് പരിസ്ഥിതിയേയും അതിലെ അംഗമായ മനുഷ്യനെയും മൊത്തത്തിലാണ്. ആരോഗ്യം, കുടിവെള്ളം, മണ്ണ്, വായു, കാലാവസ്ഥ തുടങ്ങി സന്തുലനമായ ജീവിതത്തിനാവശ്യമായ എല്ലാ ഘടകങ്ങളെയും അത് ബാധിക്കുന്നുണ്ട്. ത്രിതല പഞ്ചായത്ത് സംവിധാനങ്ങളുടെയും (പ്രത്യേകിച്ചും ഗ്രാമ പഞ്ചായത്തുകളുടെ) നഗരസഭകളുടെയും അനിവാര്യ ചുമതലയാണ് മാലിന്യ സംസ്കരണവും ആരോഗ്യ കുടിവെള്ള സംരക്ഷണം ഉൾപ്പടെയുള്ള മാനവ-വികസന വിഷയങ്ങളും. നിയമം മുഖേന ചുമതലപ്പെട്ടതും ഉത്തരവാദിത്ത നിർവ്വഹണത്തിന് മറ്റൊരു സംവിധാനം ഇല്ലാത്തതുമായ മേഖലയാണിത്.

**സമീപനം**

പണ്ടും നാം ഉപയോഗ ശേഷം പലതും ബാക്കിയാക്കിയിരുന്നു. എന്നാലവ പ്രകൃതിക്ക് ജീർണ്ണിപ്പിച്ച് കളയാനാകുന്നതും അളവിൽ ഉൾക്കൊള്ളാൻ കഴിയുന്നതുമായിരുന്നു. എന്നാലിന്ന് പ്രകൃതിക്ക് ഉൾക്കൊള്ളാൻ കഴിയുന്നതിലുമധികം, അതിന്റെ ഘടന തന്നെ മാറ്റുന്ന വണ്ണം മാലിന്യങ്ങളാണ് നാം സംഭാവന ചെയ്യുന്നത്. ഒരുകാലത്ത് പലചരക്കു സാധനങ്ങൾ കടലാസിൽ പൊതിഞ്ഞാണ് വാങ്ങിയിരുന്നതെങ്കിൽ സൂപ്പർമാർക്കറ്റ് സംസ്കാരം വന്നതോടെ സപ്ലൈകോ-ലാഭം മാർക്കറ്റുകളിൽ പോലും ചെറിയ അളവ് അനാദി സാധനംപോലും പ്ലാസ്റ്റിക് കവറിൽ പാക്ക് ചെയ്താണ് നൽകുന്നത്. ഒറ്റ ഉപയോഗം മാത്രമുള്ള ഇവ നേരേ പ്രകൃതിയിലേക്ക് വലിച്ചെറിയപ്പെടുന്നു.

ഒരു മരപ്പലകയിൽ ആണിയടിച്ച ശേഷം അതൂരിയെടുത്താലും ദ്വാരം ശേഷിക്കുക തന്നെ ചെയ്യുമെന്നതുപോലെ പ്രകൃതിക്ക് പരിഹരിക്കാൻ കഴിയുന്നതിനുമപ്പുറം നാം പുറംതള്ളുന്ന മാലിന്യത്തിന്റെ സംസ്കരണത്തിന് പൂർണമായ ഫലസിദ്ധി തരുന്ന ഒരു മാർഗ്ഗവും നിലവിലില്ല. മാലിന്യ രഹിത പരിസ്ഥിതിക്കുള്ള ഏറ്റവും നല്ല മാർഗ്ഗം മാലിന്യം സൃഷ്ടിക്കാതിരിക്കുക എന്നതാണ്. ഉപയോഗശേഷം ചുറ്റുപാടുകളിലേക്ക് മാലിന്യമായി മാറുന്നതിന് വിട്ടുനൽകാതെ അവ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കിയോ, സഹായകരമായ ഉപാധികളാക്കിയോ ഒന്നുമാവുന്നില്ലെങ്കിൽ പ്രകൃതിയെ ശല്യപ്പെടുത്താത്തതോ ആയി മാറ്റുക എന്നുള്ളതാണ് കരണീയം. ചെയ്യാനാവുന്ന കാര്യങ്ങൾ പ്രദേശികമായി തീരുമാനിക്കുകയും നടപ്പാക്കുകയും ശീലമാക്കുകയും ചെയ്യുക മാത്രമാണ് പോംവഴി. പൊതുവായി ഇനി പറയുന്ന മാർഗ്ഗങ്ങൾ സ്വീകരിക്കാവുന്നതാണ്.

**1. ആവശ്യത്തിനുമാത്രം ഉൽപാദിപ്പിക്കുക, ആവശ്യത്തിനുമാത്രം എടുക്കുക, (Prevention and Minimisation)**

എപ്പോഴും ഉപയോഗശേഷം ബാക്കിയാകുന്നതാണ് മാലിന്യമായി മാറുന്നത്. ആവശ്യത്തിനുമാത്രം ഭക്ഷണം തയ്യാറാക്കുക. ആവശ്യത്തിനു മാത്രം വിളമ്പുക, കടകളിൽ നിന്നും ഓരോ സാധനത്തിനും ഓരോ പ്ലാസ്റ്റിക് ക്യാരിബാഗ് വാങ്ങുന്നതിനു പകരം ഒരു സഞ്ചിയിൽ കൂടുതൽ

**പണ്ടും നാം ഉപയോഗശേഷം പലതും ബാക്കിയാക്കിയിരുന്നു. എന്നാലവ പ്രകൃതിക്ക് ജീർണ്ണിപ്പിച്ച് കളയാനാകുന്നതും അളവിൽ ഉൾക്കൊള്ളാൻ കഴിയുന്നതുമായിരുന്നു. എന്നാലിന്ന് പ്രകൃതിക്ക് ഉൾക്കൊള്ളാൻ കഴിയുന്നതിലുമധികം, അതിന്റെ ഘടന തന്നെ മാറ്റുന്നവണ്ണം മാലിന്യങ്ങളാണ് നാം സംഭാവന ചെയ്യുന്നത്.**

സാധനങ്ങൾ ഉൾക്കൊള്ളിക്കുക തുടങ്ങിയ ശീലങ്ങൾ സ്വീകരിക്കുന്നതിലൂടെ മാലിന്യത്തിന്റെ അളവ് തുലോം കുറയ്ക്കാനാകും.

**2. പുനരുപയോഗം (reuse)**

ഒരിക്കൽ ഉപയോഗിച്ച സാധനങ്ങൾ കഴിയുന്നതും വീണ്ടും വീണ്ടും ഉപയോഗിക്കുക വഴി എത്ര പ്രാവശ്യം വീണ്ടും ഉപയോഗിക്കാൻ നമുക്കു സാധിക്കുന്നുവോ അത്രയും ഉൽപ്പാദനവും മാലിന്യവും ഒഴിവാക്കുന്നതിനും അത്രയും ഉൽപ്പാദനത്തിനുവേണ്ടിയുള്ള ഊർജ്ജവും അസംസ്കൃത വസ്തുക്കളും ലാഭിക്കുന്നതിനും നമുക്ക് കഴിയും. അതുതന്നെ വളരെ കൂടുതൽ പ്രാവശ്യം ഉപയോഗിക്കാവുന്ന ഗുണമേന്മയുള്ളതും സംസ്കരിക്കാനാകുന്നതുമായ വസ്തുക്കൾ കൊണ്ടുള്ള നിർമിതികൾ (ഉദാഹരണത്തിന് പ്ലാസ്റ്റിക് ക്യാരി ബാഗിനു പകരം തുണി സഞ്ചികൾ) ഉപയോഗിക്കുന്നതു വഴി ദേശീയ നഷ്ടം ഒഴിവാക്കുന്നതിനും പാരിസ്ഥിതിക നേട്ടം കൈവരിക്കുന്നതിനും നമുക്ക് സാധിക്കും.

**3. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റലും പുനചംക്രമണവും (recycling)**

വീടുകളിലും സ്ഥാപനങ്ങളിലും മാലിന്യമായി ബാക്കിയാവുന്ന ജൈവ അവശിഷ്ടങ്ങളെ കമ്പോസ്റ്റാക്കി മാറ്റി കൊണ്ടും മറ്റു ഖരമാലിന്യങ്ങളെ റീ സൈക്കിൾ ചെയ്ത് പുതിയ വസ്തുക്കൾ ഉണ്ടാക്കിയും വിവിധ തലത്തിലുള്ള നേട്ടങ്ങൾ നമുക്ക് നേടാനാകും. ഉദാഹരണത്തിന് ജൈവാവശിഷ്ടങ്ങളെ കമ്പോസ്റ്റാക്കി മാറ്റുന്നത് ജൈവവളം ലഭ്യമാക്കുകയും മണ്ണിനെ നശിപ്പിക്കുന്ന രാസവളങ്ങളുടെ ഉപയോഗത്തെ കുറയ്ക്കുകയും മാലിന്യ സാധ്യതയെ ഇല്ലാതാക്കുകയും ചെയ്യുന്നു. ജൈവാവശിഷ്ടങ്ങളുടെ സംസ്കരണം ചർച്ച ചെയ്യുമ്പോൾ കൂടുതൽ പേരും കുഴിച്ചു മൂടലിനെ പിന്തുണക്കാറുണ്ട്. എന്നാൽ ഇത് മീഥേൻ വാതകം ഉൽപ്പാദിപ്പിക്കപ്പെടുന്നതിനും പരിസ്ഥിതി പ്രശ്നങ്ങൾ ഉളവാക്കുന്നതിനും കാരണമാകും. ശരിയാംവണ്ണം ഉപയോഗിക്കാത്ത ബയോഗ്യാസ് പ്ലാന്റുകളും ഈ പ്രശ്നം സൃഷ്ടിക്കും. ഈ സാഹചര്യത്തിൽ കമ്പോസ്റ്റിങ് തന്നെയാണ് ഏറ്റവും അഭിലഷണീയമായ മാർഗം. പ്ലാസ്റ്റിക് മാലിന്യങ്ങളെ സംബന്ധിച്ചിടത്തോളം ധാരാളം പരിമിതികളുണ്ടെങ്കിലും റീ സൈക്കിളിങ്ങ് വഴി പുതിയ ഉൽപ്പന്നങ്ങൾ ഉണ്ടാക്കിയും മാലിന്യ സാധ്യത ഒഴിവാക്കാനാകും.

**4. മാലിന്യ സംസ്കരണം**

ആദ്യകാലങ്ങളിൽ മാലിന്യം കുഴിച്ചു മൂടൽ, കൂട്ടിയിടൽ, കത്തിച്ചു കളയൽ തുടങ്ങിയ മാർക്ഷങ്ങളാണ് നാം പിന്തുടർന്നു വന്നിരുന്നത്. എന്നാൽ ഈ മാർഗങ്ങളെല്ലാംതന്നെ അശാസ്ത്രീയമാണെന്നും വൻ പാർശ്വഫലങ്ങൾ സൃഷ്ടിക്കുന്നതാണെന്നും നാം കണ്ടു കഴിഞ്ഞു. അതുകൊണ്ടുതന്നെ ശാസ്ത്രീയമായ മാലിന്യ സംസ്കരണ രീതികൾ വളരെ അത്യാവശ്യമാണ്. നമ്മുടെ മിക്ക മാലിന്യ സംസ്കരണ ഇടങ്ങളും ലാന്റ് ഫില്ലിങ് രീതിയിൽ നിന്ന് ഏറോബിക് അനറോബിക് രീതികളിലേക്ക് മാറുന്നതും ഈ കാരണത്താൽ തന്നെയാണ്. എന്നാൽ എല്ലാ രീതികളെയും പരാജയപ്പെടുത്തുന്നത് മാലിന്യത്തെ സങ്കീർണമാക്കി മാറ്റുന്ന മലയാളിയുടെ ശീലമാണ്. ജൈവാവശിഷ്ടങ്ങളും രാസമാലിന്യങ്ങളും പ്ലാസ്റ്റിക് ബാഗുകളിൽ കെട്ടി ഉപേക്ഷിക്കുന്ന മലയാളിയുടെ രീതി മാലിന്യ സംസ്കരണത്തെ അസാധ്യമാക്കുന്നു. ഉപയോഗശേഷമുള്ള പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങൾ വൃത്തിയായി സംസ്കരണത്തിനായി നൽകുന്നതും ഓരോ മാലിന്യവും അതാതിനായി നിശ്ചയിക്കപ്പെട്ട ഇടങ്ങളിലേക്ക് ഉപയോഗിക്കുന്ന ആൾ തന്നെ തരംതിരിച്ചുനൽകുന്നതും മാലിന്യമെന്ന സാഹചര്യം തന്നെ ഇല്ലാതാക്കും. മാലിന്യങ്ങളെ ഉറവിടങ്ങളിൽ തന്നെ തരംതിരിച്ച് ശേഖരിക്കുന്നത് അവയിലുള്ള വിഭവങ്ങളെ വീണ്ടെടുക്കുന്നതിനും ശാസ്ത്രീയ മാലിന്യ സംസ്കരണ രീതികൾ അവലംബിക്കുന്നതിനും സഹായകരമാകും. ഇതിനായി സാങ്കേതിക വിദ്യയോടൊപ്പം അതിനെ പിന്തുണക്കുന്ന ശീലവും നാം രൂപപ്പെടുത്തേണ്ടതുണ്ട്. പല തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പദ്ധതികൾ പരാജയപ്പെടുന്നത് ഈ ശീലമില്ലായ്മയിൽ തട്ടിയാണ്.

**5. തിരികെ എടുക്കലും സൂക്ഷിപ്പും**

പ്രാദേശികതലത്തിൽ സംസ്കരിക്കാനാവാത്തവയാണ് ഇലക്ട്രോണിക് മാലിന്യങ്ങൾ. കമ്പ്യൂട്ടറുടെഭാഗങ്ങൾ, ലെഡ് അടങ്ങിയ മദർ ബോർഡുകൾ, വാച്ചുകളിലും ടോർച്ചുകളിലും മറ്റും ഉപയോഗിക്കുന്ന ലിഥീയം നിക്കൽ ബാറ്ററികൾ, സി.എഫ്.എൽ ഉപകരണങ്ങൾ എന്നിവ മറ്റനേകം ഗുണങ്ങൾ നൽകുമ്പോഴും ഉപയോഗശേഷം ഇവ മണ്ണിലേക്ക് വലിച്ചെറിയുന്നത് മണ്ണും, വെള്ളവും, വായും പരിഹാരമില്ലാത്തവിധം വിഷമയമാകുന്നതിന് കാരണമാകുന്നു. മനുഷ്യനടക്കമുള്ള എല്ലാ ജീവജാലങ്ങളെയും നശിപ്പിക്കുന്നതിനുള്ള ശേഷി ഈ നിശബ്ദ മാലിന്യങ്ങൾക്കുണ്ട്. മണ്ണിലേക്ക് വിടാതിരിക്കുക എന്നതുമാത്രമാണ് ഇതിനുള്ള പരിഹാരം. ഉൽപ്പാദകർ തന്നെ തിരിച്ചെടുക്കുന്ന സാഹചര്യം വരുന്ന കാലത്തോളം ഇവ മണ്ണിലേക്ക് പോകാനിടവരാതെ പ്രത്യേകം സൂക്ഷിക്കുന്നതിന് (Quar-antine) സംവിധാനമേർപ്പെടുത്തണം.

**6. നിയന്ത്രണങ്ങളും അനുവാദങ്ങളും**

ഡി ആന്റ് ഒ ലൈസൻസ്, അറവുശാല-ഇറച്ചികട ലൈസൻസ്, മാർക്കറ്റ് ലൈസൻസ് തുടങ്ങിയവ ലഭിക്കുന്നതിന് ഉറവിട മാലിന്യ സംസ്കരണ രീതി ഓരോ സ്ഥാപനത്തിലും നിർബന്ധമാക്കാം. ഉറവിട മാലിന്യ സംസ്കരണ യൂണിറ്റ് തുടങ്ങാൻ നിബന്ധനകൾക്ക് വിധേയമായി സ്വകാര്യസ്ഥാപനങ്ങൾക്കും ശുചിത്വ മിഷൻ സബ്സിഡി ലഭിക്കും. ഗ്രാമ പഞ്ചായത്തുകളിൽ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 219 എ മുതൽ യു വരെയുള്ള വകുപ്പുകളും 1998 ലെ ശുചീകരണ ചട്ടങ്ങളും നഗരസഭകളിൽ മാലിന്യ വിരുദ്ധ നിയമങ്ങളോടൊപ്പം 2011 ലെ കേന്ദ്ര പ്ലാസ്റ്റിക് മാനേജ്മെന്റ് ചട്ടങ്ങളും പൊതുജന പങ്കാളിത്തത്തോടെയും പിന്തുണയോടെയും നടപ്പാക്കാനായാൽ വളരെ വേഗം ലക്ഷ്യത്തിലെത്താനാകും.

**പ്രവർത്തനങ്ങൾ**

1. കഴിഞ്ഞ രണ്ടു ദശകങ്ങളായി നാം പ്രത്യേക ഊന്നൽ നൽകിയത് പൊതുസ്ഥലത്തെ മലമൂത്ര വിസർജ്ജനം ഇല്ലാതാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്കാണ്. അതിന്റെ ഫലമായി നമ്മുടെ സംസ്ഥാനത്തിന് സമീപ ഭാവിയിൽ തന്നെ



നിർമൽ പദവി ലഭിക്കുകയും ചെയ്യും. എന്നാൽ സുരക്ഷിതമായ കക്കൂസ് എന്നതിൽ ഇപ്പോഴും പോരായ്മകളുണ്ട്. വിസർജ്ജനാവശിഷ്ടങ്ങൾ കുടിവെള്ളത്തിലും ജലമാർഗങ്ങളിലും കലരുന്ന സാഹചര്യം ആരോഗ്യത്തിന് ഭീഷണിയാകുന്നുണ്ട്. കക്കൂസില്ലാത്ത അപൂർവ്വം കുടുംബങ്ങളിലും സ്ഥാപനങ്ങളിലും സുരക്ഷിത കക്കൂസ് ഉറപ്പുവരുത്തുന്നതിനൊപ്പം നിലവിലുള്ളവയെ സുരക്ഷിതമായ കക്കൂസായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. നിർമൽ ഭാരത് അഭിയാൻ എന്ന് പുനർ നാമകരണം ചെയ്യപ്പെട്ട സമ്പൂർണ ശുചിത്വ യജ്ഞം പരിപാടി നിലവിൽ മുന്നോട്ട് വെക്കുന്നത് സാധാരണ കക്കൂസുകൾക്കു പകരം സെപ്റ്റിക് ടാങ്കും സോക്കേജ് പിറ്റും കമ്പോസ്റ്റ് യൂണിറ്റും ഉൾപ്പെട്ട സാനിട്ടേഷൻ യൂണിറ്റാണ്. 8000 രൂപ വരെ സബ്സിഡി നൽകാവുന്ന ഇത്തരം യൂണിറ്റൊന്നിന് 4600 രൂപ ശുചിത്വ മിഷനിൽ നിന്നും ലഭിക്കുന്നതാണ്. ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് ഈ ആനുകൂല്യം ലഭ്യമാക്കിയും പുതുതായി നിർമിക്കുന്ന മറ്റ് എല്ലാ കെട്ടിടങ്ങൾക്കും പഞ്ചായത്ത്-മുനിസിപ്പൽ കെട്ടിട നിർമാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ ഉറപ്പുവരുത്തിയും സുരക്ഷിത കക്കൂസ് സാധ്യമാക്കാവുന്നതാണ്.

2. നിറയുന്ന സെപ്റ്റിക് ടാങ്കുകളിലെ മാലിന്യം ഒഴിഞ്ഞ സ്ഥലങ്ങളിലും ജലാശയങ്ങളിലും നിക്ഷേപിക്കപ്പെടുന്ന സാഹചര്യമൊഴിവാക്കുന്നതിന് ഓരോ ജില്ലയിലും സംസ്കരണ പ്ലാന്റുകൾ എത്രയും പെട്ടെന്ന് ഉണ്ടാകേണ്ടതുണ്ട്. നിർമൽ ഗ്രാമ പുരസ്ക്കാർ അവാർഡ് തുക ഉപയോഗിച്ചുകൊണ്ട് ജില്ലാ പഞ്ചായത്തുകൾക്ക് ഇത്തരം പദ്ധതികൾ ഏർപ്പെടുത്താവുന്നതാണ്. ഇതിന് കുറഞ്ഞത് രണ്ട് ഏക്കർ സ്ഥലമെങ്കിലും ആവശ്യമാണ്. സ്ഥലം കണ്ടെത്തി നൽകുന്ന പക്ഷം ശുചിത്വ മിഷൻ സഹായത്തോടെ പദ്ധതി നടപ്പാക്കാനാകും.

3. വീടുകളിലും സ്ഥാപനങ്ങളിൽ നിന്നും പുറത്തേക്ക് വിടുന്ന രാസമാലിന്യങ്ങളില്ലാത്ത ദ്രവമാലിന്യം സംസ്കരിക്കുന്നതിന് സോക്കേജ് പിറ്റുകൾ വ്യാപകമാക്കേണ്ടതുണ്ട്. വളരെ ലളിതമായി ചെയ്യാവുന്ന ഈ സംവിധാനം ഏർപ്പെടുത്താൻ ശക്തമായ ഒരു ക്യാമ്പയിൻ മാത്രം മതിയാകും.

4. വീടുകളിലും സ്ഥാപനങ്ങളിലും ബാക്കിയാകുന്ന ജൈവാവശിഷ്ടങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് 20.09.2012 ലെ സ.ഉ. (എം.എസ്).നം.239/2012/തസ്വഭവ പ്രകാരം വിവിധയിനം കമ്പോസ്റ്റ് രീതികളും ബയോഗ്യാസ് പ്ലാന്റുകളും അവയുടെ യൂണിറ്റ് കോസ്റ്റും സ്പെസിഫിക്കേഷനും നിശ്ചയിച്ചുകൊണ്ടും 12.06.2012 ലെ സ.ഉ.(സാധാ) നം. 1597/2012/ തസ്വഭവ പ്രകാരം സബ്സിഡി മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിർമൽ ഭാരത് അഭിയാൻ മാനദണ്ഡങ്ങൾ പ്രകാരം 500 കുടുംബങ്ങളിൽ കൂടുതലുള്ള എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും പരമാവധി 20 ലക്ഷം രൂപ വരെ ശുചിത്വ മിഷൻ സബ്സിഡി ലഭിക്കുന്നതാണ്. ഈ സാഹചര്യം ഉപയോഗിച്ചുകൊണ്ട് ഓരോ കുടുംബത്തിലെയും മാലിന്യത്തിന്റെ അളവ്, സ്വഭാവം, പ്രദേശത്തിന്റെ സ്വഭാവം എന്നിവയുടെ അടിസ്ഥാനത്തിൽ യുക്തമായ ഉറവിട മാലിന്യ സംസ്കരണ രീതി ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കുന്നതു വഴി മാലിന്യ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിനും തരംതിരിച്ചുള്ള ശാസ്ത്രീയ മാലിന്യ സംസ്കരണം ഒരു ശീലമാക്കുന്നതിനും സാധിക്കും.

5. പ്ലാസ്റ്റിക് മാലിന്യം ഒഴിവാക്കുന്നതിനായി നിലവിൽ പലരും സ്വീകരിക്കുന്ന എളുപ്പമാർഗമായ കത്തിക്കൽ വഴി മാരക വാതകമാണ് അന്തരീക്ഷത്തിലെത്തുന്നത് (ഇതിലൊന്നായ ഡയോക്സിൻ വിയറ്റ്നാമിൽ വനം നശിപ്പിച്ചുകളയാൻ അമേരിക്ക ഉപയോഗിച്ച ഏജന്റ് ഓറഞ്ചാണ്). വലിച്ചെറിയുന്നതു നിമിത്തം മണ്ണിന്റെ ഓരോ പാളിയിലും പ്ലാസ്റ്റിക് വ്യാപകമാവുകയും വെള്ളത്തിന്റെ കിനിഞ്ഞിറങ്ങൽ തടസ്സപ്പെടുകയും അതുവഴി ഭൂഗർഭജലം കുറയുന്നതിനും മണ്ണ് മരിക്കുന്നതിനും കാരണമാകുന്നു. ഇത് ബോധ്യപ്പെടുന്നതിന് മണ്ണ് കിളച്ചു നോക്കിയാൽ മാത്രം മതിയാകും. പ്ലാസ്റ്റിക് വസ്തുക്കൾ ഇനി ഉപയോഗിക്കാൻ ആകാത്ത വണ്ണം മാലിന്യമായി മാറികഴിഞ്ഞാൽ അത് മറ്റു മാലിന്യങ്ങളോടൊപ്പം കളയാതെ പ്രത്യേകം വൃത്തിയായി കഴുകി ശേഖരണ കേന്ദ്രങ്ങളിലേക്ക് നൽകുന്ന സാഹചര്യമുണ്ടാക്കുകയും അവ പ്ലാസ്റ്റിക് ഷ്രെഡിങ് യൂണിറ്റുകളിലൂടെയും മറ്റും വിപണന യോഗ്യമാക്കി പുനചംക്രമണത്തിനോ പുനരുപയോഗത്തിനോ ലഭ്യമാക്കുകയും ചെയ്താൽ ഒരു പരിധിവരെ പ്ലാസ്റ്റിക് മാലിന്യ പ്രശ്നം പരിഹരിക്കാനാകും.

6. ഇലക്ട്രോണിക് മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് മാർഗം കണ്ടെത്തുന്നതുവരെ അവ മണ്ണിലും വെള്ളത്തിലും കലരാതെ നോക്കേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്. അതിനായി റിസോഴ്സ് റിക്കവറി സെന്ററുകൾ പ്രാദേശിക തലത്തിൽ ആരംഭിക്കുന്നത് മണ്ണും വെള്ളവും പരിഹരിക്കാനാകാത്ത വിധം മലിനീകരിക്കപ്പെടുന്നത് ഒഴിവാക്കാനാകും. റിസോഴ്സ് റിക്കവറി സെന്ററുകൾ ഏർപ്പെടുത്തി എല്ലാവരിൽ നിന്നും ഈ മാലിന്യങ്ങൾ ശേഖരിച്ച് ഇനവും ബ്രാന്റും തിരിച്ച് സൂക്ഷിക്കാൻ സംവിധാനമുണ്ടാകണം.

7. ഡിറ്റർജന്റുകളും കൃഷിയിടങ്ങളിൽ ഉപയോഗിക്കുന്ന രാസ കീടനാശിനികളും രാസവളങ്ങളും നമ്മുടെ മണ്ണിനെ നശിപ്പിക്കുകയും കുടിവെള്ളത്തെ വിഷമയമാക്കുകയും ചെയ്യുന്നുണ്ട്. ജൈവ അടിസ്ഥാനത്തിലുള്ള കൃഷിരീതിയിലേക്കും ഉപഭോഗ രീതിയിലേക്കും മാറുക മാത്രമാണ് ഇതിനുള്ള പോംവഴി. ■

*ലേഖകൻ പഞ്ചായത്ത് വകുപ്പിൽ സെക്രട്ടറിയാണ്*

**ഒരിക്കൽ ഉപയോഗിച്ച സാധനങ്ങൾ കഴിയുന്നതും വീണ്ടും വീണ്ടും ഉപയോഗിക്കുക വഴി എത്ര പ്രാവശ്യം വീണ്ടും ഉപയോഗിക്കാൻ നമുക്കു സാധിക്കുന്നുവോ അത്രയും ഉൽപ്പാദനവും മാലിന്യവും ഒഴിവാക്കുന്നതിനും അത്രയും ഉൽപ്പാദനത്തിനുവേണ്ടിയുള്ള ഊർജ്ജവും അസംസ്കൃത വസ്തുക്കളും ലാഭിക്കുന്നതിനും നമുക്ക് കഴിയും.**

പേജ് 13-ന്റെ തുടർച്ച



**ഇന്ന് ഇന്ത്യയിലെ എൻ.സി.സി. ലോകത്തിലെ തന്നെ ഏറ്റവും വലിയ സന്നദ്ധസംഘടനയാണ്. 13.4 ലക്ഷമാണ് എൻ.സി.സി. യുടെ അംഗബലം. 2015 ആവുമ്പോഴേക്കും അംഗസംഖ്യ 15 ലക്ഷത്തിലെത്തിക്കണമെന്നാണ് സർക്കാർ ഉത്തരവ്. നിരവധി രാഷ്ട്രങ്ങൾ ഇൻഡ്യൻ മാതൃകയിൽ യുവജനസേനാനിര രൂപപ്പെടുത്തിയിട്ടുണ്ട്.**

**എൻ.സി.സി. കേഡറ്റ് ആകുന്നത് കൊണ്ടുള്ള പ്രയോജനങ്ങൾ**

ഇന്ത്യൻ പ്രതിരോധ വകുപ്പിന്റെ മൂന്ന് സേനകളിലും എൻ.സി.സി. സി സർട്ടിഫിക്കറ്റ് ഉള്ളവർക്ക് പ്രത്യേകം മുൻഗണനയുണ്ട്.

**കരസേന:** ഡെറാഡൂണിലെ മിലിട്ടറി അക്കാഡമിയിലെ കോഴ്സുകളിൽ 32 സീറ്റുകളിലേക്ക് കേഡറ്റുകളെ യു.പി.എസ്.സി, എസ്.എസ്.ബി ഇന്റർവ്യൂ വഴി തെരഞ്ഞെടുക്കും.

**ഐ.റ്റി.എ ചെന്നൈ, ഗയ:** സാങ്കേതികേതര വിഭാഗത്തിലെ 50 ഒഴിവുകളിലേക്ക് എസ്.എസ്.ബി ഇന്റർവ്യൂ വഴി തെരഞ്ഞെടുക്കും.

**നേവി:** ഓരോ കോഴ്സിനും 6 വേക്കൻസികൾ – തെരഞ്ഞെടുപ്പ് എസ്.എസ്.ബി ഇന്റർവ്യൂ വഴി. സി സർട്ടിഫിക്കറ്റുള്ള എൻ.സി.സി. കേഡറ്റുകൾക്ക് 2 വയസ്സിന്റെ ഇളവ്.

**എയർഫോഴ്സ്:** എല്ലാ കോഴ്സുകൾക്കും 10 ശതമാനം വേക്കൻസി കേഡറ്റുകൾക്കായി സംവരണം ചെയ്യപ്പെടുന്നു.

കൂടാതെ സെയിലർ, എയർമാൻ തുടങ്ങിയ റിക്രൂട്ട്മെന്റുകളിൽ 5 മുതൽ 10 ശതമാനംവരെ ബോണസ് മാർക്ക് നൽകും.

**മറ്റുള്ളവ**

പാരാമിലിട്ടറി ഫോഴ്സ് റിക്രൂട്ട്മെന്റുകളിൽ എൻ.സി.സി. കേഡറ്റുകൾക്ക് 2 – 10 ശതമാനം വരെ ബോണസ് മാർക്ക്.

**ടെലികമ്മ്യൂണിക്കേഷൻ വകുപ്പ്:** പ്രത്യേക ബോണസ് മാർക്ക്.

**എൻ.സി.സി:** സി സർട്ടിഫിക്കറ്റുള്ളവർക്ക് എൻ.സി.സി.യിൽത്തന്നെ സിവിലിയൻ ഗ്ലൈഡിംഗ് ഇൻസ്ട്രക്ടർ/ഗേൾ കേഡറ്റ് ഇൻസ്ട്രക്റ്റർ/മുഴുവൻസമയ വനിതാപരിശീലകരാവാനും മുൻഗണന.

**സംസ്ഥാന സർക്കാരിൽ:** പോലീസ്, അഡ്മിനിസ്ട്രേഷൻ, ഫോറസ്റ്റ്, എക്സൈസ്, ട്രാൻസ്പോർട്ട് വകുപ്പുകളിൽ മുൻഗണന.

**സ്കോളർഷിപ്പുകൾ:** 6,000 രൂപ മുതൽ 30,000 രൂപ വരെയുള്ള സ്കോളർഷിപ്പുകൾ എൻ.സി.സി കേഡറ്റുകൾക്ക് കേഡറ്റ് വെൽഫെയർ സൊസൈറ്റി വഴിയും സഹാറാ സ്കോളർഷിപ്പ് വഴിയും ലഭിക്കും.

**സ്പോർട്സ്:** ദേശീയ അന്തർദ്ദേശീയ തലങ്ങളിലെ മികച്ച പ്രകടനത്തിന് വ്യക്തികൾക്കും, ടീമുകൾക്കും ആകർഷകമായ ക്യാഷ് അവാർഡുകൾ.

രാജ്യത്തെ യുവജനങ്ങളെ പരിശീലിപ്പിക്കുന്നതിലും രാഷ്ട്രനിർമ്മാണത്തിലും കനത്ത സംഭാവന ചെയ്യുന്ന ഏറ്റവും വലിയ സംഘടനയായി എൻ.സി.സി. മാറി. രാഷ്ട്രത്തിന് മികച്ച സംഭാവന നൽകുന്ന; രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും കാത്തു സൂക്ഷിക്കാൻ പ്രതിബദ്ധതയുള്ള ഒരു കൂട്ടം മികച്ച രാജ്യസേവകരായ ഉദ്യോഗസ്ഥരെ സൃഷ്ടിക്കാൻ എൻ.സി.സി.ക്ക് സാധിച്ചു. നേതാജി സുഭാഷ് ചന്ദ്രബോസ്, എയർ മാർഷൽ സുബ്രതോ മുഖർജി, മുൻ എയർസ്റ്റാഫ് ചീഫ് ജനറൽ റ്റി.എൻ.റെയ്ന, സിനിമാ നടിയായിരുന്ന മിസ്. ജയഭാതുരി എം.പി, മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണർ ഡോ. എം.എസ്. ഗിൽ തുടങ്ങി നിരവധി പ്രതിഭകൾ മികച്ച എൻ.സി.സി. കേഡറ്റുകളായിരുന്നു. എൻ.സി.സി.യുടെ പ്രാധാന്യം മനസ്സിലാക്കിയ കേന്ദ്ര മാനവശേഷി വികസന വകുപ്പ് തിരഞ്ഞെടുക്കപ്പെട്ട ചില ഹയർസെക്കണ്ടറി സ്കൂളുകളിൽ എൻ.സി.സി ഒരു ഇലക്ടീവ് സബജക്ട് ആയി പഠിപ്പിക്കാൻ ഏർപ്പാടാക്കിയിട്ടുണ്ട്. ഇത് തീർച്ചയായും എൻ.സി.സി.യുടെ പ്രചാരണ ശ്രമങ്ങൾക്ക് ആക്കം കൂട്ടും. ■


*തയ്യാറാക്കിയത്: ധനഞ്ജയ് മൊഹന്തി, പ്രസ് ഇൻഫർമേഷൻ ബ്യൂറോ*





# തൊഴിൽ നികുതി– സത്യവും മിഥ്യയും

ജോൺ. എസ്. ജെയിംസ്



ഓരോരുത്തരിൽ നിന്നും വിഹിതം വാങ്ങിക്കൂട്ടി അത് എല്ലാവർക്കും പങ്കുവച്ചു നൽകുക എന്നതാണല്ലോ നികുതി നിയമങ്ങൾക്ക് പിന്നിലെ യുക്തി. തൊഴിലും അതിൽ നിന്ന് വരുമാനവും ഉള്ള ഒരു വ്യക്തിയിൽ നിന്ന് വരവിന്റെ ഒരു അംശം എടുത്ത്, മാന്യമായ ഒരു തൊഴിലോ വരുമാനമോ ഇല്ലാത്ത ജനലക്ഷങ്ങളുടെ പൊതുവായ ക്ഷേമ-വികസനാവശ്യങ്ങൾ നിറവേറ്റുന്നതിനാണ്, ആശയപരമായി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തൊഴിൽ നികുതി പിരിക്കുന്നത്.

**1. എന്നും ഓർക്കാൻ ഒരു ഫ്ളാഷ്ബാക്ക്**


ഈ വസ്തുത സൂക്ഷ്മമായി മനസ്സിലാക്കുന്നതിന് തുമ്പയുടെ കഥ ഒരു ഫ്ളാഷ് ബാക്കായി ഓർമിപ്പിക്കട്ടെ. തിരുവനന്തപുരം പട്ടണത്തിനടുത്ത് കൊച്ചുവേളിയോട് ചേർന്ന് തുമ്പയെന്ന വിശാലമായ ഒരു കടപ്പുറം. ഈ സ്ഥലം സ്പേസ് സെന്റർ തുടങ്ങുന്നതിന് ആവശ്യമാണെന്നും അതിലേക്ക് ഓർമ്മ വച്ച നാൾതൊട്ട് തന്നെ അവിടെ താമസമാക്കിയിരുന്ന കടലിന്റെ മക്കൾ ഒഴിഞ്ഞുകൊടുക്കണമെന്നും ഒരാവശ്യമുണ്ടായി. ഡോക്ടർ എ.പി. ജെ അബ്ദുൾ കലാം ലത്തീൻ കത്തോലിക്കരുടെ അഭിവന്ദ്യ ബിഷപ്പ് പെരേര അവർകളെ ഇക്കാര്യം അറിയിച്ചതും, അതിന്റെ ഫലമായി പിതാവ് ഇടപെട്ട് സമാധാനപരമായി ഭൂമി ഒഴിപ്പിച്ചെടുത്തതും അവിടെ സ്പേസ് സെന്റർ സ്ഥാപിച്ചതും മാധ്യമങ്ങളിലൂടെ നാം വായിച്ചറിഞ്ഞ സൗമ്യമായ ഒരു ഒത്തുതീർപ്പിന്റെ, സംഭവ കഥ. എന്നാൽ 80–കളിൽ വി.എസ്. എസ്.സി.-യിലെ ജീവനക്കാർ തൊഴിൽ നികുതി പഞ്ചായത്തിൽ അടയ്ക്കണമെന്ന് ആറ്റിപ്ര പഞ്ചായത്ത് ആവശ്യപ്പെട്ടപ്പോൾ, അവർ ശക്തമായി പ്രതിരോധിച്ചതും പഞ്ചായത്ത് അതിനെതിരെ നടത്തിയനിശിതമായ നിയമനടപടികളും കത്തിടപാടുകളും, കേസ് നടത്തിപ്പും, ആശയപരമായ ഏറ്റുമുട്ടലുകളും തുടർന്നുള്ള നീണ്ട നിയമ യുദ്ധവും മറ്റൊരു തെക്കൻ വീരഗാഥ. ഒടുവിൽ സുപ്രീം കോടതി വരെ പോയി. ആറ്റിപ്ര പഞ്ചായത്തിന് വി.എസ്.എസ്.സി.-യിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ കരം ആവശ്യപ്പെട്ടത്, നിയമപ്രകാരം തൊഴിൽ സ്ഥാപനം പിരിച്ചെടുത്ത് പഞ്ചായത്ത് ഓഫീസിൽ കൊണ്ടുചെന്ന് നേരിട്ട് അടയ്ക്കാൻ കോടതി ഉത്തരവായി. നാലു ലക്ഷത്തിൽ താഴെ തനത് വരുമാനമുണ്ടായിരുന്ന പഞ്ചായത്തിന് ഈ ഉത്തരവോടെ ആറു മാസത്തിനുള്ളിൽ പിരിഞ്ഞു കിട്ടിയത് നാൽപ്പതു ലക്ഷം രൂപ. വരുമാനം വീണ്ടും കുതിച്ചുയർന്നു. റോഡുകളും ഇടവഴികളും വരെ ടാർ ചെയ്യപ്പട്ടു; സ്വന്തമായി റോഡ് റോളർ ഉണ്ടായി, വികസന പദ്ധതികൾ റോക്കറ്റ് വേഗത്തിൽ കുതിച്ചു. പരോക്ഷമായി എങ്കിലും പ്രയോജനം ലഭിച്ചത് തുമ്പ കടപ്പുറത്ത് നിന്ന് ചട്ടിയും കലോം പെറുക്കി സ്വന്തം കുടിൽ ഒഴിഞ്ഞുകൊടുത്തവരുടെ പിൻതലമുറക്കാർക്ക്. അവർക്കും ജീവിക്കണ്ടേ തട്ടീം-മുട്ടീം?

അപ്പോൾ കൂലിയും തൊഴിലുമില്ലാത്തവരുടെ ക്ഷേമത്തിനാണ് തൊഴിൽ നികുതി പിരിക്കുന്നതെന്ന് നികുതി കൊടുക്കുന്നവർ മനസ്സിലാക്കണം, പിരിക്കുന്നവരും അറിയണം.

**2. ഭരണഘടനാ വ്യവസ്ഥകൾ**

തൊഴിൽ നികുതിയെ സംബന്ധിച്ചും, സംസ്ഥാന നിയമസഭയ്ക്ക് ഇക്കാര്യത്തിൽ നിയമനിർമ്മാണം നടത്താനുള്ള അവകാശത്തെ സംബന്ധിച്ചും, ഭാരത ഭരണഘടനയിലെ 276–ാം അനുഛേദം നേരിട്ട് പരാമർശിക്കുന്നു. ഇക്കാര്യത്തിൽ സംസ്ഥാനത്തിനോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനോ ഒരാളിൽ നിന്ന് പിരിക്കാവുന്ന പരമാവധി വാർഷിക നികുതി രണ്ടായിരത്തി അഞ്ഞൂറ് രൂപ എന്ന് നിജപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഭരണഘടനയിലെ 246–ാം അനുഛേദം അനുസരിച്ച് ഏഴാം പട്ടികയിലെ രണ്ടാം ലിസ്റ്റിലെ (സംസ്ഥാന ലിസ്റ്റ്) 60–ാം ഇനമായ തൊഴിൽ, വ്യാപാരം, ജീവനം എന്നിവയിൽ നിന്ന് തൊഴിൽ നികുതി പിരിക്കാമെന്നും, 1994–ലെ കേരള മുൻസിപ്പാലിറ്റി/പഞ്ചായത്ത് ആക്ട്കൾ പ്രകാരം ഇത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പിരിക്കാമെന്നും, നിയമം അനുശാസിക്കുന്നു.

**തൊഴിൽ നികുതിയെ സംബന്ധിച്ചും, സംസ്ഥാന നിയമസഭ യ്ക്ക് ഇക്കാര്യത്തിൽ നിയമനിർമ്മാണം നടത്താനുള്ള അവകാശത്തെ സംബന്ധിച്ചും, ഭാരത ഭരണഘടനയിലെ 276-ാം അനുഛേദം നേരിട്ട് പരാമർശിക്കുന്നു. ഇക്കാര്യത്തിൽ സംസ്ഥാനത്തിനോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനോ ഒരാളിൽ നിന്ന് പിരിക്കാവുന്ന പരമാവധി വാർഷിക നികുതി രണ്ടായിരത്തി അഞ്ഞൂറ് രൂപ എന്ന് നിജപ്പെടുത്തിയിട്ടുണ്ട്.**



ഭരണഘടന അനുഛേദം 243-H അനുസരിച്ച് സംസ്ഥാന നിയമസഭയ്ക്ക് പഞ്ചായത്തിനെ അതാത് നികുതി, ഡ്യൂട്ടി, ഫീസ്, എന്നിവ പരിധികൾക്ക് വിധേയമായി പിരിക്കാൻ അധികാരപ്പെടുത്താവുന്നതാണെന്ന് നിഷ്കർഷിക്കുന്നു. അതുപോലെ, അനുഛേദം 243-X അനുസരിച്ച് മുൻസിപ്പാലിറ്റികളുടെ കാര്യത്തിലും ഇതേ അധികാരം നൽകിയിട്ടുണ്ട്. അതിനാൽ പിരിക്കുന്ന നികുതി നിരക്കിന് കുറഞ്ഞതും കൂടിയതുമായ നിരക്കുകൾ നിയമത്തിൽ പറയേണ്ടതുണ്ട്.

**ഭരണഘടനയുടെ 265-ാം അനുഛേദം നിഷ്കർഷിക്കുന്നത് നിയമാനുസൃതമല്ലാതെ യാതൊരു നികുതിയും ചുമത്തുകയൊ പിരിക്കുകയോ ചെയ്യാൻ പാടുള്ളതല്ല എന്നാണ് നിയമാനുസൃതമല്ലാതെയെന്നു പറഞ്ഞാൽ, നിയമസഭയിൽ പാസാക്കിയ ഒരു നിയമപ്രകാരമല്ലാതെ എന്നു തന്നെയാണ് അർത്ഥം** എന്ന് ഭരണഘടനാ നിയമങ്ങളെ സംബന്ധിക്കുന്ന എല്ലാ പുസ്തകങ്ങളും ഉത്ഘോഷിക്കുന്നു. വെറും ചട്ടങ്ങളോ, നോട്ടിഫിക്കേഷനോ, സർക്കാർ ഉത്തരവോ പ്രകാരം അരുത് എന്നർത്ഥം. ഇതൊന്നും മനസ്സിലാക്കാതെയാണ് നിയമാനുസൃതമല്ലാതെ ഉത്തരവുകളിലൂടെയും, നോട്ടിഫിക്കേഷനിലൂടെയും, തട്ടിക്കൂട്ടിയ ചട്ടങ്ങളിലൂടെയും നികുതി പിരിവിന് മുതിരുന്നത്.ഇത് ജനാധിപത്യപരമല്ല, ഭരണഘടനാപരവുമല്ല.

3. സംസ്ഥാന നിയമങ്ങളും ചട്ടങ്ങളും കേരള സംസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി നിർണ്ണയിക്കുന്നതിനും പിരിക്കുന്നതിനും ആശ്രയിക്കുന്ന നിയമ വ്യവസ്ഥയും ചട്ടങ്ങളും താഴെ പറയുന്നവയാണ്:-

1. 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിലെ 204 മുതൽ 205 കെ വരെയുള്ള വകുപ്പുകളും 1996-ലെ കേരള പഞ്ചായത്ത് രാജ് (നികുതി നിർണ്ണയവും ഈടാക്കലും അപ്പീലും) ചട്ടങ്ങളും, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളും.

2. 1994-ലെ കേരള മുൻസിപ്പാലിറ്റി നിയമത്തിലെ 245 മുതൽ 259 വരെയുള്ള വകുപ്പുകളും, 2005-ലെ കേരള മുൻസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളും.

1994-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്ഥമായി, 2005-ലെ കേരള മുൻസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിൽ പഞ്ചായത്ത് ചട്ടങ്ങളിലില്ലാത്ത (2)-ാം ഉപചട്ടം ചേർക്കുകയും, അതിൽ അഭിഭാഷകർ, ഡോക്ടർമാർ, വൈദ്യൻമാർ തുടങ്ങിയ സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരേയും ബിസിനസ് നടത്തുന്നവരേയും ഉൾപ്പെടുത്തി, പതിനൊന്ന് ഇനങ്ങളിൽപെട്ടവരെ ചേർക്കുകയും ഓരോ വിഭാഗത്തിനും ചുമത്താവുന്ന അർദ്ധ വാർഷിക നികുതി 1,250 രൂപയായി നിജപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരമാണ് ഇത്തരം ഒരു അനുമാന നികുതിചട്ടങ്ങൾ പ്രകാരം ഏർപ്പെടുത്തിയതെന്നും മനസ്സിലാക്കുന്നു. ഇതനുസരിച്ചും, ഇതിൻമേൽ ഓഡിറ്റർമാർ നിഷ്കർഷിച്ചതനുസരിച്ചും, ഇത്തരക്കാരിൽ നിന്നും അനുമാന നികുതിയായി 1,250 രൂപ മുൻസിപ്പാലിറ്റികൾ തൊഴിൽ നികുതിയായി തിട്ടപ്പെടുത്തി ഡിമാന്റ് ചെയ്യുന്നതായും പിരിക്കുന്നതായും അറിയുന്നു.

ചട്ടം 3 (2) അനുസരിച്ച് ഒരു വ്യക്തിയുടെ അഥവാ സ്ഥാപനത്തിന്റെ തൊഴിൽ നികുതി 1,250 രൂപ ആയി അനുമാനിക്കുകയും തിട്ടപ്പെടുത്തുകയുമെന്നാൽ അത് കാണിക്കുന്നത് (1)-ാം ഉപചട്ടപ്രകാരം 1,25,000 രൂപയോ അതിൽ കൂടുതലോ വരവുള്ളയാളാണ് ആ നികുതി ദായകൻ എന്നാണ്. തൊഴിൽ നികുതി മൊത്തവരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് എന്ന് നിയമം പറയുമ്പോൾ പരമാവധി നികുതി യഥാർത്ഥനികുതിയായി അനുമാനിക്കത്തക്കവിധം എങ്ങനെയാണ് ഒരാൾക്ക് മൊത്തവരുമാനം ഒന്നേകാൽ ലക്ഷത്തിന് മുകളിലാണ് എന്ന് അനുമാനിക്കുന്നതെന്ന ചോദ്യത്തിന്, ഇനിയും ഉത്തരം കിട്ടേണ്ടിയിരിക്കുന്നു. ഏതായാലും ഈ ഉപചട്ടം 3(2) നു താഴെ നൽകിയിട്ടുള്ള വിശദീകരണത്തിൽ 3-ാം ചട്ടം(2) മുതൽ (11) വരെ ഉപചട്ടങ്ങളിൽ പരമാവധി കൊടുക്കേണ്ട അർധവാർഷിക നികുതി നിരക്കുകളാണ് നിശ്ചയിച്ചിട്ടുള്ളതെന്നും, ഈ വിഭാഗങ്ങൾക്കുള്ള കുറഞ്ഞ നികുതി നിരക്കുകൾ 3-ാം ചട്ടം (1)-ാം ഉപചട്ടത്തിലെ പട്ടികയിൽ വിവരിച്ചപ്രകാരമായിരിക്കേണ്ടതാണെന്നും നികുതിദായകർ തങ്ങളുടെ നികുതിക്ക് വിധേയമായ മൊത്ത വരുമാനം രേഖാമൂലം സ്ഥാപനത്തെ ബോധ്യപ്പെടുത്തുന്ന പക്ഷം അതനുസരിച്ച് 3(1) പട്ടികയിൽ വിവരിച്ചിട്ടുള്ള പ്രകാരമുള്ള നികുതി നിർണ്ണയിച്ച് നൽകേണ്ടതാണ് എന്നുംപറഞ്ഞിരിക്കുന്നു. മൊത്തവരുവാനം 1,25,000-ന് മുകളിലായാൽ തീർച്ചയായും പരമാവധി നിരക്കായ 1,250 രൂപ അർദ്ധ വാർഷിക നികുതി ഈടാക്കാം. ഇവിടെ അനുമാനത്തിന്റെ പ്രശ്നം ഉദിക്കുന്നുമില്ല. ചട്ടം 3(2) പട്ടികയിൽ പറഞ്ഞിരിക്കുന്ന ഓരോ വിഭാഗത്തിനും ചുമത്താവുന്ന അനുമാന നികുതിയയിൽ നിന്നും വ്യത്യസ്ഥമാണ് ചട്ടം 3(1)-ൽ പറഞ്ഞിരിക്കുന്ന നിരക്കുകൾ. നിയമത്തിലും ചട്ടത്തിലും ഒരു കാര്യവും അതിന് കീഴിൽ ചട്ടം 3(2)ന്റെ വിശദീകരണത്തിൽ അതിൽ നിന്ന് വ്യത്യസ്ഥമായ മറ്റൊരു കാര്യവും പറഞ്ഞിരുന്നാൽ വിശദീകരണത്തിലെ നിലപാട് നിലനിൽക്കും എന്നുള്ളത് പൊതുതത്വം. അതിനാൽ പട്ടിക 3(2)-ലെ അനുമാന നിരക്കുകൾക്ക് പ്രസക്തി ഇല്ല എന്നും വ്യക്തം. ചട്ടം3(2) ലെ പരാമർശിത വ്യക്തികളും സ്ഥാപനങ്ങളും 1250 രൂപ തൊഴിൽകരമായി നൽകണമെന്ന പ്രഖ്യാപനവും അതിന്റെ പേരിൽ ഇക്കാര്യത്തിൽ ഓഡിറ്റിന്റെ പരാമർശമുണ്ടെങ്കിൽ അതും, അതിന്റെ പേരിൽ നടത്തുന്ന അനുമാന നികുതിക്കുള്ള ഡിമാന്റും മിഥ്യ തന്നെ.

തൊഴിൽ നികുതിയുടെ കാര്യത്തിൽ നികുതിദായകന് തന്റെ വരുമാനത്തിന്റെ വിവരം അറിയിക്കാനും, അത് പരിഗണിച്ച് സ്വീകരിക്കാനോ തള്ളിക്കളയാനോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനോ അവകാശമുണ്ടെന്നത് ചട്ടം. തള്ളിക്കളയുന്നസംഗതിയിൽ അതിനെതിരെ സങ്കടം ബോധിപ്പിക്കാൻ നികുതി ദായകന് ഒരവസരവുമുണ്ട്. മൊത്തവരുമാനത്തെ സംബന്ധിച്ച് വിവരങ്ങൾ നികുതി ദായകൻ നൽകാത്ത സാഹചര്യത്തിൽ പോലും ഏകപക്ഷീയമായി വരുമാനം തിട്ടപ്പെടുത്തി അറിയിക്കാനും അതിന് ആക്ഷേപം ഉണ്ടെങ്കിൽ പരിഗണിച്ച് നികുതി തിട്ടപ്പെടുത്താനും കഴിയുമെന്നിരിക്കെ, മൊത്ത വരുമാനമോ നികുതിയോ അനുമാനിച്ച് തിട്ടപ്പെടുത്തുന്ന പ്രശ്നം ഉദിക്കുന്നതേയില്ല.

രണ്ടാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരമാണ് അനുമാനനികുതി (പ്രിസ്ംപ്റ്റീവ് ടാക്സ്) യെന്ന ആശയം സർക്കാരിൽ വീണ്ടും ഉദയം ചെയ്തത്. ഇതനുസരിച്ച് 27-05-2008-ൽ 143/08/ LSGD നമ്പരായി ഒരു സർക്കാർ ഉത്തരവ്

പഞ്ചായത്തുകളുടെ കാര്യത്തിൽ പുറപ്പെടുവിച്ചിരുന്നു. അതനുസരിച്ച് സ്വയം തൊഴിൽ വിഭാഗക്കാരെകൂടി ഉൾപ്പെടുത്താനും അവരിൽ നിന്നും പരമാവധിയായ 1,250 രൂപ അർദ്ധ വാർഷിക നികുതിയായി ഈടാക്കാനും നിർദേശിച്ചിരിക്കുന്നു. ഈ സർക്കാർ ഉത്തരവിനെ ചോദ്യം ചെയ്ത് കൊണ്ടും ഇതനുസരിച്ച് അർദ്ധ വാർഷിക നികുതി അടയ്ക്കണമെന്നുള്ള വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ ഡിമാന്റ് നോട്ടീസ് ചോദ്യം ചെയ്ത് കൊണ്ടും ആൾ കേരള പ്രൈവറ്റ് ബാങ്കേഴ്സ് അസോസിയേഷൻ ബഹു: ഹൈകോടതിയെ സമീപിക്കുകയും ചെയ്തു. **വരുമാനം പരിഗണിക്കാതെ അനുമാന നികുതി ഈടാക്കാനുള്ള സർക്കാർ ഉത്തരവിന് യാതൊരു പ്രസക്തിയുമില്ലായെന്നും നിയമത്തിലും ചട്ടത്തിലും ഉൾപ്പെടുത്താതെയുള്ള ഈ നികുതി പിരിവ് നിയമവിരുദ്ധമാണന്നും വിധിയുണ്ടായി. ഇത് ഭരണഘടനയുടെ 265-ാം അനുഛേദത്തിന്റെ ലംഘനമാണെന്നും കോടതി ചൂണ്ടികാട്ടി.** (W.P.C.No.26260/208C(A)dt20-11-2009) ഇതിൽ നിന്നും മൊത്തവരുമാനം അനുമാനിച്ച്കൊണ്ടുള്ള നികുതി നിർണ്ണയം നിയമത്തിനു മുന്നിൽ നിലനിൽക്കത്തക്കതല്ലെന്ന് വ്യക്തമാകുന്നു. നിയമം അനുസരിച്ച് മൊത്തവരുമാനം അറിയാൻ റിട്ടേൺ വരുത്തി നോക്കേണ്ടതും, വരുമാനം തിട്ടപ്പെടുത്തേണ്ടതുമാണ്. അനുമാന നികുതി മിഥ്യയത്രെ. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വരുമാനം വർദ്ധിപ്പിച്ചു കാണാനുള്ള ആകാംക്ഷ മനസ്സിലാക്കാം. എന്നാൽ നികുതിയെ സംബന്ധിക്കുന്ന ഭാരത ഭരണഘടനയിലെ 276, 243 H, 243 X, 265 തുടങ്ങിയ അനുഛേദങ്ങളിൽ ഉൾക്കൊണ്ടിട്ടുള്ള അടിസ്ഥാന തത്വങ്ങളെ കണക്കിലെടുക്കാതിരിക്കുന്നത് ആത്മഹത്യാപരമെന്നേ വിശേഷിപ്പിക്കാനാകു.

**4. തൊഴിൽ നികുതി ചുമത്തൽ**

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പും, 1994-ലെ കേരള മുൻസിപ്പാലിറ്റി നിയമത്തിലെ 245-ാം വകുപ്പും പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്ക് വിധേയമായി ഓരോ ആളിന്റെയും ഓരോ കമ്പനിയുടെയും മേൽ പഞ്ചായത്ത്/മുൻസിപ്പാലിറ്റി പരമാവധി നിരക്കുകളിൽ കവിയാതെ നിശ്ചയിക്കാവുന്ന നിരക്കുകളിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണെന്ന് പറഞ്ഞു കാണുന്നു. പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ 13,14,15,16,17,18, 19,20,21,22,23 എന്നീ ചട്ടങ്ങൾ പ്രകാരം ജീവനക്കാരുടെ നികുതി ഈടാക്കാൻ സാധിക്കും. സമാനചട്ടങ്ങൾ മുൻസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലുമുണ്ട്. നടപടിക്രമങ്ങൾ ഇവിടെ ആവർത്തിക്കുന്നില്ല.

കമ്പനികൾ വ്യാപാരികൾ, വ്യവസായസ്ഥാപനം, സ്വയം തൊഴിൽ ചെയ്യുന്നവർ എന്നിവരിൽ നിന്നും നികുതി ഈടാക്കാൻ 1996-ലെ പഞ്ചായത്ത് (തൊഴിൽ നികുതി) ചട്ടങ്ങളിലെ 10,11,12 എന്നീ ചട്ടങ്ങളും 1996-ലെ നികുതി നിർണ്ണയവും ഈടാക്കലും അപ്പീലും ചട്ടങ്ങളിലെ 8,9, 10,12,13,14,15 എന്നീ ചട്ടങ്ങളും അതുപോലെ കേരള മുൻസിപ്പാലിറ്റി (തൊഴിൽ നികുതി ) ചട്ടങ്ങളിലെ 4(2) മുതൽ 4(8) വരെയുള്ള ചട്ടങ്ങളും പ്രസക്തമാണ്. ചുരുക്കത്തിൽ-നിശ്ചിത ശമ്പളം/വരുമാനം ഇല്ലാത്ത കമ്പനികൾ വ്യാപാര സ്ഥാപനങ്ങൾ തുടങ്ങിയവരിൽ നിന്നും അവരുടെ വരുമാനം കണക്കാക്കുന്നതിന് നിദാനമായ രേഖകൾ ഉൾപ്പെടെ റിട്ടേൺ ഓഫ് ഇൻകം ആവശ്യപ്പെടണം. ഇത് പരിശോധിച്ച ശേഷം ആവശ്യമെങ്കിൽ കൂടുതൽ രേഖകൾ ആവശ്യപ്പെടുകയും ഏകദേശ മൊത്ത വരുമാനം തിട്ടപ്പെടുത്തുകയും ചെയ്യാവുന്നതുമാണ്.

**5. കമ്പനികളും ഷെഡ്യൂൾഡ് ബാങ്കുകളും**

ഒരു വ്യക്തി അഥവാ ഒരു കമ്പനി ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കൊടുക്കേണ്ട പരമാവധി തൊഴിൽ നികുതി 1,250 രൂപയാണ്. കമ്പനിയുടെ ബ്രാഞ്ചുകൾ ഒന്നിൽ കൂടുതൽ ഒരു മുൻസിപ്പൽ /പഞ്ചായത്ത് പ്രദേശത്ത് ഉണ്ടെങ്കിലും ബ്രാഞ്ചുകളിലെ മൊത്ത വരുമാനം കണക്കാക്കിയാണ് തൊഴിൽ നികുതി ഈടാക്കേണ്ടത്. മൊത്ത വരുമാനം 1,25,000 രൂപയോ അതിൽ കൂടുതലോ ഉണ്ടെന്ന് കാണുന്ന പക്ഷം 1,250 രൂപ അർദ്ധവാർഷിക നികുതി പരമാവധി തുകയെന്ന നിലയിൽ ഈടാക്കുകയും ആവാം. എന്നാൽ ഷെഡ്യൂൾഡ് ബാങ്കുകളുടെ കാര്യത്തിൽ ഓരോ ബ്രാഞ്ചും ഓരോ സ്ഥാപനമായി കണക്കാക്കപ്പെടണമെന്ന് വ്യവസ്ഥയും കോടതി വിധിയുമുണ്ട്. അതിനാൽ ബാങ്കുകളുടെ കാര്യത്തിൽ ഒന്നിലധികം ബ്രാഞ്ചുകളുണ്ടായാൽ ഓരോന്നിനും പരമാവധി 1,250 രൂപ അർദ്ധ വാർഷിക നികുതി വാങ്ങാവുന്നതാണ്.ഇക്കാര്യം മുൻസിപ്പാലിറ്റി ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുമുണ്ട്. വ്യക്തികളുടെ മൊത്തവരുമാനത്തിൽ, മുൻസിപ്പാലിറ്റിയുടെയും പഞ്ചായത്തുകളുടെയും കാര്യത്തിൽ, വീട്ടു വാടക അലവൻസ്, യാത്രാ ബത്ത, വണ്ടി വാടക സിറ്റി കോമ്പൻസേറ്ററി അലവൻസ് ഇവ ഉൾപ്പെടുകയില്ല.

**6. തൊഴിലാളികളുടെ /ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചെടുത്ത് നൽകാൻ തൊഴിൽഉടമയുടെ ബാദ്ധ്യത:-**

തൊഴിൽകരം പിരിച്ചെടുക്കുന്നതിനുള്ള നോട്ടീസ് തൊഴിലാളിക്ക് തൊഴിലുടമ വഴി നൽകാനും തൊഴിലുടമ അത് പിരിച്ചെടുത്ത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് നൽകാനും നോട്ടീസ് നൽകൽ ചട്ടങ്ങളിൽ വ്യവസ്ഥ ഉണ്ടായിരുന്നിട്ടും അതനുസരിക്കാൻ വി.എസ്.എസ്.സി. കൂട്ടാക്കാതിരുന്ന സാഹചര്യത്തിലാണ് നോട്ടീസ് നൽകാനും നികുതി പിരിച്ച് സ്വയം ഭരണ സ്ഥാപനത്ത എൽപ്പിക്കുവാനുമുള്ള ചുമതല തൊഴിലുടമയെ ഏൽപ്പിച്ച് നിയമം ഉണ്ടായത്. ഇപ്പോൾ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 252-ലും ഇക്കാര്യത്തിലുള്ള നടപടിക്രമങ്ങൾ വിവരിച്ചിട്ടുണ്ട്. ജീവനക്കാരിൽ നിന്ന് ലഭ്യമാകേണ്ട തൊഴിൽക്കരം പിരിച്ചടുക്കുന്നതിന് തൊഴിൽ ഉടമകൾക്ക് യഥാസമയം നോട്ടീസ് നൽകുകയും തുക അവർ പിരിച്ച് അടയ്ക്കുകയും ചെയ്യുന്നുണ്ടോ എന്ന കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിതാന്ത ജാഗ്രത പാലിക്കേണ്ടതുണ്ട്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളിൽ അലംഭാവം അരുത്.

**വാൽക്കഷ്ണം:-**

ഒരുവൻ:- ഒരുതൊഴിൽ ഉണ്ടായിരുന്നെങ്കിൽ !

അപരൻ:- തൊഴിൽ നികുതി കൊടുക്കാമായിരുന്നു-പഞ്ചായത്തിന്- അല്ലേ? ഒരു സ്വയം തൊഴിൽ കണ്ടെത്താം രണ്ടുപേർക്കും. ■

*ലേഖകൻ സെക്രട്ടറിയേറ്റ് ലോ ഡിപ്പാർട്ട്മെന്റിൽ നിന്നും അഡിഷണൽ സെക്രട്ടറിയായി വിരമിച്ചതാണ്.*

**ഒരു വ്യക്തി അഥവാ ഒരു കമ്പനി ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കൊടുക്കേണ്ട പരമാവധി തൊഴിൽ നികുതി 1,250 രൂപയാണ്. കമ്പനിയുടെ ബ്രാഞ്ചുകൾ ഒന്നിൽ കൂടുതൽ ഒരു മുൻസിപ്പൽ / പഞ്ചായത്ത് പ്രദേശത്ത് ഉണ്ടെങ്കിലും ബ്രാഞ്ചുകളിലെ മൊത്ത വരുമാനം കണക്കാക്കിയാണ് തൊഴിൽ നികുതി ഈടാക്കേണ്ടത്.**






രഘുരാമൻ

# കാൻസർ രോഗികൾക്കൊരു വേദന സംഹാരി

**വിദേശ മരുന്നു കമ്പനികളുടെ ലാഭക്കൊതിയും, ചൂഷണങ്ങളും പരാമർശിക്കുമ്പോൾ തന്നെ ഇന്ത്യൻ മരുന്നു കമ്പനികളുടെ സമാന പ്രവണതകളും ചർച്ചാ വിഷയമാവേണ്ടതുണ്ട്. വർഷങ്ങൾ നീണ്ട ഗവേഷണങ്ങളിലൂടെ വിദേശ കമ്പനികൾ നിർമ്മിക്കുന്ന മരുന്നുകൾ പേറ്റന്റ് അവസാനിക്കുന്ന മുറക്ക് ഏറ്റെടുത്തു നിർമ്മിക്കുന്ന ഇന്ത്യൻ കമ്പനികൾ രോഗികളിൽ നിന്ന് കൊള്ള ലാഭം ഈടാക്കുന്നുണ്ട്.**




സ്വിസ് ബഹുരാഷ്ട്ര മരുന്ന് കമ്പനിയായ നൊവാർട്ടിസിന് തങ്ങളുടെ ഗ്ലിവക്ക് എന്ന രക്താർബുദ ചികിത്സയ്ക്കായുള്ള മരുന്നിന് പേറ്റന്റ് നിഷേധിച്ച സുപ്രീം കോടതി വിധി ഇന്ത്യയിലെ അഞ്ചുലക്ഷത്തിലധികം വരുന്ന രക്താർബുദ രോഗികൾക്ക് ആശ്വാസകരമായി. വർഷങ്ങളോളം തങ്ങളുടെ കുത്തകയായിരുന്ന 'ഗ്ലിവക്ക്' എന്ന രക്താർബുദ മരുന്നിന് 'നിത്യഹരിത' കുത്തകാവകാശം നേടാൻ വേണ്ടിയാണ് നൊവാർട്ടിസ് സുപ്രീം കോടതിയെ സമീപിച്ചത്. പേറ്റന്റ് കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ഉൽപ്പന്നത്തിൽ ചെറിയ മാറ്റങ്ങൾ വരുത്തി വീണ്ടും പേറ്റന്റ് സ്വന്തമാക്കുകയെന്ന ബഹുരാഷ്ട്ര കുത്തകകളുടെ 'നിത്യഹരിത' തന്ത്രമാണ് നൊവാർട്ടിസ് പ്രയോഗിച്ചത്.

മരുന്നുകളുടെ പേറ്റന്റ് കാലാവധി അവസാനിക്കുമ്പോൾ മരുന്നിന്റെ കൂട്ടിൽ ചെറിയ പരിഷ്കാരങ്ങൾ വരുത്തി അത് പുതിയ 'കണ്ടുപിടിത്തം' ആയി ചിത്രീകരിച്ച് പുതിയ പേരും നൽകി രാജ്യത്ത് ആ മരുന്ന് ഉൽപാദിപ്പിക്കാനുള്ള കുത്തകാവകാശം നേടിയെടുത്ത് അതിന്റെ പിൻബലത്തിൽ ഇഷ്ടമുള്ള വില നിശ്ചയിച്ച് വൻ ലാഭം കൊയ്യുന്ന രീതി പല മരുന്നു കമ്പനികളും അവലംബിക്കാറുണ്ട്. ഇമാറ്റിനിബ് മെസിലേറ്റ് (Imatinib Mesylate) എന്ന രാസനാമമുള്ള മരുന്നിന്റെ ബ്രാൻഡ് നാമമാണ് ഗ്ലിവക് (Glivec). നിലവിലുള്ള മരുന്നായ ഇമാറ്റിനിബിന്റെ ബീറ്റ ക്രിസ്റ്റലൈൻ രൂപത്തിലുള്ള ഇമാറ്റിനിബ് മെസിലേറ്റ് ഇമാറ്റിനിബിന്റെ ഒരു വകഭേദം (Salt form) മാത്രമാണ്. ഈ ബീറ്റ ക്രിസ്റ്റലൈൻ രൂപത്തിലുള്ള കൂട്ടിനാണ് നൊവാർട്ടിസ് പേറ്റന്റ് അവകാശം തേടിയിരുന്നത്. എന്നാൽ ഈ മരുന്ന് പഴയ മരുന്നിന്റെ പുതിയ രൂപം മാത്രമാണെന്ന കാരണത്താൽ ഈ അവകാശവാദം കോടതി അംഗീകരിച്ചില്ല. ഏഴു വർഷം നീണ്ട നിയമ യുദ്ധത്തിനൊടുവിലാണ് വില കുറഞ്ഞ ജനറിക് മരുന്നുകൾ നിർമ്മിക്കുന്ന ഇന്ത്യൻ മരുന്നു കമ്പനികളെ തടയണമെന്ന നൊവാർട്ടിസിന്റെ ആവശ്യം സുപ്രീം കോടതി നിരാകരിച്ചത്.

ഗ്ലിവക് മരുന്നിന്റെ ഒരു മാസത്തെ ഡോസിന് 1.20 ലക്ഷം രൂപയിലേറെ വില വരും. എന്നാൽ ഇതേ ഗുണഫലങ്ങളുള്ള ഇന്ത്യൻ കമ്പനികൾ നിർമ്മിക്കുന്ന ജനറിക് മരുന്നിന് 8000 മുതൽ 12000 രൂപ വരെ മാത്രമേ വിലയുള്ളൂ. ഇന്ത്യൻ പേറ്റന്റ് നിയമം 3 (ഡി) വകുപ്പനുസരിച്ച് നിലവിൽ അറിയപ്പെടുന്ന ഒരു പദാർത്ഥത്തിന്റെ കേവലം മറ്റൊരു രൂപം കണ്ടുപിടിച്ചാൽ അത് പേറ്റന്റ് അവകാശത്തന് അർഹമാകുന്നില്ല.



ഗ്ലിവക് മരുന്നിന്റെ ഒരു മാസത്തെ ഡോസിന് 1.20 ലക്ഷം രൂപയിലേറെ വില വരും. എന്നാൽ ഇതേ ഗുണഫലങ്ങളുള്ള ഇന്ത്യൻ കമ്പനികൾ നിർമ്മിക്കുന്ന ജനറിക് മരുന്നിന് 8000 മുതൽ 12000 രൂപ വരെ മാത്രമേ വിലയുള്ളൂ.

രോഗ ചികിത്സ പണമുള്ളവർക്ക് മാത്രം പ്രാപ്യമാകുന്ന ക്രൂരമായ അവസ്ഥ തടയേണ്ടത് സാമൂഹിക നീതിയിലധിഷ്ഠിതമായ ഏതൊരു ജനാധിപത്യ ഭരണകൂടത്തിന്റെയും സുപ്രധാന ചുമതലയാണ്. ഡോക്ടർമാർ മരുന്നിന്റെ ജനറിക് നാമമാണ് എഴുതേണ്ടതെന്ന നിയമം നിലനില്ക്കുമ്പോഴും മരുന്നു കമ്പനിയുടെ താൽപര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് ബ്രാൻഡ് നാമങ്ങൾ മാത്രം കുറിച്ചു കൊടുക്കുന്നു. ഡോക്ടർമാർ മരുന്നുകളുടെ കുറിപ്പടി നൽകുമ്പോൾ അവയുടെ ജനറിക് നാമം നിർബന്ധമായും എഴുതിയിരിക്കണമെന്ന വ്യവസ്ഥ കർശനമായി പാലിക്കേണ്ടതാണ്.

അർബുദ ചികിത്സയ്ക്കു വേണ്ടി പത്തിരട്ടിയിലേറെ വില നൽകി മരുന്നു വാങ്ങി ജീവിതം കടക്കെണിയിലായ ലക്ഷങ്ങൾക്ക് പ്രത്യാശ നൽകുന്നതാണ് ഈ വിധി. 120 കോടിയിലധികം ജനസംഖ്യയുള്ള ഇന്ത്യയിൽ വിൽപ്പന നടത്തുന്ന മരുന്നുകളിൽ ഏറിയ പങ്കും പ്രാഥമിക വൈദഗ്ധ്യമുള്ള എല്ലാ തദ്ദേശീയ ഫാർമസ്യൂട്ടിക്കൽ കമ്പനികൾക്കും ഉൽപാദിപ്പിക്കാവുന്ന ജനറിക് മരുന്നുകളാണ്. രക്താർബുദത്തിന് പുറമെ മറ്റ് അർബുദങ്ങൾക്കും, എയ്ഡ്സിനും മറ്റ് മാരക രോഗങ്ങൾക്കുമുള്ള മരുന്നുകൾ ഇന്ത്യൻ കമ്പനികൾ ഉൽപാദിപ്പിക്കുന്നുണ്ട്. ജനറിക് മരുന്നുകൾ നിർമ്മിക്കുന്ന ഇന്ത്യൻ മരുന്നു കമ്പനികൾക്ക് വൻസാധ്യതകൾ തുറക്കുന്ന വിധി കൂടിയാണിത്.

കേസിൽ നൊവാർട്ടിസ് വിജയിച്ചിരുന്നെങ്കിൽ സമാന മരുന്നുകളുടെ കുത്തവകാശം തേടി പാശ്ചാത്ത്യ കമ്പനികൾ പലതും ഇന്ത്യയിൽ എത്തുമായിരുന്നു. ഈ ദുരന്തം കൂടി കോടതി വിധിയിലൂടെ ഒഴിവാക്കപ്പെട്ടു. ഫിസർ, റോഷെ തുടങ്ങിയ വിദേശ കമ്പനികൾ തങ്ങളുടെ കാൻസർ, ഹെപ്പറ്റൈറ്റിസ്-ബി മരുന്നുകൾക്ക് സമാന പേറ്റന്റുകൾ ലഭിക്കാനുള്ള ശ്രമത്തിലാണ്. അവർക്ക് അശുഭ വാർത്തായായി ഈ വിധി. മരുന്നുകൾ കണ്ടെത്തുന്നതിന് വർഷങ്ങൾ നീളുന്ന ഗവേഷണത്തിന്റെയും അനുബന്ധ ചെലവിന്റെയും കണക്കുകൾ പെരുപ്പിച്ച് കാണിച്ചാണ് മരുന്നു കമ്പനികൾ ദീർഘമായി പേറ്റന്റ് കാലാവധി സമ്പാദിക്കാറുള്ളത്. എന്നാൽ അമേരിക്കയിൽ മാത്രം ഒരു വർഷം വിൽപ്പന നടത്തിയാൽ ഈ ചെലവുകളെല്ലാം മറി കടന്ന് വൻലാഭം കൊയ്യാനാവുമെന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

വിധി എതിരായതോടെ ബൗദ്ധിക സ്വത്തവകാശത്തിന് വില നൽകാത്ത രാജ്യമാണ് ഇന്ത്യയെന്നും ഇവിടെ കൂടുതൽ നിക്ഷേപം നടത്തുന്നത് ബുദ്ധിശൂന്യതയാണെന്നും നൊവാർട്ടിസും മറ്റ് ബഹുരാഷ്ട്ര കമ്പനികളും പ്രചരിപ്പിക്കുന്നുണ്ട്. എന്നാൽ ഇതിൽ യാതൊരു വാസ്തവവുമില്ല നൂതന സൃഷ്ടികളും, കണ്ടുപിടിത്തങ്ങളും നടത്തുന്ന മരുന്നു കമ്പനികൾക്കും അവരുടെ ബൗദ്ധിക സ്വത്തവകാശത്തിനും പൂർണപരിരക്ഷ ഇൻഡ്യൻ പേറ്റന്റ് നിയമം നല്കുന്നുണ്ട്. ബുദ്ധിയ്ക്ക് പകരം കൗശലം പ്രയോഗിച്ച് ചെറിയ മിനിക്കു പണികളിലൂടെ ഇല്ലാത്ത നൂതനത ഉണ്ടെന്നു വരുത്തി കുത്തകാവകാശം ദീർഘിപ്പിക്കാനുള്ള ശ്രമം അംഗീകരിക്കില്ലെന്ന് മാത്രമേ സുപ്രീം കോടതി വിധി പറയുന്നുള്ളൂ.

പേറ്റന്റ് സംവിധാനം ദുരുപയോഗം ചെയ്ത് അർഹതപ്പെടാത്ത കുത്തകാവകാശം കൈക്കലാക്കാനുള്ള അവസരം ഇല്ലാതാക്കുക മാത്രമേ സുപ്രീം കോടതി ചെയ്തിട്ടുള്ളൂ. ബഹുരാഷ്ട്ര മരുന്നു കമ്പനികൾ നിലവിലുള്ള പേറ്റന്റുകൾ ദീർഘിപ്പിക്കുവാനുള്ള നിത്യഹരിത തന്ത്രങ്ങൾക്കു പകരം യഥാർത്ഥ ഗവേഷണവും അതു വഴി നൂതന സൃഷ്ടികളും സാധ്യമാക്കുവാനാണ് ശ്രദ്ധ നൽകേണ്ടതെന്ന ലളിതമായ സന്ദേശമാണ് സുപ്രീം കോടതിയുടെ ഈ വിധി നൽകുന്നത്.

വിദേശ മരുന്നു കമ്പനികളുടെ ലാഭക്കൊതിയും, ചൂഷണങ്ങളും പരാമർശിക്കുമ്പോൾ തന്നെ ഇന്ത്യൻ മരുന്നു കമ്പനികളുടെ സമാന പ്രവണതകളും ചർച്ചാവിഷയമാവേണ്ടതുണ്ട്. വർഷങ്ങൾ നീണ്ട ഗവേഷണങ്ങളിലൂടെ വിദേശ കമ്പനികൾ നിർമ്മിക്കുന്ന മരുന്നുകൾ പേറ്റന്റ് അവസാനിക്കുന്ന മുറക്ക് ഏറ്റെടുത്തു നിർമ്മിക്കുന്ന ഇന്ത്യൻ കമ്പനികൾ രോഗികളിൽ നിന്ന് കൊള്ള ലാഭം ഈടാക്കുന്നുണ്ട്.

പുതിയ മരുന്നുകൾ കണ്ടുപിടിക്കുന്നതിനോ, പഴയവയുടെ നവീകരണത്തിനോ ആവശ്യമായ ഗവേഷണങ്ങൾ നടത്താനൊന്നും ഇന്ത്യൻ കമ്പനികൾ താല്പര്യം കാണിക്കാറില്ല. പകരം കുത്തക മരുന്നുകൾ കൂടിയ വിലയ്ക്ക് വിറ്റ് യാതൊരധ്വാനവും നടത്താതെ കൊള്ള ലാഭം കൊയ്യുന്നതാണ് അവരുടെ രീതി. ഈ പ്രവണതയ്ക്ക് അറുതി വരുത്തി മുന്തിയ മരുന്നുകൾ പരമാവധി വിലകുറച്ച് രോഗികളിൽ ഭൂരിപക്ഷം വരുന്ന പാവങ്ങളിലെത്തിക്കുവാൻ ശക്തമായ നടപടി സ്വീകരിക്കുവാൻ കേന്ദ്ര സർക്കാരിന് സുപ്രീം കോടതി വിധി ഊർജ്ജമാവേണ്ടതുണ്ട്.

ഗവേഷണത്തിനും, ഉൽപാദനത്തിനും കൂടുതൽ പണം വകയിരുത്തി ആരോഗ്യ മേഖലയിൽ സർക്കാർ സക്രിയമായി ഇടപെടുകയും വേണം. ■

*ലേഖകൻ ആലപ്പുഴ നഗരസഭാ സെക്രട്ടറിയാണ്*

ബൗദ്ധിക സ്വത്തവകാശത്തിന് വില നൽകാത്ത രാജ്യമാണ് ഇന്ത്യയെന്നും ഇവിടെ കൂടുതൽ നിക്ഷേപം നടത്തുന്നത് ബുദ്ധിശൂന്യതയാണെന്നും നൊവാർട്ടിസും മറ്റ് ബഹുരാഷ്ട്ര കമ്പനികളും പ്രചരിപ്പിക്കുന്നുണ്ട്.





മുരളീധരൻ തഴക്കര

# ഈ കൃഷിക്കൂട്ടം ഭക്ഷ്യ സ്വാതന്ത്ര്യത്തിലേക്കുള്ള കാലടികൾ

**കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി കാടു പിടിച്ച് തരിശായി കിടന്ന സ്ഥലങ്ങളൊക്കെയും ഹരിത സമൃദ്ധമായ വിളഭൂമികളാക്കി മാറ്റുവാൻ കഴിഞ്ഞിരിക്കുന്നു. ഈ ഗ്രാമത്തിൽ തരിശായി കിടക്കുന്ന പുരയിടങ്ങളൊന്നും ഇനി ബാക്കിയില്ലെന്നതാണ് സത്യം.**

വികസനോന്മുഖമായ കാഴ്ചപ്പാടും കർമ്മ രംഗത്ത് ഇച്ഛാ ശക്തിയുമുണ്ടെങ്കിൽ പ്രത്യുൽപ്പാദനപരമായ കാർഷിക വികസന സംരംഭങ്ങളിലൂടെ നൂറുമേനി നേട്ടം കൊയ്യാൻ കഴിയും എന്നതിന്റെ നേർക്കാഴ്ചയാണ് ആലപ്പുഴ ജില്ലയിലെ തഴക്കര പഞ്ചായത്തിൽ നടക്കുന്ന 'കൃഷിക്കൂട്ടം' പദ്ധതി. വിവധ വകുപ്പുകളുടെയും സമാന പദ്ധതികളുടെയും നിർവ്വഹണത്തിനായുള്ള ഏകോപനവും സംയോജനവും ഒപ്പം അക്ഷരാർത്ഥത്തിൽ ജനപങ്കാളിത്തവും പ്രാവർത്തികമാക്കിയപ്പോൾ ഒരു ഗ്രാമത്തിലെ തരിശുഭൂമി മുഴുവൻ തളിരണിഞ്ഞിരിക്കുന്നു. 'മനസ്സുണ്ടെങ്കിൽ മാർഗ്ഗവുമുണ്ടെന്ന' പഴമൊഴി ഇവിടെ അർത്ഥപൂർണ്ണമാകുന്നു.

പ്രാദേശിക സർക്കാരുകളായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളും ക്രിയാത്മകമായ പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യുന്ന, അതിനാവശ്യമായ ആവശ്യാധിഷ്ഠിത പരിശീലനം നൽകുന്ന 'കില' തഴക്കര ഗ്രാമപഞ്ചായത്ത് വിജയകരമായി നടപ്പിലാക്കുന്ന 'കൃഷിക്കൂട്ടം' ഒരു സംയോജിത – ജനപങ്കാളിത്ത വികസന മാതൃകയായി ചൂണ്ടിക്കാട്ടുന്നു. 2012 നവംബറിലാണ് തഴക്കരയിൽ കൃഷിക്കൂട്ടങ്ങൾ എന്ന ആശയം ഉരുത്തിരിയുന്നത്. മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ കൂട്ടായ്മ, ജനകീയാസൂത്രണ പദ്ധതി, കേന്ദ്രാവിഷ്കൃത രാഷ്ട്രീയ കൃഷി വികാസ് യോജന, കൃഷി വകുപ്പിന്റെ ATMA, സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവയുടെ സംയോജനത്തിലൂടെ കാർഷിക രംഗത്ത് ആരെയും അത്ഭുതപ്പെടുത്തുന്ന മുന്നേറ്റമാണുണ്ടായത്. പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി 21 കൃഷിക്കൂട്ടങ്ങളാണ് കഴിഞ്ഞ വർഷം പ്രവർത്തിച്ചത്.



ഓരോ കൃഷിക്കൂട്ടങ്ങളും ചുരുങ്ങിയത് ഒരേക്കർ മുതൽ പരമാവധി അഞ്ചേക്കർ വരെ സ്ഥലത്താണ് വൈവിധ്യമാർന്ന വിളകൾ കൃഷി ചെയ്തത്. കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി കാടു പിടിച്ച് തരിശായി കിടന്ന സ്ഥലങ്ങളൊക്കെയും ഹരിത സമൃദ്ധമായ വിളഭൂമികളാക്കി മാറ്റുവാൻ കഴിഞ്ഞിരിക്കുന്നു. ഈ ഗ്രാമത്തിൽ തരിശായി കിടക്കുന്ന പുരയിടങ്ങളൊന്നും ഇനി ബാക്കിയില്ലെന്നതാണ് സത്യം. പച്ചക്കറികൾ, മരച്ചീനി, ചേന, ചേമ്പ്, വാഴ എന്നിവയാണ് വിപണനാടിസ്ഥാനത്തിൽ ഇവിടെ കൃഷി ചെയ്തത്. പഞ്ചായത്തിന്റെ വികസന ഫണ്ടിൽ ഏഴു ലക്ഷം രൂപ ഇതിനായി വകയിരുത്തി. മനുഷ്യാദ്ധ്വാനം പൂർണ്ണമായും തൊഴിലുറപ്പ് പദ്ധതിയിലൂടെ ലഭ്യമാക്കി. കൃഷി വകുപ്പിന്റെ 'ആത്മ' പദ്ധതി പ്രകാരം ശാസ്ത്രീയ കൃഷി അനുവർത്തനമുറകളിൽ പരിശീലനം നൽകി, രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ പണം കൃഷി ചെയ്യാനുദ്ദേശിച്ച സ്ഥലത്തെ കാടുവെട്ടിത്തെളിക്കുന്നതിനും, യന്ത്രങ്ങൾ ഉപയോഗിച്ച് ഉഴവു നടത്തുന്നതിനും വിനിയോഗിച്ചു. ഓരോ കൃഷിക്കൂട്ടങ്ങളിലും അഞ്ചു മുതൽ ഇരുപത് പേർവരെയാണുണ്ടായിരുന്നത്. എല്ലാവരും വനിതകളായിരുന്നു എന്നതും എടുത്തു പറയേണ്ട സവിശേഷതയാണ്. തരിവളയണിഞ്ഞ കൈകൾ മൺവെട്ടിയെടുത്തപ്പോൾ അവിടെ കൂട്ടായ്മയുടെ ഒരു പുതിയ താളമുണ്ടായി.

തഴക്കര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ: കോശി. എം. കോശിയുടെ സംഘാടന നിർവ്വഹണ പാടവം, ഓരോ വാർഡ് മെമ്പർമാരുടെയും സക്രിയമായ ഇടപെടൽ, കൃഷി ഓഫീസർ അഭിലാഷ് കരിമുളയ്ക്കൽ. അക്രഡിറ്റഡ് എഞ്ചിനീയർ ഗീതാ സുദർശനൻ എന്നിവരുടെ പ്രതിബദ്ധത സർവ്വോപരി കൃഷിക്കൂട്ടം അംഗങ്ങളുടെ കഠിന പ്രയത്നം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അടക്കമുള്ള ഉദ്യോഗസ്ഥരുടെ സഹകരണം എന്നിവയെല്ലാം സമഞ്ജസമായി സമ്മേളിച്ചപ്പോൾ ഈ ഗ്രാമത്തിലേക്ക് കാർഷിക സമൃദ്ധി പടി കടന്നെത്തി. കഴിഞ്ഞ ഓണത്തിന് 25000ത്തോളം നേന്ത്രക്കുലകളാണ് കൃഷിക്കൂട്ടങ്ങൾ വിളയിച്ചത്. പന്തീരായിരം കിലോഗ്രാമിലധികം മരച്ചീനി വിളയിച്ചെടുത്തു മറ്റൊരു കൃഷിക്കൂട്ടം. കാർഷികോല്പാദനം വർദ്ധിച്ചുവെങ്കിലും വിപണനവും പ്രശ്നമായില്ല. ജൈവരീതിയിൽ വിളയിച്ചെടുത്ത ഈ ഉൽപ്പന്നങ്ങൾക്ക് നാട്ടുകാർക്കിടയിൽ ഏറെ പ്രിയമായിരുന്നു.

കൃഷിക്കൂട്ടങ്ങളുടെ നേതൃത്വത്തിൽ വഴിയോര കാർഷിക വിപണികളും ആരംഭിച്ചു. ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും സാമഗ്രികളും കൃഷിവകുപ്പും പഞ്ചായത്തും ചേർന്ന് ഒരുക്കികൊടുത്തു. അത് ഉപഭോക്താക്കളായ തദ്ദേശവാസികൾക്കും സഹായമായി, വിഷം വമിക്കാത്ത ഉൽപ്പന്നങ്ങൾ താരതമ്യേന കുറഞ്ഞ വിലയ്ക്ക് പച്ചയ്ക്ക് പച്ചയായി തന്നെ വാങ്ങുവാൻ സാധിച്ചു. ഓരോ കൃഷിക്കൂട്ട അംഗങ്ങൾക്കും വിളവെടുപ്പും വില്പനയും കഴിഞ്ഞപ്പോൾ മൂവായിരം രൂപ മുതൽ പതിനായിരം രൂപ വരെ ലഭിച്ചു. മാത്രമല്ല സ്വന്തം വീട്ടാവിശ്യത്തിന് ഇവ യഥേഷ്ടം ഉപയോഗിക്കുവാനും സാധിച്ചു.

കൃഷിക്കായി മണ്ണൊരുക്കുന്നതിന് മുമ്പേ ഇതിൽ പങ്കാളികളായ കൃഷിക്കൂട്ടം അംഗങ്ങളുടെ മനസ്സൊരുക്കലാണ് നടന്നത്. കൃഷിക്കായി തെരെഞ്ഞെടുത്ത സ്ഥലങ്ങളിൽ തന്നെ ഓരോ കൃഷിക്കൂട്ടം അംഗങ്ങളുടെയും പ്രാഥമിക യോഗം ചേർന്ന് ഒരു പ്രായോഗിക കർമ്മ പദ്ധതി തയ്യാറാക്കുകയും ഒപ്പം ജനാധിപത്യ രീതിയിൽ തന്നെ കൃഷിക്കൂട്ടം ഭാരവാഹികളെ തെരെഞ്ഞെടുക്കുകയും ചെയ്തു. ഇരുപത്തിയൊന്ന് കൃഷിക്കൂട്ടങ്ങളുടെ യോഗത്തിലും പഞ്ചായത്ത് പ്രസിഡന്റ്, വാർഡ് മെമ്പർമാർ, കൃഷി ഓഫീസർ, അക്രഡിറ്റഡ് എഞ്ചിനീയർ എന്നിവർ കൃത്യമായി പങ്കെടുത്തിരുന്നു. ഓരോ കൃഷിക്കൂട്ടത്തിനും പ്രസിഡന്റ്, കൺവീനർ, ഖജാൻജി എന്നിവരടക്കം ഏഴംഗ കമ്മിറ്റിയെയും തെരെഞ്ഞെടുത്തു. കൃഷി വിളവെടുപ്പ് വിപണനം തുടങ്ങി എല്ലാ കാര്യങ്ങളും കൂട്ടായി ആലോചിച്ച് ജനാധിപത്യ രീതിയിൽ തന്നെ തീരുമാനിക്കുകയായിരുന്നു.

**'ഒത്തുപിടിച്ചാൽ മലയും പോരും' എന്ന പഴമൊഴി ഇവിടെ അർത്ഥപൂർണ്ണമായിരിക്കുന്നു. ഒരു ഗ്രാമം കാർഷിക പുനരുജ്ജീവനം കണികണ്ടുണരുന്ന നന്മയായി ഈ കൃഷിക്കൂട്ടം മാറിക്കഴിഞ്ഞു. മിക്കപ്പോഴും നമ്മുടെ നാട്ടിൽ ഇങ്ങനെയുള്ള വികസന പദ്ധതികളുടെ ഉദ്ഘാടനവും സ്വാഭാവികമായ സമാപനവും തമ്മിൽ വലിയ കാല ദൈർഘ്യം ഉണ്ടാകില്ല.**





ഈ ഗ്രാമം കൃഷിയുടെ മേഖലയിൽ നടത്തിയ വിജയകരമായ സുവിശേഷം കാണുവാനും കേൾക്കുവാനുമായി വിദേശികളടക്കം എത്രയോ പേരാണ് തഴക്കരയിലെത്തിയത്. കേന്ദ്ര സംസ്ഥാന മന്ത്രിമാർ, എം.എൽ.എമാർ, ത്രിതല പഞ്ചായത്ത് സാരഥികൾ, ജില്ലാ കളക്ടർ അടക്കമുള്ള ഉന്നത ഉദ്യോഗസ്ഥർ. അങ്ങനെ ഈ കാർഷിക കൂട്ടായ്മയുടെ പുത്തൻ കൃഷിപാഠം കേരളത്തിലെ മുഴുവൻ പഞ്ചായത്തുകൾക്കും മാതൃകയാക്കാവുന്ന ഒരു സംയോജിത വികസന സമീപനമായി 'കില' അംഗീകരിച്ചിരിക്കുന്നു. തൊഴിലുറപ്പ് പദ്ധതിയെ എങ്ങനെ പ്രത്യുൽപ്പാദനപരമായ പന്ഥാവിലേക്ക് തിരിച്ചുവിടാം എന്നതിനുള്ള പ്രായോഗിക പാഠം കൂടിയാണ് ഈ കൃഷിക്കൂട്ടം മുന്നോട്ടുവെയ്ക്കന്നത്.

'ഒത്തുപിടിച്ചാൽ മലയും പോരും' എന്ന പഴമൊഴി ഇവിടെ അർത്ഥപൂർണ്ണമായിരിക്കുന്നു. ഒരു ഗ്രാമം കാർഷിക പുനരുജ്ജീവനം കണികണ്ടുണരുന്ന നന്മയായി ഈ കൃഷിക്കൂട്ടം മാറിക്കഴിഞ്ഞു. മിക്കപ്പോഴും നമ്മുടെ നാട്ടിൽ ഇങ്ങനെയുള്ള വികസന പദ്ധതികളുടെ ഉദ്ഘാടനവും സ്വാഭാവികമായ സമാപനവും തമ്മിൽ വലിയ കാലദൈർഘ്യം ഉണ്ടാകില്ല. പഴയ തഴക്കരയിലെ കൃഷിക്കൂട്ടം പദ്ധതി അതിനൊരപവാദമാണ്. കഴിഞ്ഞ വർഷം 21 കൃഷിക്കൂട്ടങ്ങളായിരുന്നു ഉണ്ടായിരുന്നതെങ്കിൽ ഈ വർഷം അത് 31 ആയി വർദ്ധിച്ചിരിക്കുന്നു. കഴിഞ്ഞ വർഷം പദ്ധതി ആസൂത്രണത്തിൽ ഗ്രാമപഞ്ചായത്ത് ഈ പദ്ധതിക്കായി ഏഴു ലക്ഷം രൂപയാണ് നീക്കിവെച്ചതെങ്കിൽ ഈ വർഷം അത് പത്ത് ലക്ഷം രൂപയായി വർദ്ധിച്ചിരിക്കുന്നു. ഓരോ രംഗത്തും ഈ വർദ്ധന പ്രകടമാണ്.

കൃഷിയോടുപുറം തിരിഞ്ഞു നിന്ന–മണ്ണിലേക്കിറങ്ങാൻ മടിച്ചു നിന്ന ഒരു പാടുപേരെ മണ്ണിന്റെ ഉർവ്വരതയിലേക്ക് മടക്കികൊണ്ടുവരുവാൻ ഈ കൃഷിക്കൂട്ടങ്ങൾക്കു കഴിഞ്ഞു. ഓരോ കൃഷിക്കൂട്ടത്തിലെയും അംഗങ്ങൾ മാത്രമല്ല – ഈ കാർഷിക സമൃദ്ധിയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് എന്തെങ്കിലും ചില വിളകൾ ഞങ്ങളുടെ അടുക്കള മുറ്റത്തും കൃഷി ചെയ്യുന്നതിന് ഒരുപാടു പേർക്ക് പ്രചോദനമേകി എന്നതാണ് ഈ കൃഷിക്കൂട്ടങ്ങൾ ഉണ്ടാക്കിയ സാമൂഹിക നന്മ. മണ്ണിനും മനുഷ്യനും ആരോഗ്യദായകമായ കൃഷി രീതി അനുവർത്തിക്കുകയും വിഷരഹിതമായ ഉൽപ്പന്നങ്ങൾ വിളയിച്ചെടുത്ത് ഉപയോഗിക്കുകയും ചെയ്തതിലൂടെ കൈവന്ന ആരോഗ്യസുരക്ഷ അതിലേറെ പ്രധാനം.

മഹത്തായ ഗാന്ധിയൻ ദർശനത്തിന്റെ പ്രാവർത്തികത കൂടിയാണ് ഈ കൃഷിക്കൂട്ടം. സ്വാശ്രയത്വത്തിലേക്കുള്ള – ഭക്ഷ്യ ഭദ്രതയിലേക്കുള്ള ചുവട്‌വെപ്പ്. കായ് കറികളുടെയും കിഴങ്ങു വർഗ്ഗങ്ങളുടെയും കാര്യത്തിൽ ഒരു ഗ്രാമം പരമാവധി അന്യാശ്രയത്വം ഒഴിവാക്കി സ്വാശ്രയത്വത്തിലേക്ക് മുന്നേറുകയാണ്. ■

*ലേഖകൻ –തിരുവനന്തപുരം*
*ആകാശവാണിയിൽ പ്രോഗ്രാം എക്സിക്യൂട്ടീവാണ്.*

**കൃഷിക്കായി മണ്ണൊരുക്കുന്നതിന് മുമ്പേ ഇതിൽ പങ്കാളികളായ കൃഷിക്കൂട്ടം അംഗങ്ങളുടെ മനസ്സൊരുക്കലാണ് നടന്നത്. കൃഷിക്കായി തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ തന്നെ ഓരോ കൃഷിക്കൂട്ടം അംഗങ്ങളുടെയും പ്രാഥമിക യോഗം ചേർന്ന് ഒരു പ്രായോഗിക കർമ്മ പദ്ധതി തയ്യാറാക്കുകയും ഒപ്പം ജനാധിപത്യ രീതിയിൽ തന്നെ കൃഷിക്കൂട്ടം ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു.**



അബ്ദുറഹീം. എം. പി.




# തൊഴിലുറപ്പ് പദ്ധതി ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റത്തിലേക്ക്



മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി ത്തുടങ്ങിയിട്ട് ഏഴ് വർഷം പൂർത്തിയായി ഗ്രാമീണ ജനതയുടെ പ്രത്യേകിച്ചും സ്ത്രീക ളുടെ ജീവിത നിലവാരമുയർത്തുന്നതിനും അവരുടെ സാമൂഹിക പദവി ഉയർത്തുന്നതിലും പദ്ധതി വഹിച്ച പങ്ക് വളരെ വലുതാണ്. ദരിദ്രരായ ഗ്രാമീണ ജനതയുടെ സാമ്പത്തിക ശേഷി ഉയർത്തുന്നതോടൊപ്പം നാടിന്റെ വികസന പ്രവർത്തനങ്ങളിൽ കാര്യമായ പങ്ക് വഹി ക്കാനും പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്. ഭൂവികസനം, കാർഷിക വികസനം, അടിസ്ഥാന സൗകര്യ വികസനം, നീർത്തട സംരക്ഷണം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ മേഖലകളിൽ തൊഴി ലുറപ്പിന്റെ പങ്ക് വളരെ വലുതാണ്. ഗ്രാമീണ സ്ത്രീകളുടെ സാമൂഹിക പദവിയിലും സംഘ ബോധത്തിലും തൊഴിൽ നൈപുണ്യത്തിലുമെല്ലാം പദ്ധതി വരുത്തിയ മാറ്റങ്ങളും ശ്രദ്ധേ യമാണ്.

2012-13 സാമ്പത്തിക വർഷം തൊഴിലുറപ്പു പദ്ധതിയിലൂടെ കേരളത്തിൽ 1400 കോടി യിൽപ്പരം രൂപ ചെലവഴിക്കാനായി. ഇതുവഴി ഏതാണ്ട് 836 ലക്ഷം തൊഴിൽ ദിനങ്ങളും സൃഷ്ടിക്കാനായി സംഖ്യാപരമായ (Quantitative) ഏറെ പുരോഗതികളുണ്ടായെങ്കിലും ഗുണ പരമായ (Qualitative) ഒട്ടേറെ പോരായ്മകൾ ഇപ്പോഴും ഈ പദ്ധതിയിലുണ്ട്. പദ്ധതിയിലൂടെ കാര്യമായ ആസ്തികളൊന്നും നിർമ്മിക്കപ്പെടുന്നില്ല എന്നതാണ് ഈ പോരായ്മകളിൽ പ്രധാനമായ ഒന്ന്. ഒരു നിയമം എന്ന നിലയ്ക്ക് പദ്ധതി ഉറപ്പ് നൽകുന്ന പല അവകാശ ങ്ങളും ലംഘിക്കപ്പെടുന്നു എന്നതാണ് മറ്റൊന്ന്. ആവശ്യത്തിന് തൊഴിൽ കിട്ടുക എന്നതും സമയത്തിന് വേതനം കിട്ടുക എന്നതുമാണ് നിയമം ഉറപ്പുനൽകുന്ന രണ്ട് പ്രധാന അവ കാശങ്ങൾ. ഇവ രണ്ടും തന്നെയാണ് ഏറ്റവുമധികം ലംഘിക്കപ്പെടുന്നതും. ഇതിൽ രണ്ടാമ ത്തേത്, വേതനം നിശ്ചിത സമത്തിനകം ലഭ്യമാക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊ ണ്ടാണ് തൊഴിലുറപ്പ് പദ്ധതിയിൽ ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം (eFMS) എന്ന പുതിയ സംവിധാനം നടപ്പാക്കുന്നത്.

തൊഴിലെടുത്താൽ ഏഴ് ദിവസത്തിനകം, പരമാവധി 14 ദിവസത്തിനുള്ളിൽ കൂലിനൽകി യിരിക്കണമെന്നാണ് തൊഴിലുറപ്പ് നിയമം അനുശാസിക്കുന്നത്. 15-ാമത്തെ ദിവസം മുതൽ വേതനം വൈകുന്നതിന് നഷ്ട പരിഹാരം നൽകാനും നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ പലപ്പോഴും ഇതൊന്നും പാലിക്കപ്പെടുന്നില്ല എന്നതാണ് യാഥാർത്ഥ്യം. 2012-13 സാമ്പത്തിക വർഷം വേതനത്തിലെ കാലതാമസം (Payment Delay) 47 ശതമാനത്തിനു മുകളിലാണ്. അഥവാ ഏതാണ്ട് പകുതിയോളം തൊഴിലാളികൾക്കും 14 ദിവസത്തിന് ശേഷ മാണ് വേതനം കിട്ടുന്നതെന്നർഥം. ഈ കാലതാമസം ഒരു മാസം മുതൽ മൂന്ന് മാസം



വരെ ഉണ്ടാകുന്നുണ്ട്. വേതന വിതരണത്തിലെ ഈ കാല താമസത്തിന് ഒരുപാട് കാരണങ്ങളുണ്ട്. പ്രവൃത്തികളുടെ അളവെടുപ്പിലുള്ള (measurement) കാലതാമസം, മസ്റ്റർ റോളുകൾ അപ്പ്ലോഡ് ചെയ്യുന്നതിലെ താമസം, ബില്ലെഴുതുന്നതിലും ചെക്ക് ഒപ്പ് ഇടുന്നതിലുമുള്ള താമസം, ബാങ്കുകളിലെ കാലതാമസം, ആവശ്യത്തിന് ഫണ്ട് ലഭ്യമല്ലാത്തത് എന്നിവയാണിതിൽ പ്രധാനം. നൂതന സാങ്കേതിക വിദ്യകളുടെ സഹായത്തോടെ ഓഫീസുകളിൽ വരുന്ന കാലതാമസം (Processing Delay)കുറയ്ക്കുകയും ശരിയായ ഫണ്ട് മാനേജ്മെന്റിലൂടെ ഫണ്ടിന്റെ ലഭ്യത ഉറപ്പ് വരുത്തുകയുമാണ് eFMS-ലൂടെ ലക്ഷ്യമിടുന്നത്.

**എന്താണ് eFMS**

നിലവിലെ രീതിയിൽ പ്രവൃത്തി കഴിഞ്ഞു വരുന്ന മസ്റ്റർ റോളുകളിലെ വിവരങ്ങൾ ഗ്രാമ പഞ്ചായത്തുകളിലെ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ (DEO) എം.ഐ.എസിൽ (Managemet Information System - NIC വികസിപ്പിച്ച സവിശേഷ സോഫ്റ്റ് വെയർ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന NREGS- ന്റെ വെബ്സൈറ്റ്) അപ്ലോഡ് ചെയ്യുകയും ആ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഒരു wage list (ഓരോ തൊഴിലാളിയും എത്രദിവസം തൊഴിൽ ചെയ്തുവെന്നും, അതിനാനുപാതികമായ വേതനവും കാണിക്കുന്ന പട്ടിക) തയ്യാറാക്കുകയാണ് ചെയ്യുന്നത്. ഈ wage list പഞ്ചായത്തിലെ അക്കൗണ്ടന്റോ മറ്റ് ചുമതലപ്പെട്ടവരോ പരിശോധിച്ച് ചെക്കെഴുതുന്നു. വിവരങ്ങൾ പരിശോധിച്ച് പഞ്ചായത്ത് സെക്രട്ടറിയും പ്രസിഡന്റും ഒപ്പ് വച്ച് ചെക്കുകൾ ബാങ്കിന് നൽകുന്നതോടെ ബാങ്ക് wage list പ്രകാരമുള്ള പണം ബന്ധപ്പെട്ട തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് മാറ്റുന്നു. നിലവിലെ രീതിയിൽ ഫണ്ട് ലഭ്യമാവുന്നത് സംസ്ഥാന തലത്തിൽ നിന്ന് ജില്ലയിലേക്കും ജില്ലയിൽ നിന്ന് ബ്ലോക്കിലേക്കും (BPO) അവിടെ നിന്ന് ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്കുമാണ്. ഓരോ തലത്തിലെയും ചെലവും (Utilisation) MIS-ലെ കണക്കുകളും അവരുടെ ഭാവി ആവശ്യങ്ങളും കണക്കിലെടുത്തുകൊണ്ടാണ് ഫണ്ട് വീതിച്ചു നൽകുന്നത്. eFMS നടപ്പിലാക്കുന്നതോടെ ഫണ്ട് കൈമാറ്റത്തിലെ ഈ ഇടനിലക്കാരെല്ലാം പുറത്താകും. സംസ്ഥാന തലത്തിലെ ഒരു നോഡൽ ബാങ്കിൽ നിന്ന് തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് നേരിട്ട് ഇലക്ട്രോണിക് ട്രാൻസ്ഫർ വഴി ഫണ്ട് കൈമാറുകയാണിവിടെ ചെയ്യുന്നത്. നിലവിൽ തയാറാക്കുന്ന വേജ് ലിസ്റ്റുകൾക്കു പകരം ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ ഓർഡറുകൾ (FTO) തയാറാക്കുക എന്നതാണ് പുതിയ സംവിധാനത്തിലെ ആദ്യപടി. DEO തയാറാക്കുന്ന FTO പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് അതിൽ അദ്ദേഹത്തിന്റെ ഡിജിറ്റൽ സിഗ്നേച്ചർ പതിപ്പിക്കുന്നതാണ് രണ്ടാം ഘട്ടം. മൂന്നാമത്തെ ഘട്ടത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ദേഹത്തിന്റെ ഡിജിറ്റൽ സിഗ്നേച്ചർ പതിപ്പിക്കുന്നു. ശേഷം ഈ FTO നോഡൽ ബാങ്കിലേക്കയക്കുന്നു. ബാങ്ക് FTO പരിശോധിച്ച് ബന്ധപ്പെട്ടതൊഴിലാളികളുടെ അക്കൗണ്ടിലേക്ക് പണം മാറ്റുന്നതോടെ പ്രക്രിയ പൂർത്തിയാവുന്നു. FTO ബാങ്കിന് കിട്ടിക്കഴിഞ്ഞാൽ പരമാവധി 24 മണിക്കൂറിനകം തൊഴിലാളികളുടെ അക്കൗണ്ടിൽ പണമെത്തിയിരിക്കും.

നിലവിൽ പദ്ധതിക്കായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന MIS-ഉം ബാങ്കുകളുടെ നെറ്റ് വർക്കുകളും കൂടി സംയോജിപ്പിച്ചു കൊണ്ടാണ് eFMS നടപ്പാക്കുന്നത്. NIC യാണ് ഇതിനുവേണ്ട സാങ്കേതിക സഹായങ്ങൾ നൽകുന്നത്. പഞ്ചായത്ത് സെക്രട്ടറിയും പ്രസിഡന്റും പ്രത്യേക ഹാർഡ് വെയർ (USB-Dongle) ഉപയോഗിച്ചാണ് അവരുടെ ഡിജിറ്റൽ സിഗ്നേച്ചർ പതിക്കുന്നത്. പഞ്ചായത്തിലെ കമ്പ്യൂട്ടറിൽ ഈ കൊച്ചു ഉപകരണം കണക്ട് ചെയ്ത്, പ്രത്യേക പാസ് വേഡും നൽകിയെങ്കിൽ മാത്രമേ ഫണ്ട് ട്രാൻസ്ഫർ ഓർഡർ പ്രൊസസ് ചെയ്യാനാവൂ. അതിനാൽത്തന്നെ ഈ സംവിധാനം വളരെ സുരക്ഷിതമാണ്.

**നേട്ടങ്ങൾ**

തൊഴിലുറപ്പ് പദ്ധതിയിൽ വിപ്ലവകരമായ മാറ്റങ്ങളാണ് eFMS ലൂടെ വരാൻ പോകുന്നത്. പദ്ധതിയുടെ കാര്യക്ഷമതയും സുതാര്യതയും വർധിപ്പിക്കുന്നതിലൂടെ തൊഴിലുറപ്പ് നിയമം അനുശാസിക്കുന്ന അവകാശങ്ങൾ തൊഴിലാളികൾക്ക് ഉറപ്പാക്കാൻ ഈ സംവിധാനത്തിന് കഴിയും. കാര്യക്ഷമമായ ഫണ്ട് മാനേജ്മെന്റ് സാധ്യമാവുന്നു എന്നത് തന്നെയാണ് സംവിധാനത്തിന്റെ ഏറ്റവും വലിയ നേട്ടം. നിലവിലെ രീതിയിൽ താഴെത്തട്ടുകളിലേക്ക് വീതിച്ചു നൽകുന്ന പണം വിവിധ തട്ടുകളിലായി കെട്ടിക്കിടക്കുന്നതാണ് ഒരു വലിയ പ്രശ്നം. ചില പഞ്ചായത്തുകളിൽ ഫണ്ടിന് ക്ഷാമമുണ്ടാവുമ്പോൾ മറ്റ് ചിലയിടങ്ങളിൽ കോടികൾ ബാങ്കുകളിൽ കെട്ടികിടക്കാനിടയാകുന്നു. ഒരിക്കൽ നൽകിക്കഴിഞ്ഞ പണം തിരിച്ചെടുത്ത് ആവശ്യമുള്ളവർക്ക് നൽകുക എന്നത് ഏറെക്കുറെ അപ്രായോഗികവുമാണ്. ഈ പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കാൻ eFMS -നാവും. ഒരു രൂപ പോലും ഒരിടത്തും അനാവശ്യമായി കെട്ടിക്കിടക്കാത്ത രൂപത്തിൽ ഫണ്ട് മാനേജ്മെന്റ് ഇത് വഴി സാധ്യമാകും. നോഡൽ ബാങ്കിൽ ഒരു രൂപയെങ്കിലുമുണ്ടെങ്കിൽ അത് ആവശ്യമുള്ളവർക്ക് വാങ്ങിയെടുക്കാനുമാവും.

വേതനം നൽകുന്നതിലെ കാലതാമസം കുറയ്ക്കാനാവുന്നു എന്നതാണ് eFMS ന്റെ മറ്റൊരു പ്രധാന നേട്ടം. ഓഫീസ് ജോലികൾ എളുപ്പം കാര്യക്ഷമമാക്കുവാൻ ഇതു വഴി കഴിയും. ബില്ലുകൾ അവരുടെ മുമ്പിലാണ് കെട്ടിക്കിടക്കുന്നത് എന്ന് എളുപ്പത്തിൽ അറിയാമെന്നതിനാൽ ഓരോ തലത്തിലും വേഗത്തിലും കാര്യക്ഷമമായും ഇവ പ്രോസസ് ചെയ്യ

**2012-13 സാമ്പത്തിക വർഷം തൊഴിലുറപ്പു പദ്ധതിയിലൂടെ കേരളത്തിൽ 1400 കോടിയിൽപ്പരം രൂപ ചെലവഴിക്കാനായി. ഇതുവഴി ഏതാണ്ട് 836 ലക്ഷം തൊഴിൽ ദിനങ്ങളും സൃഷ്ടിക്കാനായി സംഖ്യാപരമായ (Quantitative) ഏറെ പുരോഗതികളുണ്ടായെങ്കിലും ഗുണപരമായ (Qualitative) ഒട്ടേറെ പോരായ്മകൾ ഇപ്പോഴും ഈ പദ്ധതിയിലുണ്ട്.**

പ്പെടും. ഫയലുകൾ വച്ച് താമസിപ്പിക്കുന്നവരിൽ നിന്നും നഷ്ടമീടാക്കാനുള്ള വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തിയാൽ കാര്യങ്ങൾ കൂടുതൽ മെച്ചപ്പെടും.

പദ്ധതി, പ്രത്യേകിച്ചും പദ്ധതിയിലെ സാമ്പത്തിക ഇട പാടുകൾ കൂടുതൽ സുതാര്യമാകുമെന്നതാണ് മറ്റൊരു നേട്ടം. നിലവിലെ MIS-തന്നെ പദ്ധതിയുടെ സുതാര്യത ഉറപ്പ് വരുത്തുന്നുണ്ട്. eFMS വരുന്നതോടെ സാമ്പത്തിക ഇടപാ ടുകൾ കൂടി കൂടുതൽ സുതാര്യമാവും ആർക്കും എവിടെ നിന്നും പദ്ധതിയെ വീക്ഷിക്കാനും നിരീക്ഷിക്കാനും റിപ്പോ ർട്ടുകളെടുക്കാനുമാവും ഓഫീസ് ചെലവുകൾ ചുരുക്കാനും അനാവശ്യമായ പ്രിന്റിങ്ങും മറ്റും ഒഴിവാക്കി വിഭവങ്ങൾ ലാഭി ക്കാനും പദ്ധതി വഴിയൊരുക്കും. ആദ്യം പ്രൊസസ് ചെയ്യു ന്നവർക്ക് ആദ്യം ഫണ്ട് കിട്ടുന്നു എന്നതിനാൽ ഓരോ പഞ്ചാ യത്തുകളും കൂടുതൽ വേഗത്തിൽ പ്രവർത്തിക്കാനും eFMS കാരണമാകും. പഞ്ചായത്ത് തലത്തിലെ ഉദ്യോഗസ്ഥർ മത്സര സ്വഭാവത്തോടെ ജോലി ചെയ്യാനും അതുവഴി പദ്ധതിയുടെ കാര്യക്ഷമത വർധിക്കാനുമിടയാകും. പ്രാദേശിക തലത്തിൽ തൊഴിലാളികളുടെ അക്കൗണ്ട് കൈകാര്യം ചെയ്യുന്ന നൂറു കണക്കിന് ബാങ്കുകൾക്കും അവരുടെ ജോലി ഭാരം ഏറെ കുറയും. എല്ലാത്തിനുമുപരി, തൊഴിലെടുക്കുന്ന ഗ്രാമീണ ദരിദ്രർക്ക് അവരുടെ വിയർപ്പിന്റെ ചൂടാറും മുമ്പെ വേതനം കൈയിൽ കിട്ടുമെന്നത് തന്നെയാണ് eFMS ന്റെ നേട്ടം.

**വെല്ലുവിളികൾ**

രാജ്യത്ത് കർണാടക, ഗുജറാത്ത്, ഒഡീഷ, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിലാണ് നിലവിൽ eFMS നടപ്പാക്കിയി ട്ടുള്ളത്. കേരളത്തിൽ ജൂലൈ ആദ്യത്തോടെ പതിനാല് ജില്ല കളിലും പദ്ധതി നടപ്പാക്കാനാണ് ലക്ഷ്യമിടുന്നത്. എല്ലാ ജില്ല കളിലും ചില പൈലറ്റ് പഞ്ചായത്തുകളിൽ ജൂൺ ആദ്യ ത്തോടെ തന്നെ പദ്ധതി നടപ്പാക്കാനാവും. തിരുവനന്തപുര ത്തെ വെമ്പായം, കൊല്ലത്തെ ക്ലാപ്പാന എന്നീ പഞ്ചായത്തു കൾ eFMS ലേക്ക് മാറാനുള്ള എല്ലാ വിധ തയാറെടുപ്പുകളും പൂർത്തിയാക്കി കഴിഞ്ഞിട്ടുണ്ട്.

പദ്ധതി നടപ്പാക്കുന്നതിന് ഒട്ടേറെ വെല്ലുവിളികൾ തരണം ചെയ്യേണ്ടതുണ്ട്. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങളും ബാങ്ക് നെറ്റ് വർക്കുകളെയും സംയോജിപ്പിക്കുക എന്നതാണ് ഇതിൽ പ്രധാനം. കോർബാങ്കിങ്ങ് സംവിധാന മുള്ള ബാങ്കുകളിൽ മാത്രമേ eFMS സാധ്യമാവൂ. സംസ്ഥാന ത്തെ തൊഴിലുറപ്പ് തൊഴിലാളികളിൽ നല്ലൊരു ശതമാനത ത്തിനും അക്കൗണ്ടുള്ളത് പ്രാഥമിക സഹകരണ ബാങ്കുക ളിലും പോസ്റ്റ് ഓഫീസുകളിലുമാണ്. അതിനാൽ തന്നെ അവർ ഈ സംവിധാനത്തിന് പുറത്താവും. ഫലത്തിൽ eFMS നടപ്പാക്കിയാലും നല്ലൊരു ഭാഗം തൊഴിലാളികൾക്ക് പഴയ രീതിയിൽ തന്നെ വേതനം നൽകേണ്ടി വരും. MIS -ലെ വിവ രങ്ങളും ബാങ്ക് നെറ്റ് വർക്കിലെ വിവരങ്ങളും പരിശോധിച്ച് പൊരുത്തപ്പെടുത്തുക എന്നതാണ് മറ്റൊരു വെല്ലുവിളി. ഇതിന് ഏറെ കുറെ മനുഷ്യാധ്വാനം വേണ്ടി വരും.

പദ്ധതിയ്ക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക എന്നതാണ് മറ്റൊരു വെല്ലുവിളി. കമ്പ്യൂട്ടർ സംവിധാനങ്ങൾ എല്ലാ പഞ്ചായത്തുകളിലും ലഭ്യമാണെങ്കിലും മെച്ചപ്പെട്ട നെറ്റ് വർക്കിങ്ങ് ലഭ്യത ഇപ്പോഴുമൊരു പ്രശ്നമാണ്. eFMS -ലെ ഡിജിറ്റൽ സിഗ്നേച്ചറിനായി പ്രത്യേക ഉപകരണം (token/ dougle) തയ്യാറാക്കി മുഴുവൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മാർക്കും പ്രസിഡന്റുമാർക്കും ലഭ്യമാക്കേണ്ടതുണ്ട്. പുതിയ സാങ്കേതത്തിലുള്ള പരിശീലനം എല്ലാ തലത്തിലും നൽകേ ണ്ടതുമുണ്ട്.

**തൊഴിലെടുത്താൽ ഏഴ് ദിവസത്തിനകം, പരമാവധി 14 ദിവസത്തിനുള്ളിൽ കൂലിനൽകിയിരിക്കണമെന്നാണ് തൊഴിലുറപ്പ് നിയമം അനുശാസിക്കുന്നത്. 15-ാമത്തെ ദിവസം മുതൽ വേതനം വൈകുന്നതിന് നഷ്ട പരിഹാരം നൽകാനും നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ പലപ്പോഴും ഇതൊന്നും പാലിക്കപ്പെടുന്നില്ല എന്നതാണ് യാഥാർത്ഥ്യം.**

എല്ലാ വെല്ലുവിളികളെയും അതിജീവിച്ച് പദ്ധതി ഏറെ മികവോടെ കേരളത്തിൽ നടപ്പാക്കാനാവുമെന്ന് നമുക്ക് പ്രത്യാശിക്കാം. കേരളത്തിലെ ഉയർന്ന സാക്ഷരതയും സാങ്കേതിക പരിജ്ഞാനവും eFMS എളുപ്പത്തിൽ നടപ്പാക്കാൻ സഹായകമാകും. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ആധാർ കാർഡുമായി eFMS-നെ ബന്ധിപ്പിച്ചും ഡിജിറ്റൽ സിഗ്നേച്ചറി നായി ബയോമെട്രിക് സംവിധാനമുപയോഗിച്ച് പദ്ധതി കൂടു തൽ സുരക്ഷിതമാക്കിയും മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃക യാവാൻ കേരളത്തിന് കഴിയുമെന്ന് പ്രതീക്ഷിക്കാം.

*ലേഖകൻ തൂണേരി ബ്ലോക്ക് പഞ്ചായത്തു സെക്രട്ടറിയാണ്*






# സേവനാവകാശ നിയമം -2012

**ഗ്രാമപഞ്ചായത്തുകളിൽ നിന്നും നൽകി വരുന്ന സേവനങ്ങൾ സംബന്ധിച്ച ഗസ്റ്റ് വിജ്ഞാപനം പുറപ്പെടുവിച്ചു.**

കേരള സംസ്ഥാന സേവനാവകാശ നിയമം (18.6.2012) വകുപ്പ് മൂന്നിലെ ഭേഗതി പ്രകാരവും ചുമതലപ്പെടുത്തിയത നുസരിച്ചും സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും നൽകിവരുന്ന സേവനങ്ങൾ, സമയപരിധി, നിയുക്ത ഉദ്യോ ഗസ്ഥൻ, ഒന്നാം അപ്പീൽ അധികാരി,രണ്ടാം അപ്പീൽ അധികാരി എന്നിവ സംബന്ധിച്ച വിവരങ്ങൾ ഉൾകൊള്ളിച്ച് പഞ്ചാ യത്തു ഡയറക്ടർ വിജ്ഞാപനം പുറപ്പെടുവിച്ചു.

## 1. പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം

| ക്രമ നമ്പർ | സേവനങ്ങളുടെ വിവരം | സമയപരിധി | നിയുക്ത ഉദ്യോഗസ്ഥൻ | ഒന്നാം അപ്പലേറ്റ് അതോറിറ്റി | രണ്ടാം അപ്പലേറ്റ് അതോറിറ്റി |
|---|---|---|---|---|---|
| 1. | 1-4-1970-നു മുമ്പുള്ള ജനന രജി സ്ട്രേഷനിൽ പേര് ചേർക്കുന്നതി നുള്ള അനുമതി | 15 പ്രവർത്തി ദിവസം | ചീഫ് രജിസ്ട്രാർ (ജന ന-മരണം)/പഞ്ചായത്ത് ഡയറക്ടർ | തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി | |
| 2. | 1-4-1970-നു മുമ്പുള്ള ജനന മരണ രജിസ്ട്രേഷനുകളിലെ തിരു ത്തലുകൾക്കുള്ളഅനുമതി | 15 പ്രവർത്തി ദിവസം | ചീഫ് രജിസ്ട്രാർ (ജന ന-മരണം)/പഞ്ചായത്ത് ഡയറക്ടർ | തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി | |
| 3. | ഹിന്ദു വിവാഹ രജിസ്ട്രഷനിൽ വന്നിട്ടുള്ള സാരവത്തായ തെറ്റു കൾ തിരുത്തുന്നതിന് | 15 പ്രവർത്തി ദിവസം | ഹിന്ദു വിവാഹ രജിസ് ട്രാർ ജനറൽ /പഞ്ചായ ത്ത് ഡയറക്ടർ | തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി | |

## 2. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

| ക്രമ നമ്പർ | സേവനങ്ങളുടെ വിവരം | സമയപരിധി | നിയുക്ത ഉദ്യോഗസ്ഥൻ | ഒന്നാം അപ്പലേറ്റ് അതോറിറ്റി | രണ്ടാം അപ്പലേറ്റ് അതോറിറ്റി |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1. | ജനനം രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുമതി (30ദിവസത്തിനുള്ളിൽ രജിസ്റ്റർ ചെയ്യാൻ കഴിയാതിരുന്ന സംഭവങ്ങൾ ഒരു വർഷത്തിനു ള്ളിൽ രജിസ്റ്റർ ചെയ്യാനുള്ള അനുമതി) (ജനന-മരണ ര ജി സ്ട്രേഷൻ ചട്ടങ്ങൾ 1999) | 15 പ്രവർത്തി ദിവസം | ജില്ലാ രജിസ്ട്രാർ/ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | ചീഫ് രജിസ്ട്രാർ (ജനനം-മരണം)/ പഞ്ചായത്ത് ഡയറക്ടർ | തദ്ദേശ സ്വയം ഭരണവകുപ്പ് സെക്രട്ടറി |
| 2. | ജനന രജിസ്റ്ററിൽ പേര് ചേർക്കു ന്നതിനുള്ള അനുമതി (ജനന രജി സ്റ്ററിലെയും സ്കൂൾ രേഖയിലെ യും ജനന തീയതികൾ തമ്മിൽ പത്തുമാസത്തിലധികം വ്യത്യാസ മുള്ള സംഭവങ്ങളിൽ മാത്രം) | 15 പ്രവർത്തി ദിവസം | ജില്ലാ രജിസ്ട്രാർ/ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | ചീഫ് രജിസ്ട്രാർ (ജനനം-മരണം)/ പഞ്ചായത്ത് ഡയറക്ടർ | തദ്ദേശ സ്വയം ഭരണവകുപ്പ് സെക്രട്ടറി |
| 3. | മരണം രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുമതി (30 ദിവസത്തിനുള്ളിൽ രജിസ്റ്റർ ചെയ്യാൻ കഴിയാത്ത സംഭവങ്ങൾ ഒരു വർഷത്തിനു ള്ളിൽ രജിസ്റ്റർ ചെയ്യാനുള്ള അനുമതി) | 15 പ്രവർത്തി ദിവസം | ജില്ലാ രജിസ്ട്രാർ/ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | ചീഫ് രജിസ്ട്രാർ (ജനനം-മരണം)/ പഞ്ചായത്ത് ഡയറക്ടർ | തദ്ദേശ സ്വയം ഭരണവകുപ്പ് സെക്രട്ടറി |
| 4 | ഹിന്ദു വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുമതി (30 ദിവസത്തിനുള്ളിൽ ഗ്രാമപഞ്ചായ ത്തിൽ രജിസ്റ്റർ ചെയ്യാൻ കഴി യാത്ത സംഭവങ്ങൾ) | 15 പ്രവർത്തി ദിവസം | ജില്ലാ രജിസ്ട്രാർ/ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറ ക്ടർ | പഞ്ചായത്ത് ഡയറ ക്ടർ/ഹിന്ദു വിവാഹ രജി സ്ട്രാർ ജനറൽ | തദ്ദേശ സ്വയം ഭരണവകുപ്പ് സെക്രട്ടറി |

| | | | | | |
|---|---|---|---|---|---|
| 5 | വിവാഹങ്ങൾ (പൊതു) രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുമതി (ഒരു വർഷത്തിനുള്ളിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള മെമ്മോറാണ്ടം ഫയൽ ചെയ്തിട്ടില്ലാത്ത സംഭവങ്ങൾ) | 15 പ്രവർത്തി ദിവസം | വിവാഹം (പൊതു) രജിസ്ട്രാർ ജനറൽ/ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ/ഹിന്ദു വിവാഹ രജിസ്ട്രാർ ജനറൽ | തദ്ദേശ സ്വയം ഭരണവകുപ്പ് സെക്രട്ടറി |
| 6 | വിവാഹ (പൊതു) രജിസ്റ്ററിലെ തിരുത്തലുകൾക്ക് അനുമതി (പേര്, വയസ്സ്, തീയതി മുതലായ സാരവത്തായ ഉൾക്കുറിപ്പുകളിലെ തിരുത്തലുകൾക്ക്) | 15 പ്രവർത്തി ദിവസം | വിവാഹം (പൊതു) രജിസ്ട്രാർ ജനറൽ/ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ/ഹിന്ദു വിവാഹ രജിസ്ട്രാർ ജനറൽ | തദ്ദേശ സ്വയം ഭരണവകുപ്പ് സെക്രട്ടറി |
| 7 | വിവാഹ (പൊതു) തദ്ദേശ രജിസ്ട്രാറുടെ തീരുമാനത്തിനെതിരെയുള്ള അപ്പീൽ | 15 പ്രവർത്തി ദിവസം | വിവാഹം (പൊതു) രജിസ്ട്രാർ ജനറൽ/ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ/ഹിന്ദു വിവാഹ രജിസ്ട്രാർ ജനറൽ | തദ്ദേശ സ്വയം ഭരണവകുപ്പ് സെക്രട്ടറി |

## 3. ഗ്രാമപഞ്ചായത്ത്

| ക്രമ നമ്പർ | സേവനങ്ങളുടെ വിവരം | സമയപരിധി | നിയുക്ത ഉദ്യോഗസ്ഥൻ | ഒന്നാം അപ്പലേറ്റ് അതോറിറ്റി | രണ്ടാം അപ്പലേറ്റ് അതോറിറ്റി |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1. | ജനന രജിസ്ട്രേഷൻ (1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട്) (1999-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ) | 1. ആശുപത്രിയിൽ വച്ച് നടന്ന ജനനമെങ്കിൽ റിപ്പോർട്ടു ലഭിക്കുന്ന ദിവസം (ആശുപത്രി, കിയോസ്ക്, സൗകര്യം ഉള്ള സ്ഥലങ്ങളിൽ മാത്രം)<br>2. മറ്റുള്ളവ ഏഴ് പ്രവൃത്തി ദിവസം | തദ്ദേശ രജിസ്ട്രാർ/ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | ജില്ലാ രജിസ്ട്രാർ (ജനനം-മരണം)/ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ | ചീഫ് രജിസ്ട്രാർ (ജനനം-മരണം)/ പഞ്ചായത്ത് ഡയറക്ടർ |
| 2 | ജനന രജിസ്റ്ററിൽ പേര് ചേർക്കൽ (ജനനം രജിസ്റ്റർ ചെയ്തപ്പോൾ പേര് ചേർത്തിട്ടില്ലായെങ്കിൽ മാത്രം) (1969ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട്) (1999-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ) | 1. 7 പ്രവൃത്തി ദിവസം<br>2. അനുമതി ലഭ്യമാക്കേണ്ട അപേക്ഷകളിൽ ജില്ലാ രജിസ്ട്രാറുടെ അനുമതി ലഭ്യമായതിനുശേഷം 7 പ്രവൃത്തി ദിവസം | തദ്ദേശ രജിസ്ട്രാർ/ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | ജില്ലാ രജിസ്ട്രാർ (ജനനം-മരണം)/ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ | ചീഫ് രജിസ്ട്രാർ (ജനനം-മരണം)/ പഞ്ചായത്ത് ഡയറക്ടർ |
| 3 | മരണ രജിസ്ട്രേഷൻ (1969ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട്) (1999-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ) | 15 പ്രവൃത്തി ദിവസം (ആശുപത്രി, കിയോസ്ക്, സൗകര്യം ഉള്ള സ്ഥലങ്ങളിൽ മാത്രം)<br>1. വീട്ടിലും സ്ഥാപനങ്ങളിലും വച്ചുള്ള മരണം അന്വേഷിച്ച് രജിസ്റ്റർ ചെയ്യുന്നതിന് 7 പ്രവൃത്തി ദിവസം<br>2.ആശുപത്രിയിൽ വച്ചു നടന്ന മരണം റിപ്പോർട്ട് ലഭിക്കുന്ന ദിവസം | തദ്ദേശരജിസ്ട്രാർ /ഗ്രാമപഞ്ചായത്ത് സെക്രട്ടറി | ജില്ലാ രജിസ്ട്രാർ (ജനനം-മരണം)/ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ | ചീഫ് രജിസ്ട്രാർ (ജനനം-മരണം)/ പഞ്ചായത്ത് ഡയറക്ടർ |
| 4 | ജനനം മരണം താമസിച്ചു രജിസ്റ്റർ ചെയ്യൽ (1969 ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട്) | അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസം | തദ്ദേശരജിസ്ട്രാർ /ഗ്രാമപഞ്ചായത്ത് സെക്രട്ടറി | ജില്ലാ രജിസ്ട്രാർ (ജനനം-മരണം)/ പഞ്ചായത്ത് ഡപ്യൂട്ടിഡയറക്ടർ | ചീഫ് രജിസ്ട്രാർ (ജനനം-മരണം)/ പഞ്ചായത്ത് ഡയറക്ടർ |
| 5 | ജനന മരണ സർട്ടിഫിക്കറ്റ് | 1. 12-ാം വകുപ്പ് പ്രകാരമുള്ള ജനന സർട്ടിഫിക്കറ്റ് രജിസ്ട്രേഷൻ ദിവസം<br>2. മറ്റുള്ളവ ഏഴ് പ്രവൃത്തി ദിവസം | തദ്ദേശരജിസ്ട്രാർ /ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | ജില്ലാ രജിസ്ട്രാർ (ജനനം-മരണം)/ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ | ചീഫ് രജിസ്ട്രാർ (ജനനം-മരണം)/ പഞ്ചായത്ത് ഡയറക്ടർ |

| | | | | | |
|---|---|---|---|---|---|
| 6 | ദത്തെടുക്കുന്ന കുട്ടികളുടെ രജിസ്ട്രേഷൻ | 15 പ്രവൃത്തി ദിവസം | തദ്ദേശരജിസ്ട്രാർ /ഗ്രാമപഞ്ചായത്ത് സെക്രട്ടറി | ജില്ലാ രജിസ്ട്രാർ (ജനനം-മരണം)/ പഞ്ചായത്ത് ഡപ്യൂട്ടിഡയറക്ടർ | ചീഫ് രജിസ്ട്രാർ (ജനനം-മരണം)/ പഞ്ചായത്ത് ഡയറക്ടർ |
| 7 | വിദേശത്തു നടന്ന ജനനങ്ങളുടെ രജിസ്ട്രേഷൻ (ബന്ധപ്പെട്ട നിയമം/ചട്ടങ്ങൾക്ക് വിധേയമായി) | 15 പ്രവൃത്തി ദിവസം | തദ്ദേശരജിസ്ട്രാർ /ഗ്രാമപഞ്ചായത്ത് സെക്രട്ടറി | ജില്ലാ രജിസ്ട്രാർ (ജനനം-മരണം)/ പഞ്ചായത്ത് ഡപ്യൂട്ടിഡയറക്ടർ | ചീഫ് രജിസ്ട്രാർ (ജനനം-മരണം)/ പഞ്ചായത്ത് ഡയറക്ടർ |
| 8 | വിവാഹ രജിസ്ട്രേഷൻ (1955-ലെ ഹിന്ദു വിവാഹ ആക്ട്/ 1957-ലെ കേരള ഹിന്ദു വിവാഹ രജിസ്റ്റർ ചെയ്യൽ ചട്ടങ്ങൾ) | 30 പ്രവൃത്തി ദിവസം | തദ്ദേശരജിസ്ട്രാർ /ഗ്രാമപഞ്ചായത്ത് സെക്രട്ടറി | ജില്ലാ രജിസ്ട്രാർ (ജനനം-മരണം)/ പഞ്ചായത്ത് ഡപ്യൂട്ടിഡയറക്ടർ | ഹിന്ദു വിവാഹ രജിസ്ട്രാർ ജനറൽ/ പഞ്ചായത്ത് ഡയറക്ടർ |
| 9 | വിവാഹം താമസിച്ചു രജിസ്റ്റർ ചെയ്യൽ, 30 ദിവസത്തിന് ശേഷമുള്ളവ (1955-ലെ ഹിന്ദു വിവാഹ ആക്ട് / 1957-ലെ കേരള ഹിന്ദു വിവാഹ രജിസ്റ്റർ ചെയ്യൽ ചട്ടങ്ങൾ) | അനുമതി ലഭിച്ചത് 15 പ്രവൃത്തി ദിവസം | തദ്ദേശരജിസ്ട്രാർ /ഗ്രാമപഞ്ചായത്ത് സെക്രട്ടറി | ജില്ലാ രജിസ്ട്രാർ (ജനനം-മരണം)/ പഞ്ചായത്ത് ഡപ്യൂട്ടിഡയറക്ടർ | ഹിന്ദു വിവാഹ രജിസ്ട്രാർ ജനറൽ/ പഞ്ചായത്ത് ഡയറക്ടർ |
| 10 | വിവാഹ സർട്ടിഫിക്കറ്റ് (1955 -ലെ ഹിന്ദു വിവാഹ ആക്ട് പ്രകാരം നടത്തിയ രജിസ്ട്രേഷൻ) | 7 പ്രവൃത്തി ദിവസം | തദ്ദേശ രജിസ്ട്രാർ/ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | ജില്ലാ രജിസ്ട്രാർ (ജനനം-മരണം)/ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ | ഹിന്ദു വിവാഹ രജിസ്ട്രാർ ജനറൽ/ പഞ്ചായത്ത് ഡയറക്ടർ |
| 11 | വിവാഹ രജിസ്ട്രേഷൻ (2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ പ്രകാരം ഒരു വർഷത്തിനുശേഷമുള്ള വിവാഹ രജിസ്ട്രേഷൻ) | അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസം | വിവാഹം(പൊതു) തദ്ദേശ രജിസ്ട്രാർ ജനറൽ/ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | ജില്ലാ രജിസ്ട്രാർ (ജനനം-മരണം)/ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ | ചീഫ് രജിസ്ട്രാർ (ജനനം-മരണം)/ പഞ്ചായത്ത് ഡയറക്ടർ |
| 12 | കെട്ടിട ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യൽ | 45 ദിവസം | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ |
| 13 | കെട്ടിട ഉടമസ്ഥാവകാശം സർട്ടിഫിക്കറ്റ് | 3 പ്രവൃത്തി ദിവസം | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ |
| 14 | താമസക്കാരനുള്ള സർട്ടിഫിക്കറ്റ് | 7 പ്രവൃത്തി ദിവസം | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ |
| 15 | ഫാക്ടറികൾ, വ്യവസായ സ്ഥാപനങ്ങൾ, വർക്ക് ഷോപ്പുകൾ തുടങ്ങിയവ ആരംഭിക്കുന്നതിനുള്ള ലൈസൻസ് പഞ്ചായത്ത് ആക്ട് | 1. മറ്റ് സ്ഥാപനങ്ങളിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങേണ്ടതില്ലാത്ത കേസുകളിൽ 30 ദിവസം 2. ആവശ്യമായ രേഖകൾ ഹാജരാക്കിയാൽ വാങ്ങേണ്ട സംഗതിയിൽ അവ ലഭിച്ച് കഴിഞ്ഞ് 45 ദിവസത്തിനകം | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ |
| 16 | വ്യാപാര സ്ഥാപനത്തിനുള്ള ലൈസൻസ് | 1.മറ്റ് സ്ഥാപനങ്ങളിൽ നിന്നുംനിരാക്ഷേപ സാക്ഷ്യപത്രം വാങ്ങേണ്ടതില്ലാത്ത കേസുകളിൽ 30 ദിവസം 2. ആവശ്യമായ രേഖകൾ ഹാജരാക്കിയാൽ മറ്റ് സ്ഥാപനങ്ങളിൽ നിന്നും നിരാക്ഷേപ പത്രം വാങ്ങേണ്ട സംഗതിയിൽ അവ ലഭിച്ച് കഴിഞ്ഞ് 45 ദിവസത്തിനകം | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ |

# ഇ-ഗവേണൻസ് വാർത്തകൾ
## E- Governance News

**തദ്ദേശഭരണസ്ഥാപനങ്ങൾ സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്യത പദവിയിലേയ്ക്ക്**

തദ്ദേശഭരണസ്ഥാപനങ്ങളുടെ ഇ-ഗവേണൻസ് പ്രവർത്തനങ്ങളിലൂടെ കേരള സംസ്ഥാനം ഇന്ത്യയ്ക്ക് തന്നെ മാതൃകയായി തീർന്നിരിക്കുകയാണ്. കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കൃത ജില്ലയായി മുഖ്യ മന്ത്രി 21.07. 2012 പ്രഖ്യാപിച്ചിരുന്നു. കാസർഗോഡിനു പുറമേ സംസ്ഥാനത്തെ 10 ജില്ലകളിൽ (കോട്ടയം, എറണാകുളം, തൃശ്ശൂർ, തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, മലപ്പുറം, കണ്ണൂർ, കോഴിക്കോട്, പാലക്കാട്) സമ്പൂർണ്ണ കമ്പ്യൂട്ടർ വൽകരണം എന്ന ലക്ഷ്യം പരിപൂർണ്ണതയിലേക്കെത്തിയ്ക്കാൻ ഇൻഫർമേഷൻ കേരളാ മിഷന് ഈ സാമ്പത്തികവർഷം സാധിച്ചിട്ടുണ്ട്. മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഹാർഡ്‌വെയർ വിന്യാസം, ഇലക്ട്രിഫിക്കേഷൻ, നെറ്റ്‌വർക്കിംഗ് എന്നിവ പൂർത്തിയാക്കിയും, പ്രവർത്തനക്ഷമമാക്കിയും, നിരന്തരമായ സാങ്കേതിക സഹായം നൽകിയുമാണ് പ്രസ്തുത ജില്ലകൾ ഈ പദവിക്ക് അർഹത നേടിയത്.

അക്രൂവൽ അടിസ്ഥാനമാക്കിയുള്ള അക്കൗണ്ടിംഗ് ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ (സാംഖ്യ) സംസ്ഥാനത്ത് ഇടുക്കി ജില്ലയിലെ 5 ഗ്രാമ പഞ്ചായത്തുകളിലൊഴികെ 1204 തദ്ദേശഭരണസ്ഥാപനങ്ങളിലും നടപ്പിലാക്കി. കേരളത്തിലെ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും അക്രൂവൽ അടിസ്ഥാന ഡബിൾ എൻട്രി അക്കൗണ്ടിംഗ് നടപ്പാക്കിയ ഇന്ത്യയിലെ പ്രഥമ സംസ്ഥാനം എന്ന ബഹുമതി കേരളം മേയ് മാസം തന്നെ കേരളം കൈവരിക്കുതാണ്. ഡബിൾ എൻട്രി അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറിന് തുല്യമായ മറ്റൊരു സോഫ്റ്റ്‌വെയർ ഇന്ത്യയിൽ മറ്റൊരു സംസ്ഥാനം വികസിപ്പിക്കുകയോ സംസ്ഥാനതലത്തിൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും വിന്യസിക്കുവാനുള്ള നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

മുഴുവൻ തദ്ദേശഭരണസ്ഥാപനങ്ങളിലും 100% കണക്റ്റിവിറ്റി നൽകി കമ്പ്യൂട്ടർ ശൃംഖലയിലൂടെ കോർത്തിണക്കി, ത്രിതല പഞ്ചായത്തുകളുടെ പ്രധാനപ്പെട്ട എല്ലാ സേവനങ്ങളും വെബ് വഴി നൽകുന്നതിനുള്ള സൗകര്യം പൂർണ്ണമായി വരുന്നു. നിലവിൽ ഒരു ഗ്രാമപഞ്ചായത്ത് ഒഴിച്ച് 1208 തദ്ദേശഭരണസ്ഥാപനങ്ങളിലും ഈ ഉദ്യമം പൂർത്തിയായിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനതലത്തിൽ മതിയായ പരിശീലനവും കൈത്താങ്ങും നൽകി ജീവനക്കാരെ വിശ്വാസത്തിലെടുത്ത് അവരിലൂടെ ഇ-ഗവേണൻസ് സാധ്യമാക്കി കടലാസ് രഹിത ആഫീസ് എന്ന ആശയത്തിലേയ്ക്ക് കടക്കുകയാണ്.

**സഞ്ചയ വഴി നൂറുശതമാനം പിരിവ്**

സഞ്ചയ സോഫ്റ്റ് വെയർ വഴി വസ്തുനികുതിയും മറ്റ് ഫീസുകളും നൂറുശതമാനം പിരിച്ചെടുത്ത സംസ്ഥാനത്തെ ആദ്യഗ്രാമപഞ്ചായത്തായി കാസർഗോഡ് ജില്ലയിലെ മൊഗ്രാൽ പുത്തൂർ. കഴിഞ്ഞ അഞ്ചുവർഷമായി തുടർച്ചയായി നൂറുശതമാനം നികുതികളും ഫീസുകളും പിരിച്ചെടുത്ത് വരുന്ന ഗ്രാമപഞ്ചായത്തുകൂടിയാണ് മൊഗ്രാൽ പുത്തൂർ. ലോകത്തിന്റെ ഏത് ഭാഗത്ത് നിന്നും വസ്തുനികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം നിലവിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

**ജനന-മരണ-വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ പ്രഖ്യാപനം**

മലപ്പുറം ജില്ലയിൽ പുളിക്കൽ ഗ്രാമപഞ്ചായത്തിലെ ജനന-മരണ-വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളുടെ ഓൺലൈൻ പ്രഖ്യാപനം കൊണ്ടോടി എം.എൽ.എ.കെ മുഹമ്മദുണ്ണി ഹാജി 27.03.2013 നു നിർവ്വഹിച്ചു.



മലപ്പുറം ജില്ലയിൽ വഴിക്കടവ് ഗ്രാമപഞ്ചായത്തിലെ ജനന-മരണ-വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ പ്രഖ്യാപനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പുഷ്പവല്ലി 11.03.2013 നു നിർവ്വഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി വർഗ്ഗീസ് അധ്യക്ഷത വഹിച്ചു. ഡിഡിപി, സി എൻ ബാബു മുഖ്യപ്രഭാഷണം നടത്തി.

**ജനന-മരണ-വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ ഓലൈൻ പ്രഖ്യാപനം**



മലപ്പുറം ജില്ലയിൽ തുവ്വൂർ ഗ്രാമപഞ്ചായത്തിലെ ജനന-മരണ-വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ പ്രഖ്യാപനം പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.എം.കെ മുനീർ നിർവ്വഹിച്ചു.





മലപ്പുറം ജില്ലയിൽ എടവണ്ണ ഗ്രാമപഞ്ചായത്തിലെ ജനന-മരണ-വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ പ്രഖ്യാപനം പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി ഡോ.എം.കെ.മുനീർ 04.03.2013-നു നിർവ്വഹിച്ചു. ഏറനാട് എം.എ.എ പി.കെ ബഷീർ അധ്യക്ഷത വഹിച്ചു. ഡിഡിപി, സി.എൻ ബാബു മുഖ്യപ്രഭാഷണം നടത്തി. ഐ.കെ.എം ജില്ലാകോർഡിനേറ്റർ എം.പി.രാജൻ പദ്ധതി വിശദീകരിച്ചു.



മലപ്പുറം ജില്ലയിൽ മുതുവൂർ ഗ്രാമപഞ്ചായത്തിലെ ജനന-മരണ-വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ പ്രഖ്യാപനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി കെ.വി. സഫിയ നിർവ്വഹിച്ചു.

മലപ്പുറം ജില്ലയിൽ പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ ജനന-മരണ-വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ പ്രഖ്യാപനം ഡിഡിപി, സി.എൻ ബാബു നിർവ്വഹിച്ചു.

മലപ്പുറം ജില്ലയിൽ ചെറുകാവ് ഗ്രാമപഞ്ചായത്തിലെ ജനന-മരണ-വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ പ്രഖ്യാപനം കൊണ്ടോടി എം.എ.എകെ മുഹമ്മദുണ്ണി ഹാജി 23.03.2013 നു നിർവ്വഹിച്ചു. ഡിഡിപി, സി എൻ ബാബു മുഖ്യപ്രഭാഷണം നടത്തി. ഐ.കെ.എം ജില്ലാ കോർഡിനേറ്റർ എം.പി.രാജൻ പദ്ധതി വിശദീകരിച്ചു.

# ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിന് ISO: 9001:-2008 അംഗീകാരം ലഭിച്ചു



ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിന് ക്വാളിറ്റി മാനേജ്മെന്റ് സിസ്റ്റത്തിൽ ഇന്റർനാഷണൽ സ്റ്റാൻഡേർഡ് ഓർഗനൈസേഷനിൽ നിന്നും ISO:9001:2008 അംഗീകാരം ലഭിച്ചു. മേയ് 23-ന് കോഴിക്കോട് വെച്ച് നടന്ന സംസ്ഥാന തല പഞ്ചായത്ത് ദിനാഘോഷ ചടങ്ങിൽ പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. എം.കെ മുനീറിൽ നിന്നും പഞ്ചായത്ത് ഡയറക്ടർ എസ്സ്. ലളിതാംബിക ഐഎഎസ് സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങി.

സംസ്ഥാനത്തെ സർക്കാർ ആഫീസുകളിൽ മാനന്തവാടി RDO ആഫീസിന് ശേഷം സർട്ടിഫിക്കറ്റ് ലഭിക്കുന്ന രണ്ടാമത്തെ ഓഫീസാണ് ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്. ജില്ലയിലെ 73 ഗ്രാമ പഞ്ചായത്തുകൾക്കും പൊതുജനങ്ങൾക്കും സമയബന്ധിതമായി മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും ഓഫീസിന്റെ പ്രവർത്തനം കൂടുതൽ മികവുറ്റതാകുന്നതിനും ഇതു മൂലം സാധിക്കും.

നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ സർട്ടിഫിക്കേഷൻ ബോഡീസ് (NABCB) യുടെ അക്രഡിറ്റഡ് ഏജൻസിയായ ടാറ്റ ക്വാളിറ്റി സർവ്വീസിൽ നിന്നുമാണ് അംഗീകൃത മാനദണ്ഡ പ്രകാരം ISO:9001:2008 സർട്ടിഫിക്കേഷൻ ലഭിച്ചത്. AQA ക്വാളിറ്റി മാനേജ്മെന്റ് സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി എന്ന സ്ഥാപനം സർട്ടിഫിക്കേറ്റ് ലഭിക്കുന്നതിനുള്ള കൺസൾട്ടൻസിയായും പ്രവർത്തിച്ചു. ആലപ്പുഴ ഡെപ്യൂട്ടി ഡയറക്ടർ കെ.പി. സാബുക്കുട്ടൻ നായരുടെ ആത്മാർത്ഥമായ ശ്രമ ഫലമായിട്ടാണ് ഇങ്ങനെ ഒരു അംഗീകാരം ലഭിക്കാനിടയായത്.

*പഞ്ചായത്ത് ന്യൂസ് സർവ്വീസ്*



**സ്ഥലപരിമിതികാരണം സ്ഥിരം പംക്തികളിൽ ചിലതു ഈ ലക്കത്തിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.**

*എഡിറ്റർ*

# ഇറ്റ്ഫോക്ക് – 2013



കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശൂരിൽ കേരള സംഗീത നാടക അക്കാദമി സംഘടിപ്പിച്ച അന്താരാഷ്ട്രനാടകോത്സവത്തിന്റെ അഞ്ചാമത്തെ എഡിഷൻ 2013 ജനുവരി 15 മുതൽ 22 വരെ അരങ്ങേറി. അക്കാദമി സെക്രട്ടറി ഡോ. പി.വി.കൃഷ്ണൻ നായരുടെ സ്വാഗത ഭാഷണത്തോടെയായിരുന്നു തുടക്കം. ഉദ്ഘാടകൻ സാംസ്കാരിക വകുപ്പു മന്ത്രി കെ.സി ജോസഫ് കെ.പി.എസി. ലളിതയ്ക്ക് ചമയം നൽകിയപ്പോൾ അവർ അമരത്തിലെ ഭാർഗവിയായി അരങ്ങിലെത്തിയത് ആസ്വാദകരെ അത്ഭുതപ്പെടുത്തി. ഫുട്ട്സ്ബാൺ തിയറ്ററിന്റെ ആർട്ട് ഡയറക്ടർക്ക് നല്കിയായിരുന്നു ഫെസ്റ്റിവൽ ബുക്കിന്റെ പ്രകാശനം. റുമാനിയ, സ്ലോവേനിയ, ചെക്ക് റിപ്പബ്ലിക്, പോളണ്ട്, ഉസ്ബസ്ക്കിസ്ഥാൻ, ജോർജിയ, ഫ്രാൻസ്, ഇംഗ്ലണ്ട്, നോർവേ എന്നീ രാജ്യങ്ങളിൽ നിന്നുള്ള നാടകങ്ങളും ഇന്ത്യയിൽ നിന്നും മഹാരാഷ്ട്ര, ആസാം, ഡൽഹി, കർണ്ണാടക, ഹരിയാന എന്നീ സംസ്ഥാനങ്ങളിലെ സമകാലിക ഇന്ത്യൻ നാടക വേദിയുടെ പരിഛേദങ്ങൾക്കൊപ്പം മലയാളത്തിലെ നാടകങ്ങൾ 'മലയാളം തിയേറ്റർ പനോരമ' എന്ന പേരിലുമാണ് അവതരിപ്പിക്കപ്പെട്ടത്. അക്കാദമി സംഘടിപ്പിച്ച സംസ്ഥാന പ്രൊഫഷണൽ നാടകമത്സരം, അമേചർ നാടക മത്സരം, ലഘുനാടക മത്സരം എന്നിവയിൽ നിന്നും തെരെഞ്ഞെടുത്ത നാടകങ്ങളാണ് മലയാളം തിയറ്റർ പനോരമയിൽ ഉൾപ്പെടുത്തിയിരുന്നത്.

ക്യൂറേറ്റോറിയൽ കമ്മിറ്റി തെരെഞ്ഞെടുത്ത ഇന്ത്യൻ നാടകങ്ങളാണ് നാഷണൽ പനോരമയിൽ അവതരിപ്പിക്കപ്പെട്ടത്. ജനുവരി 15ന് 6 മണിക്ക് തൃശൂരിലെ സംഗീത നാടക അക്കാദമി അങ്കണത്തിൽ ഔപചാരികമായി ഉദ്ഘാടനം ചെയ്യപ്പെട്ട അന്തർദേശീയ നാടകോത്സവത്തിൽ ഡൽഹിയിൽ നിന്നുമുള്ള എബിലിറ്റി അൺലിമിറ്റഡിന്റെ കോറിയോ അവതരണത്തെ തുടർന്ന് പോളണ്ടിലെ പ്രശസ്തമായ ലാമർട്ട് തിയറ്ററിന്റെ വില്യം ഷേക്സ്പിയറുടെ ഹാംലെറ്റിന്റെ ഹെയ്നർ മുള്ളർ ഭാഷ്യമായ ഹാംലെറ്റ് മിഷ്യന്റെ അവതരണമുണ്ടായി. എഡ്വിനാർ കേപ്പ് മെൻ എന്ന പ്രശസ്ത പോളിഷ് സംവിധായികയാണ് ഇത് അരങ്ങിലെത്തിച്ചത്. ഇതിന്റെ സംഗീത നിർവ്വഹണം പ്രശസ്ത പോളിഷ് സംഗീതജ്ഞനായ മെസ്സിജെ കിരോസ്കാവ്സ്കിയാണ്. എട്ട് ദിവസങ്ങളിൽ ആറ് വേദികളിലായാണ് ഇത്തവണ അന്തർദ്ദേശീയ നാടകോ

**ജനുവരി 20,21 തീയതികളിൽ പ്രശസ്ത പോളിഷ് ഗ്രൂപ്പായ പെഡ്രോസിയുടെ നോൺ വെർബൽ മാക്ബത്ത്, ഫ്രാൻസിൽ നിന്നുള്ള ഫൂട്സ്ബാൻ ട്രാവലിംഗ് തിയറ്റർ ഇന്ത്യൻ കലാകാരന്മാരുമായി ചേർന്നുള്ള ഇന്ത്യൻ ടെംപസ്റ്റ് ഇറ്റ്ഫോക്ക് സമാപന ദിവസത്തെ അവതരണമായിരുന്നു.**



ത്സവം നടന്നത്. കൂടാതെ 200 പേർക്കിരിക്കാവുന്ന ബ്ലാക്ക് ബോക്സിൽ നടക്കുന്ന സോളോ പെർഫോമൻസ് അഞ്ചാമത്തെ ഇറ്റ്ഫോക്കിന്റെ മറ്റൊരു പ്രത്യേകതയായിരുന്നു. റുമാനിയ, നോർവേ, ജോർജിയ, പോളണ്ട്, ഇറ്റലി, കാറ്റലോണിയ, ഇംഗ്ലണ്ട്, ഫ്രാൻസ് എന്നിവിടങ്ങളിൽ നിന്നായി സമകാലീക നാടക വേദിയുടെ വൈവിധ്യമാർന്ന അവതരണങ്ങൾ പ്രേക്ഷകരെ പുതിയ സംവേദന ശീലങ്ങളിലേക്ക് നയിക്കുന്നതിന് പര്യാപ്തമായിരുന്നു. സെമിനാർ, സോളോ നാടകങ്ങൾ, ഇന്റിമേറ്റ് തിയേറ്റർ, സ്ട്രീറ്റ് പെർഫോർമൻസ്, ക്ലൗൺ & മൈം പെർഫോമൻസ് തുടങ്ങിയ വ്യത്യസ്ത അവതരണങ്ങളാൽ ഇറ്റ്ഫോക്ക് (International Theatre Festival of Kerala) ശ്രദ്ധേയമായി.

### സോളോ പെർഫോമൻസ്:

സോളോ (ഏകാംഗ) നാടകങ്ങളുടെ ഒരു പ്രത്യേക സെഗ്മെന്റ് ഈ വർഷത്തെ മറ്റൊരു പ്രത്യേകതയാണ്. അർമ്മനിസ്ഥാനിൽ നിന്നുള്ള അന്നാ മെല, ഡെൻമാർക്കിൽ നിന്നും സ്റ്റ്യൂവർട്ട് ലിഞ്ച്, ഇന്ത്യയിൽ നിന്നും മായാ റാവു, മല്ലിക പ്രസാദ് തുടങ്ങിയവരുടെ സോളോ അവതരണങ്ങൾ ബ്ലാക്ക് ബോക്സിൽ നടന്നു. കേരളത്തിലെ തന്നെ ആദ്യത്തെ ബ്ലാക്ക് ബോക്സ് ആണ് കേരള സംഗീത നാടക അക്കാദമിയുടേത്.

### അന്തർദേശീയ നാടകങ്ങൾ- ദേശീയ നാടകങ്ങൾ:

കാറ്റലോണിയ, ഫ്രാൻസ്, ജോർജിയ, ഇറ്റലി, ഡെന്മാർക്ക്, നോർവെ, പോളണ്ട്, റൊമാനിയ, ഉസ്ബസ്കിസ്ഥാൻ, യു.എസ്, ഇംഗ്ലണ്ട് എന്നീ രാജ്യങ്ങളിൽ നിന്നുള്ള അന്തർദേശീയ നാടകങ്ങളും, മഹാരാഷ്ട്ര, ആസ്സാം, കേരളം എന്നിവിടങ്ങളിൽ നിന്നുള്ള ദേശീയ നാടകങ്ങളും, ഡൽഹി, കർണ്ണാടക, ഹരിയാന, കേരളം എന്നീ സംസ്ഥാനങ്ങളിൽ നിന്നും സോളോ നാടകങ്ങളും, കൊല്ലം, കണ്ണൂർ, തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട്, തൃശ്ശൂർ എന്നീ ജില്ലകളിൽ നിന്നുള്ള മലയാളം നാടകങ്ങളും ഇത്തവണത്തെ നാടകോത്സവത്തിൽ ഉൾപ്പെടുത്തിയിരുന്നു.

### മലയാളം തിയറ്റർ പനോരമ:

രാത്രി ഒൻപതു മണി മുതൽ ടൗൺ ഹാളിലായിരുന്നു സമാന്തര അവതരണങ്ങൾ. മലയാളത്തിലെ അമേചർ, പ്രൊഫഷണൽ വിഭാഗങ്ങളിൽ പെടുന്ന അക്കാദമി അവാർഡുകൾ ലഭിച്ച നാടകങ്ങളാണ് അവതരണങ്ങൾക്കായി തെരെഞ്ഞെടുക്കപ്പെട്ടത്. ആദ്യമായാണ് ഇറ്റ്ഫോക്കിൽ ഇങ്ങനെയൊരു സെഗ്മെന്റ്.





ഉദ്ഘാടകൻ സാംസ്കാരിക വകുപ്പു മന്ത്രി കെ.സി ജോസഫ് കെ.പി.എസി. ലളിതയ്ക്ക് ചമയം നൽകിയപ്പോൾ അവർ അമരത്തിലെ ഭാർഗവിയായി അരങ്ങിലെത്തിയത് ആസ്വാദകരെ അത്ഭുതപ്പെടുത്തി.

പോളണ്ടിലെ പ്രശസ്തമായ ലാമർട്ട് തിയറ്ററിന്റെ വില്യം ഷേക്സ്പിയറുടെ ഹാംലെറ്റിന്റെ ഹെയ്നർ മുള്ളർ ഭാഷ്യമായ ഹാംലെറ്റ് മിഷ്യന്റെ അവതരണമുണ്ടായി. എഡ്വിനാർ കേപ്പ് മെൻ എന്ന പ്രശസ്ത പോളിഷ് സംവിധായികയാണ് ഇത് അരങ്ങിലെത്തിച്ചത്.





## തിയറ്റർ വർക്ക് ഷോപ്പ്:

അമേചർ, പ്രൊഫഷണൽ നാടക രംഗത്ത് സജീവമായി പ്രവർത്തിക്കുന്ന നാടക പ്രവർത്തകർക്കുവേണ്ടി ദേശീയ, അന്തർദേശീയ നാടക പ്രവർത്തകരുടെ നേതൃത്വത്തിൽ വർക്ക് ഷോപ്പ് സംഘടിപ്പിച്ചു. തെരെഞ്ഞെടുക്കപ്പെട്ട 25 പേരെയാണ് ശില്പശാലയിൽ പങ്കെടുപ്പിച്ചത്.

## സെമിനാർ:

സമകാലിക നാടക വേദിയെ വിശകലനാത്മകമായി സമീപിച്ചു കൊണ്ടുള്ള ഒരു സെഷനിൽ തൃപുരാരി ശർമ്മ, അനിത ചെറിയാൻ, മാർത്താഷൈലെക്ക്, സുന്ദർ സറൂക്കായി, അമിതേഷ് ഗ്രോവർ, ആൻഡ്രിയകുസുമാനോ തുടങ്ങിയ ശ്രദ്ധേയ നാടക പ്രവർത്തകരും അക്കാദമിഷ്യൻസും പേപ്പറുകൾ അവതരിപ്പിച്ചു. തുടർന്നുള്ള ചർച്ചകൾ നാടക കലയുടെ ചരിത്ര, വർത്തമാന മുഖങ്ങളിലേക്ക് ഏറെ ഉൾക്കാഴ്ച പകരുന്നതായിരുന്നു.

പാരമ്പര്യകലകൾ: യക്ഷഗാനം, മുടിയേറ്റ് തുടങ്ങിയ പാരമ്പര്യ കലകളുടെ അവതരണം ഇറ്റ്ഫോക്കിനോടനുബന്ധമായി സംഘടിപ്പിക്കപ്പെട്ടു.

ജനുവരി 20,21 തീയതികളിൽ പ്രശസ്ത പോളിഷ് ഗ്രൂപ്പായ പെഡ്രോസിയുടെ നോൺ വെർബൽ മാക്ബത്ത്, ഫ്രാൻസിൽ നിന്നുള്ള ഫൂട്സ്ബാൻ ട്രാവലിംഗ് തിയറ്റർ ഇന്ത്യൻ കലാകാരന്മാരുമായി ചേർന്നുള്ള ഇന്ത്യൻ ടെംപ്സ്റ്റ് ഇറ്റ്ഫോക്ക് സമാപന ദിവസത്തെ അവതരണമായിരുന്നു. സൂര്യ ഇന്റർനാഷണലിന്റെ പ്രണേതാവും ലൈറ്റ് ആന്റ് സൗണ്ട് ഷോയുടെ പ്രയോക്താവുമായ അക്കാദമി ചെയർമാൻ സൂര്യ കൃഷ്ണമൂർത്തിയാണ് ഫെസ്റ്റിവൽ ഡയറക്ടർ. അദ്ദേഹത്തിന്റെ നിറസാന്നിദ്ധ്യം എവിടെയും ദൃശ്യമായിരുന്നു. സമാപന സമ്മേളനത്തിൽ സെക്രട്ടറി ഡോ.പി.വി കൃഷ്ണൻ നായർ സ്വാഗതം പറഞ്ഞു. ഉസ്ബസ്കിസ്ഥാൻ ആവാര തിയറ്ററിലെ ഒവ്‌ലിയാക്കുലി വേജാക്കുലി, ഫ്രാൻസിലെ തിയറ്റർ ബ്യൂറോ പെട്രോസി ആർട്ടിസ്റ്റ് പവൽ സ്കൊട്ടാക്ക് എന്നിവർ സംസാരിച്ചു. പ്രോദ്ഘാടനവും പരിസമാപ്തിയും കഴിഞ്ഞ വർഷത്തേതു പോലെ ലളിതവും ശാന്തവും. പ്രവേശനത്തിന് ഡെലിഗേറ്റ് പാസ്സിലൂടെ നിയന്ത്രണം ഏർപ്പെടുത്തിയിരുന്നുവെങ്കിലും പാസ്സ് എടുക്കാത്തവർക്കും പ്രവേശനം നൽകിയിരുന്നു. സാഹിത്യം, സിനിമ, ചിത്രകല തുടങ്ങിയ മാധ്യമങ്ങളിൽ, നടക്കുന്ന ഏറ്റവും നവീനമായ ചലനങ്ങളും അന്വേഷണങ്ങളും നമുക്ക് അറിയുന്നതിന് നിരവധി വേദികളുണ്ട്. എന്നാൽ ലോകത്തിലെ തിയറ്ററുമായി ബന്ധപ്പെട്ട് നടക്കുന്ന അത്തരം പ്രവർത്തനങ്ങൾ നമുക്ക് നേരിട്ട് മനസ്സിലാക്കുന്നതിന് വളെര പരിമിതമായ അവസരങ്ങൾ മാത്രമേ നിലവിലുള്ളൂ. ഇത്തരം ഭൗതീക സാഹചര്യത്തിലാണ് സമ്പന്നമായ ലോകനാടക വേദിയെ വളരെ അടുത്തറിയുന്നതിനുള്ള സാംസ്കാരിക സംരംഭം എന്ന നിലയിൽ കേരള സംഗീത നാടക അക്കാദമി സംസ്ഥാന സർക്കാരിന്റെ സാംസ്കാരിക വകുപ്പിന് വേണ്ടി സംഘടിപ്പിച്ച അന്തർദ്ദേശീയ നാടകോത്സവം പ്രസക്തമാവുന്നത്. ■

*റിപ്പോർട്ട് – ഡോ.പി.വി. കൃഷ്ണൻ നായർ*
*സെക്രട്ടറി, കേരളസംഗീത നാടക അക്കാദമി.*





11 -ൽ നിന്ന് തുടർച്ച

## സമാപന സമ്മേളനവും സ്വരാജ് ട്രോഫി വിതരണവും

സമാപന സമ്മേളനവും സ്വരാജ് ട്രോഫി വിതരണവും കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് പി.ടി.മാത്യുവിന്റെ അദ്ധ്യക്ഷതയിൽ നടന്നു. ഉദ്ഘാടനം കേന്ദ്ര ആഭ്യന്തര സഹമന്ത്രി **മുല്ലപ്പള്ളി രാമചന്ദ്രൻ** നിർവ്വഹിച്ചു. ഇത്തരം ആഘോഷപരിപാടികളിൽ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കഴിഞ്ഞ 20 വർഷകാലത്തെ പ്രവർത്തനങ്ങൾ കൂടി വിലയിരുത്തപ്പെടണം. സാമൂഹ്യപ്രവർത്തനങ്ങളിൽ നിർണ്ണായകമായ പങ്ക് തദ്ദേശസ്ഥാപനങ്ങൾ വഹിക്കുന്നുണ്ട്. ദാരിദ്രനിർമ്മാർജനം, സംതൃപ്തമായ ജീവിത സൗകര്യങ്ങൾ എന്നിവയ്ക്കായി പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കണം. കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ ലക്ഷക്കണക്കിന് കോടികൾ ചെലവഴിക്കുന്നുണ്ട്. പഞ്ചായത്തുകളാണ് അതിന്റെ എൻജിനായി പ്രവർത്തിക്കുന്നത്. തൊഴിലുറപ്പ് പദ്ധതി, ഇന്ദിരാആവാസ് യോജന, NRHM തുടങ്ങിയ പദ്ധതികൾ ഉദാഹരണമായി പറഞ്ഞു. നാളത്തെ ഗ്രാമീണ ഇന്ത്യയെ സൃഷ്ടിക്കാൻ കേന്ദ്ര സർക്കാർ കാണുന്നത് പഞ്ചായത്തുകളെയാണ്. ഗ്രാമതലത്തിലെ അവസാനപൗരനും ക്ഷേമം ലഭിക്കുമ്പോഴാണ് ഇന്ത്യയുടെ വികസനമായി മാറുന്നത്. സ്ത്രീകളുടെയും കുട്ടികളുടെയും പ്രശ്നങ്ങൾ സാമൂഹ്യബാധ്യതയായി പഞ്ചായത്തുകൾ ഏറ്റെടുക്കണം. സമത്വപൂർണ്ണമായ സാമൂഹ്യസൃഷ്ടിക്കായി പ്രവർത്തിക്കണം. പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ ആത്മാവ് ഗ്രാമസഭയാണ്. ധാരാളം പഞ്ചായത്തുകൾ വളരെ ഭംഗിയായി ഗ്രാമസഭ നടത്തുമ്പോൾ ചില പഞ്ചായത്തുകളിൽ രാഷ്ട്രീയ പ്രേരിതമായി ഇതിനെ കാണുന്നുണ്ട്. അത് ഒട്ടും സ്വീകാര്യമല്ല. ത്രീ ടയർ സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളത്. സംയോജിതമായി മുന്നോട്ട് പോകേണ്ടതുണ്ട്. എന്നാൽ നിലവിൽ മൂന്നുപേരും മൂന്നുവഴിക്കു പോകുന്നു. ഇതിന് പരിഹാരം വേണം. അതിന് രാഷ്ട്രീയ നേതൃത്വവും, ഉദ്യോഗസ്ഥമേധാവികളും കൂട്ടായി ശ്രമിക്കണം. പ്രാദേശിക സർക്കാരുകൾ സാധാരണജനങ്ങളുടെ വിശ്വാസം ആർജിക്കണം. പഞ്ചായത്തുകളിൽ സോഷ്യൽ ആഡിറ്റ് നടക്കണം. മാലിന്യപ്രശ്നം-പ്രാദേശിക സർക്കാരുകൾ ഗൗരവമായി ഏറ്റെടുക്കണം. കുടിവെള്ളം കിട്ടാക്കനിയായി മാറി, കാലാവസ്ഥയിൽ വ്യതിയാനം വന്നു, ലോറികളിൽ വെള്ളമെത്തിച്ച് പരിഹാരം കാണാൻ കഴിയില്ല. ഭൂഗർഭജലചൂഷണം നിർത്തണം. കുഴൽ കിണറുകൾ ഇനിയും പാടില്ല. 42 നദികളുള്ള കൊച്ചുസംസ്ഥാനമായ കേരളം കുടിവെള്ളത്തിനായി കേഴുന്നു എന്ന അവസ്ഥ സംജാതമായതിനെക്കുറിച്ച് നാം ചിന്തിക്കണം. പാരിസ്ഥിതിക ബോധമുള്ള പഞ്ചായത്ത് സാരഥികളെയാണ് നമുക്ക് ആവശ്യം പ്രാദേശിക സർക്കാരുകളുടെ നിരവധി വിഷയങ്ങൾ പ്രതിപാദിച്ചുകൊണ്ട് കേന്ദ്രമന്ത്രി തന്റെ ഉദ്ഘാടനപ്രസംഗം അവസാനിപ്പിച്ചു. തുടർന്ന് മികച്ച പഞ്ചായത്തുകൾക്കുള്ള സ്വരാജ് ട്രോഫി, മഹാത്മാപുരസ്കാരം എന്നിവ മന്ത്രി വിതരണം ചെയ്തു. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി സൂപ്പി നരിക്കാട്ടേരി സ്വാഗതവും കോഴിക്കോട് ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എൻ.സുരേന്ദ്രൻ നന്ദിയും പറഞ്ഞു.











## കേന്ദ്ര സർക്കാരിന്റെ പഞ്ചായത്ത് എംപവർമെന്റ് & അക്കൗണ്ടബിലിറ്റി ഇൻസെന്റീവ് സ്കീം പ്രകാരം അവാർഡിനർഹരായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

1. ജില്ലാ പഞ്ചായത്ത് : **പത്തനംതിട്ട ജില്ലാപഞ്ചായത്ത്** അവാർഡ് തുക - 40 ലക്ഷം രൂപ
2. ബ്ലോക്ക് പഞ്ചായത്ത് : 10 ലക്ഷം രൂപ

   ഒന്നാം സ്ഥാനം - **ഇടുക്കി ബ്ലോക്ക് പഞ്ചായത്ത്**
   രണ്ടാം സ്ഥാനം - **ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത്**
   മൂന്നാം സ്ഥാനം - **ളാലം ബ്ലോക്ക് പഞ്ചായത്ത്**
3. ഗ്രാമ പഞ്ചായത്ത് : 9 ലക്ഷം രൂപ

   ഒന്നാം സ്ഥാനം - **പുലാമന്തോൾ ഗ്രാമപഞ്ചായത്ത്**
   രണ്ടാം സ്ഥാനം - **അടാട്ട് ഗ്രാമപഞ്ചായത്ത്**
   മൂന്നാം സ്ഥാനം - **ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത്**

## സംസ്ഥാന തലത്തിൽ 2011-12 വർഷത്തെ സ്വരാജ് ട്രോഫിക്ക് അർഹരായ മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

ജില്ലാ പഞ്ചായത്ത് - **ആലപ്പുഴ ജില്ലാ പഞ്ചായത്ത്**

**ബ്ലോക്ക് പഞ്ചായത്ത്**

ഒന്നാം സ്ഥാനം - **വാമനപുരം ബ്ലോക്ക് പഞ്ചായത്ത്**

രണ്ടാം സ്ഥാനം - **ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത്**

മൂന്നാം സ്ഥാനം - **ളാലം ബ്ലോക്ക് പഞ്ചായത്ത്**

**ഗ്രാമപഞ്ചായത്ത്**

**പുലാമന്തോൾ ഗ്രാമപഞ്ചായത്ത്** പ്രസിഡന്റ്: എം.കെ റഫീക്ക, സെക്രട്ടറി :കെ. സിദ്ദീഖ്

## മികച്ച ഗ്രാമ പഞ്ചായത്ത് ജില്ലാതലം

| ജില്ല | ഒന്നാം സ്ഥാനം | പ്രസിഡന്റ്/സെക്രട്ടറി | രണ്ടാം സ്ഥാനം | പ്രസിഡന്റ്/സെക്രട്ടറി |
|---|---|---|---|---|
| തിരുവനന്തപുരം | പള്ളിച്ചൽ | കെ. രാജേഷ് /ജെ. ആൽബർട്ട് | കാട്ടാക്കട | അഡ്വ. ജി. സ്റ്റീഫൻ/ബിജു. എസ് |
| കൊല്ലം | കുലശേഖരപുരം | പി.എസ്.അബ്ദുൾസലീം/എ.നാസറുദ്ദീൻ | തൃക്കടവൂർ | എ.അമാൻ/ആർ. ബാബു |
| പത്തനംതിട്ട | കവിയൂർ | ടി.കെ സജീവ്/ടി. രാധാകൃഷ്ണൻനായർ | | |
| ആലപ്പുഴ | പാലമേൽ | കെ. ബിജു /സി.പി. സുനിൽ | കൃഷ്ണപുരം | അഡ്വ.സി.അൻഷാദ്/എസ്.ശ്രീകുമാർ |
| കോട്ടയം | മുത്തോലി | രാജൻ മുണ്ടമറ്റം/പി.വി. രാജീവ് | കരൂർ | ജോർജ്ജ് നടേത്ത്/കെ. ബാബുരാജ് |
| എറണാകുളം | ചോറ്റാനിക്കര | എം. എ. ജോൺ/കെ.ടി. രത്നാഭായ് | | |
| തൃശ്ശൂർ | അടാട്ട് | ടി. ജയലക്ഷമി/വി. ഭാസുരാംഗൻ | പൂമംഗലം | അഡ്വ.ജോസ് മുഞ്ഞേലി/ സി.എസ് ഹരി |
| പാലക്കാട് | ശ്രീകൃഷ്ണപുരം | പി. സവിത/സി.എൻ. സത്യൻ | | |
| മലപ്പുറം | പൊൻമുണ്ടം | കുണ്ടിൽ ഹാജിറ/കെ. സദാനന്ദൻ | | |
| കോഴിക്കോട് | നാദാപുരം | സൂപ്പി നരിക്കാട്ടേരി/ പി. ചന്ദ്രൻ | ബാലുശ്ശേരി | പി.എം.സരോജിനി/ കെ.കെ മോഹൻകുമാർ |
| വയനാട് | വൈത്തിരി | ഗഗാറിൻ. പി/ബെന്നി ജോസഫ് | | |
| കണ്ണൂർ | ചെമ്പിലോട് | എം.സി മോഹനൻ/പി. സദാനന്ദൻ | എരഞ്ഞോളി | എ.കെ രമ്യ/ ധനീഷ്. പി.എം |
| കാസറഗോഡ് | മടിക്കൈ | എസ്. പ്രീത/എം.പി. അശോക് കുമാർ | | |

## 2011-12 വർഷത്തെ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ച് മഹാത്മാ പുരസ്കാരത്തിന് അർഹരായവർ

സംസ്ഥാനതല
ഒന്നാം സ്ഥാനം : **ചെങ്കൽ ഗ്രാമപഞ്ചായത്ത്**, തിരുവനന്തപുരം
രണ്ടാം സ്ഥാനം : **അടിമാലി ഗ്രാമപഞ്ചായത്ത്**, ഇടുക്കി
മൂന്നാം സ്ഥാനം : **രാജകുമാരി ഗ്രാമപഞ്ചായയത്ത്**, ഇടുക്കി

**ജില്ലാതലം**

| ജില്ല | ഒന്നാം സ്ഥാനം | രണ്ടാം സ്ഥാനം | ജില്ല | ഒന്നാം സ്ഥാനം | രണ്ടാം സ്ഥാനം |
|---|---|---|---|---|---|
| തിരുവനന്തപുരം | കാരോട് | കോട്ടുകാൽ | തൃശൂർ | പഴയന്നൂർ | വലപ്പാട് |
| കൊല്ലം | ഏരൂർ | തലവൂർ | പാലക്കാട് | അഗളി | മൂണ്ടൂർ |
| പത്തനംതിട്ട | പള്ളിക്കൽ | ഏഴംകുളം | മലപ്പുറം | പോത്തുകല്ല് | വഴിക്കടവ് |
| ആലപ്പുഴ | കഞ്ഞിക്കുഴി | തണ്ണീർമുക്കം | കോഴിക്കോട് | ചങ്ങരോത്ത് | പനങ്ങാട് |
| കോട്ടയം | ഉദയനാപുരം | മറവൻതുരുത്ത് | വയനാട് | ഇടവക | പൂതാടി |
| ഇടുക്കി | കൊന്നത്തടി | കഞ്ഞിക്കുഴി | കണ്ണൂർ | ഉളിക്കൽ | നടുവിൽ |
| എറണാകുളം | കൂവപ്പടി | അയ്യംപുഴ | കാസർകോട് | മുളിയാർ | മടിക്കൈ |









അജിത്ത് വെണ്ണിയൂർ

# ബാലവേല കേരളം നേരിടുന്ന പുതിയ വെല്ലുവിളികൾ

**പുലർച്ചെ സ്കൂളിലേക്കെന്നു പറഞ്ഞ് വീട്ടിൽ നിന്നിറങ്ങുന്ന കുട്ടികൾ സ്കൂളിൽ പോകാതെ മണലൂറ്റിനുപോയി പണം ഉണ്ടാക്കുന്നു. ഇതുമൂലം പഠിത്തത്തിലുള്ള താൽപര്യം കുറയുന്നു. വീട്ടുകാരറിയാതെ ഉണ്ടാക്കുന്ന ഈ പണം മൊബൈൽഫോൺ, സൈക്കിൾ, ബൈക്ക്, മുന്തിയതരം ഹോട്ടൽ ഭക്ഷണം തുടങ്ങിയവയ്ക്കായി ധൂർത്തടിക്കുന്നു**



*(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)*

ഈ പ്രവർത്തനങ്ങൾക്കുള്ള ഒരു പ്രധാനപരിമിതി, ബാലവേലയിലേർപ്പെട്ടിരിക്കുന്ന കുട്ടികളിലധികവും അന്യസംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ് എന്നതത്രെ. അതിൽ തന്നെ ഏറെയും ഉത്തരേന്ത്യയിൽ നിന്നുള്ളവർ. അവർക്ക് പുസ്തകം വാങ്ങാൻ സർക്കാർ 5000 രൂപ ധനസഹായം നൽകുന്നുണ്ടെങ്കിലും മാതൃഭാഷയിൽ അവരെ പഠിപ്പിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. അതുണ്ടാക്കേണ്ടതുണ്ട്. സ്വന്തം സംസ്ഥാനങ്ങളിലെ ജൂവനൈൽ ഹോമുകളിലേക്ക് പൊലീസിനെയും കൂട്ടി അയയ്ക്കുന്ന കുട്ടികൾ മടങ്ങി വരുന്നത് തടയാനും സംവിധാനം ആവശ്യമാണ്.

വീട്ടുജോലിയിലാണ് കേരളത്തിൽ ഇന്ന് ബാലവേല കൂടുതലായി കാണുന്നത്. പ്രത്യേകിച്ചും മലബാറിൽ. ഇത് കണ്ടെത്താൻ വിവിധ വകുപ്പുകളുടെയും എജൻസികളുടെയും സംയോജിത പ്രവർത്തനം അനിവാര്യമാണ്.

ടൂറിസം മേഖലയിലും ബാലവേല പ്രബലമാണ്. അവിടെ ബാലവേല മാത്രമല്ല. പിഞ്ചു പെൺകുട്ടികളെ വ്യഭിചാരത്തിനുപയോഗിക്കുന്ന പ്രവണതയുമുണ്ട്. മറ്റൊരു പ്രധാന പരിമിതി, കുട്ടികളുടെ വയസ്സു തെളിക്കുന്നതിനുള്ള രേഖകളുടെ അഭാവമാണ്. പ്രത്യേകിച്ചും അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള കുട്ടികളുടെ കാര്യത്തിൽ. പിന്നെ ആശ്രയം ഡോക്ടർമാരുടെ സർട്ടിഫിക്കറ്റാണ്. സ്പെഷ്യൽ സ്ക്വാഡിലെ ഒരു മുഖ്യ ഉദ്യോഗസ്ഥൻ ഈയിടെ ഒരു സെമിനാറിൽ പറഞ്ഞൊരനുഭവം വിചിത്രമാണ്. അദ്ദേഹം മൂന്നു കുട്ടികളെ മോചിപ്പിച്ച് ഡി.എം.ഒ.യുടെ അടുത്തുകൊണ്ടുപോയിട്ടുപോലും അവിടെ ഡോക്ടർമാർ വയസ്സ് രേഖപ്പെടുത്തുന്ന സർട്ടിഫിക്കറ്റ് നൽകാൻ വിസമ്മതിച്ചു. അവർ അദ്ദേഹത്തെ ഫോറൻസിക് വകുപ്പിലേക്ക് പറഞ്ഞുവിട്ടു. അവിടെ ഉദ്യോഗസ്ഥർ വലിയ തിരക്കു ഭാവിച്ചു പലതവണ പോയിട്ടും സർട്ടിഫിക്കറ്റ് കിട്ടിയില്ല. അതേ സമയം തൊഴിലുടമ ജനറൽ ആശുപത്രിയിൽ നിന്ന് സർട്ടിഫിക്കറ്റ് നേടി കുട്ടികളെ മോചിപ്പിച്ചുകൊണ്ടുപോവുകയും ചെയ്തു.

കൊല്ലത്ത് കശുവണ്ടി മേഖലയിൽ 12–13 വയസ്സുള്ള ധാരാളം പെൺകുട്ടികൾ പണിയെടുക്കുന്നുണ്ട്. അവരുടെയിടയിൽ നടത്തിയ പഠനത്തിൽ തെളിഞ്ഞ ഒരു വസ്തുത ശ്രദ്ധേയമാണ്. അച്ഛനും അമ്മയും കശുവണ്ടി ഫാക്ടറികളിൽ പണിയെടുക്കുന്നവരാണ്. സ്കൂൾ പഠിത്തം ഉപേക്ഷിച്ച പെൺകുട്ടികളെ ഈ പ്രായത്തിൽ വീട്ടിൽ തനിച്ചു നിർത്തുന്നത് സുരക്ഷിതമല്ലാത്തതുകൊണ്ട് പണിക്ക് കൂട്ടുന്നതെന്ന് രക്ഷിതാക്കൾ പറഞ്ഞു.

കുട്ടികൾ സ്കൂളിൽ നിന്ന് കൊഴിഞ്ഞു പോകുന്നതിന് ഒരു കാരണം സ്കൂൾ അധികൃതരുടെയും അധ്യാപകരുടെയും അവഗണനയാണ്. ഇതും സജീവ ശ്രദ്ധയർഹിക്കുന്ന കാര്യമാണ്. വിദ്യാഭ്യാസവകുപ്പും തൊഴിൽ വകുപ്പും സംയുക്തമായി ഈ പ്രശ്നം കൈകാര്യം ചെയ്യണം.

ദേശാടന തൊഴിലാളികളുടെ ആധിക്യവും അതുമൂലം വർദ്ധിച്ചുവരുന്ന ബാലവേലയുമാണ് നാം നേരിടുന്ന പുതിയ വെല്ലുവിളി. തമിഴ്നാട്, കർണാടകം, മഹാരാഷ്ട്ര, ഒറീസ്സ, ബീഹാർ തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്ന് കുടുംബത്തോടെ തൊഴിൽ തേടി കേരളത്തിൽ എത്തുന്നതാണ് ഇവിടെ ബാലവേല വർദ്ധിക്കുന്നതിന് പ്രധാനകാരണം.

പാലക്കാട്ടെ കഞ്ചിക്കോട് ഇപ്പോൾ ഒരു ഉത്തരേന്ത്യൻ ഗ്രാമം പോലെയാണ്. എവിടെ നോക്കിയാലും ഹിന്ദിസംസാരിക്കുന്നവരെ കാണാം. കണ്ണൂരും കൊല്ലവും കൊച്ചിയും ഒന്നും പിന്നിലല്ല. മറ്റു സംസ്ഥാനങ്ങളിൽ നിന്നുമാത്രമല്ല, കേരളത്തിനുള്ളിൽ തന്നെ ജില്ല വിട്ട് തൊഴിൽ തേടി പോകുന്നവരുണ്ട്. ഇങ്ങനെയുള്ളവരുടെ സ്ഥിതിയെന്താണ്? അവരുടെ കുട്ടികൾ എങ്ങനെ പഠിക്കും? അതിനുപറ്റിയ സ്കൂളുകളുണ്ടോ? ഇതെല്ലാം അനുബന്ധ പ്രശ്നങ്ങളാണ്.

മലപ്പുറം ജില്ലയിലെ തൊഴിലെടുക്കുന്ന കുട്ടികളിൽ 90 ശതമാനവും അന്യസംസ്ഥാനങ്ങളിൽ നിന്നുള്ളവരാണെന്ന് ഇതു സംബന്ധിച്ച് നടത്തിയ ഒരു പഠനം വ്യക്തമാക്കുന്നു.

ജില്ലയിൽ ഭാരതപ്പുഴയ്ക്കു ചുറ്റും വർദ്ധിച്ചുവരുന്ന അനധികൃത മണലൂറ്റ് മേഖലയിൽ ബാലവേല വൻതോതിൽ വർദ്ധിച്ചുവരികയാണ്. ദരിദ്രകുടുംബങ്ങളിലും കുടിയേറ്റ കുടുംബങ്ങളിലും നിന്നുള്ളവർ മാത്രമല്ല ഇടത്തരം കുടുംബങ്ങളിൽ നിന്നും കുട്ടികൾ ഈ മേഖലയിലേക്ക് ചേക്കേറിക്കൊണ്ടിരിക്കുന്നു.

പുലർച്ചെ സ്കൂളിലേക്കെന്നു പറഞ്ഞ് വീട്ടിൽ നിന്നിറങ്ങുന്ന കുട്ടികൾ സ്കൂളിൽ പോകാതെ മണലൂറ്റിനുപോയി പണം ഉണ്ടാക്കുന്നു. ഇതുമൂലം പഠിത്തത്തിലുള്ള താൽപര്യം കുറയുന്നു. വീട്ടുകാരറിയാതെ ഉണ്ടാക്കുന്ന ഈ പണം മൊബൈൽ ഫോൺ, സൈക്കിൾ, ബൈക്ക്, മുന്തിയതരം ഹോട്ടൽ ഭക്ഷണം തുടങ്ങിയവയ്ക്കായി ധൂർത്തടിക്കുന്നു ഫലമോ? പഠിത്തം മുടങ്ങുന്നു. ഇത്തരം കുട്ടികളിൽ 80 ശതമാനവും പുകവലി, പുകയിലകൊണ്ടുള്ള ലഹരിവസ്തുക്കൾ തുടങ്ങിയവയ്ക്ക് അടിമയാകുന്നു. ഒപ്പം പരിസ്ഥിതി തകരാറിലാവുകയും ചെയ്യുന്നു.

ഈ പുതിയ പ്രവണത മറ്റു തീരപ്രദേശങ്ങളിലേക്കും അതിവേഗം വ്യാപിക്കാനുള്ള സാധ്യതയുണ്ട്. കുട്ടികളെയും കുടുംബങ്ങളെയും സംസ്ഥാനത്തിന്റെ സുസ്ഥിതിയെയും നശിപ്പിക്കാനിടയാക്കുന്ന ഈ പ്രവണത മുളയിലേ നുള്ളിക്കളയാൻ ശ്രദ്ധിക്കേണ്ടതാണെന്ന് പഠനം ചൂണ്ടിക്കാട്ടുന്നു.

ഉത്തരകേരളത്തിൽ വീട്ടുവേലയ്ക്ക് നിൽക്കുന്നവരിൽ ഭൂരിഭാഗവും മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള കുട്ടികളാണ്. ദക്ഷിണ കേരളത്തിൽ റസ്റ്റോറന്റുകളിൽ ബാലവേല വ്യാപകമാണ്. ഏതാണ്ട് 5000 കുട്ടികളെ കണ്ടെത്തി കർണാടകത്തിലക്കും തമിഴ്നാട്ടിലേക്കും ആന്ധ്രയിലേക്കും തിരിച്ചയയ്ക്കുകയുണ്ടായി. കേരളത്തിൽ പുനരധിവാസത്തിന് ഒട്ടേറെ സ്ഥാപനങ്ങളുണ്ട്. പക്ഷേ അതുകൊണ്ട് വലിയ ഫലം കാണുന്നില്ല.

ബാലവേല ദാരിദ്ര്യത്തിന്റെ ഉൽപന്നമാണ്. അത് കുട്ടികൾക്ക് ബാല്യം നിഷേധിക്കുന്നു. ആരോഗ്യകരമായ വളർച്ചയെ തടയുന്നു. ഇതൊഴിവാക്കാൻ കൂട്ടായ പരിശ്രമം ആവശ്യമാണ്. മുതിർന്നവർ മാത്രമല്ല, കുട്ടികളും അവരുടെ അവകാശങ്ങളെക്കുറിച്ച് അറിയണം. അതിന് അവസരം ഉണ്ടാക്കണം.

ബാലവേല നിർമാർജനത്തിൽ സർക്കാരിന് ഒരു മുഖ്യപങ്കു വഹിക്കാനുണ്ട്. താൽക്കാലികമായുള്ള പ്രചാരണ പ്രവർത്തനങ്ങളും പരിഹാര നടപടികളും ശാശ്വതമായ പ്രശ്നപരിഹാരത്തിന് സഹായകമാവില്ല. ദീർഘകാല പരിപ്രേക്ഷ്യത്തോടുകൂടിയ പ്രവർത്തനം അതിന് ആവശ്യമാണ്. കുട്ടികൾക്കുവേണ്ടിയുള്ള നിക്ഷേപം ഭാവിതലമുറകളുടെ ക്ഷേമത്തിനുവേണ്ടിയുള്ള നിക്ഷേപമാണെന്ന് തിരിച്ചറിഞ്ഞ് അതിന് മുൻഗണന നൽകണം.

അനൗപചാരിക വിദ്യാഭ്യാസം, ബദൽ ജീവിതമാർഗങ്ങൾ, വൈദഗ്ധ്യപരിശീലനം എന്നിവയിലൂടെ ദിരിദ്രകുടുംബങ്ങളുടെ സ്ഥിതിയിൽ അടിസ്ഥാനപരമായ പരിവർത്തനം വരുത്താൻ കഴിഞ്ഞില്ലെങ്കിൽ ബാലവേല നിർമാർജനം ശാശ്വതമാവുകയില്ല. ■

*ലേഖകൻ കുടുംബശ്രീ മിഷനിൽ പി.ആർ.ഒ ആണ്*



**അച്ഛനും അമ്മയും കശുവണ്ടി ഫാക്ടറികളിൽ പണിയെടുക്കുന്നവരാണ്. സ്കൂൾ പഠിത്തം ഉപേക്ഷിച്ച പെൺകുട്ടികളെ ഈ പ്രായത്തിൽ വീട്ടിൽ തനിച്ചു നിർത്തുന്നത് സുരക്ഷിതമല്ലാത്തതുകൊണ്ട് പണിക്ക് കൂട്ടുന്നതെന്ന് രക്ഷിതാക്കൾ പറഞ്ഞു.**

**കഞ്ചിക്കോട് ഇപ്പോൾ ഒരു ഉത്തരേന്ത്യൻ ഗ്രാമം പോലെയാണ്. എവിടെ നോക്കിയാലും ഹിന്ദിസംസാരിക്കുന്നവരെ കാണാം. കണ്ണൂരും കൊല്ലവും കൊച്ചിയും ഒന്നും പിന്നിലല്ല. മറ്റു സംസ്ഥാനങ്ങളിൽ നിന്നുമാത്രമല്ല, കേരളത്തിനുള്ളിൽ തന്നെ ജില്ല വിട്ട് തൊഴിൽ തേടി പോകുന്നവരുണ്ട്. ഇങ്ങനെയുള്ളവരുടെ സ്ഥിതിയെന്താണ്? അവരുടെ കുട്ടികൾ എങ്ങനെ പഠിക്കും? അതിനു പറ്റിയ സ്കൂളുകളുണ്ടോ?**



# വാർത്തകളും വിശേഷങ്ങളും

## ത്രിതല സഹകരണ ബാങ്കിംഗ് സംവിധാനത്തിൽ നിന്നും വായ്പ എടുക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് ഉത്തരവായി

10.75% പലിശ നിരക്കിൽ 2012-13 ലെ ഇന്ദിരാ ആവാസ് യോജന വീടുകൾക്ക്, സംസ്ഥാന സർക്കാർ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകുന്ന ഒരു വീടിന് 75000 രൂപ എന്ന നിരക്കിലുള്ള തുക ത്രിതല ബാങ്കിംഗ് സംവിധാനത്തിലൂടെ ലോൺ എടുക്കുന്നതിന്റെ കാലാവധി 31.05.2013 വരെ ദീർഘിപ്പിച്ച് ഉത്തരവായി. സ.ഉ.(കൈ)നം.167/13/തസ്വഭവ തീയതി 06.05.2013

## വിവാഹ ധനസഹായം 50,000 രൂപയായി വർദ്ധിപ്പിച്ച ഉത്തരവിന് മുൻകാല പ്രാബല്യം നൽകി ഉത്തരവ് പുറപ്പെടുവിച്ചു.

കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 18.04.2013 ലെ തീരുമാനം പ്രകാരം പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികളുടെ വിവാഹ ധനസഹായം 50,000 (അൻപതിനായിരം) രൂപയായി വർദ്ധിപ്പിച്ചു കൊണ്ടുള്ള 13.03.2013 ലെ സഉ(എം.സ്)85/13തസ്വഭവ നമ്പർ ഉത്തരവിന് 01.04.2012 മുതൽ മുൻകാല പ്രാബല്യം നൽകി ഉത്തരവ് പുറപ്പെടുവിച്ചു. സഉ(സാധാ)നം. 1152/2013/തസ്വഭവ തീയതി 25.04.2013

## രണ്ടാം വാർഷിക പദ്ധതി രൂപീകരണം സംബന്ധിച്ച ഉത്തരവ് – സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിച്ചു.

2012-13 ൽ മാർഗനിർദേശ പ്രകാരം 2013-14ലേക്ക് തയ്യാറാക്കിയ പ്രോജക്ടുകൾക്ക് വീണ്ടും ഗ്രാമ സഭയുടെ അംഗീകാരം നേടേണ്ടതില്ല പുതുതായി ഏതെങ്കിലും പ്രോജക്ട് ഏറ്റെടുക്കുകയാണെങ്കിൽ 18.08.2012 ലെ സഉ (എം.എസ്)നം.225/2012/തസ്വഭവ ഉത്തരവിലെ നടപടി ക്രമങ്ങൾ പാലിച്ചുവേണം പ്രോജക്ടുകൾ തയ്യാറാക്കേണ്ടതെന്ന് ഉത്തരവായി. സഉ(എം.എസ്)നം.169/13/തസ്വഭവ തീയതി 08.05.2013

## കേരള സാമൂഹ്യ സുരക്ഷാ മിഷന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും എല്ലാ സാമ്പത്തിക വർഷവും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു.

സാമൂഹ്യ സുരക്ഷാ മിഷന്റെ ആഭിമുഖ്യത്തിൽ അവശത അനുഭവിക്കുന്ന വിവിധ ജനവിഭാഗങ്ങൾക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിനായി ജില്ലാപഞ്ചായത്ത്/കോർപ്പറേഷൻ 25 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി 10 ലക്ഷം രൂപ ഗ്രാമ പഞ്ചായത്തുകൾ 5 ലക്ഷം രൂപ എന്ന പരമാവധി നിരക്കിൽ എല്ലാ സാമ്പത്തിക വർഷവും തനത്/പ്ലാൻ ഫണ്ടിൽ നിന്നും അവയുടെ കമ്മിറ്റി/കൗൺസിൽ തീരുമാനത്തിന് വിധേയമായി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ പേമെന്റ് ഗേറ്റ്‌വേയിലേക്ക് സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവായി. സഉ(സാധാ)നം.1209/2013/തസ്വഭവ തീയതി 06.05.2013

## ഉപയോഗശൂന്യമായ യന്ത്രസാമഗ്രികൾ ലേലം ചെയ്യുന്നതിനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്

വാഹനങ്ങൾ ഒഴികെയുള്ള കാലപ്പഴക്കം കൊണ്ട് ഉപയോഗശൂന്യമാകുന്ന യന്ത്ര സാമഗ്രികൾ നടപടിക്രമങ്ങൾ പാലിച്ച് ലേലം ചെയ്ത് വിൽക്കുന്നതിനുള്ള അധികാരം അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് തന്നെ നൽകികൊണ്ട് ഉത്തരവായി. സ.ഉ(ആർ.ടി)നം.986/2013/തസ്വഭവ തീയതി 11.04.2013

## ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും ലാപ്ടോപ്പ് വാങ്ങാൻ അനുമതി


വിവരസാങ്കേതിക വിദ്യയുടെ ഉപയോഗം വർദ്ധിച്ച സാഹചര്യത്തിലും ഗ്രാമപഞ്ചായത്തുകളിലെ പദ്ധതി പ്രവർത്തനങ്ങളും സേവനങ്ങളും ഓൺലൈൻ ആയ സാഹചര്യത്തിലും, ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ഗ്രാമപഞ്ചായത്തുകളുടെ തനതുഫണ്ടിലോ ജനറൽ പർപ്പസ് ഫണ്ടിലോ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തു പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും ലാപ്ടോപ്പ് വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവായി. സ.ഉ(സാധാ)നം.915/2013/തസ്വഭവ തീയതി 05.04.2013

## "സങ്കേതം ഭവന നിർമ്മാണ പദ്ധതി" – തത്വത്തിൽ അംഗീകാരം നൽകി – ഉത്തരവ് പുറപ്പെടുവിച്ചു.


തുച്ഛവരുമാനക്കാർക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയിൽ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ ഗുണഭോക്തൃ വിഹിതവും ഉപയോഗിച്ച് ഫ്ളാറ്റുകൾ നിർമ്മിച്ച് നൽകുന്ന 'സങ്കേതം' ഭവന നിർമ്മാണ പദ്ധതിയ്ക്ക് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായി. സ.ഉ(എ.എസ്)നം. 15/2013/ തീയതി, 08.05.2013

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

**Edited and Published by S. Lalithambika IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033 and Printed for GLM at Akshara Offset, Thiruvananthapuram.**




## ഗ്രാമ നഗര ഭരണത്തിന്റെ നേർക്കാഴ്ചകളുമായി




# പഞ്ചായത്ത് രാജ്

- ലേഖനങ്ങൾ
- മാതൃകകൾ
- അനുഭവങ്ങൾ
- ഫീച്ചറുകൾ
- അവലോകനങ്ങൾ
- വാർത്തകൾ

## വായിക്കുക വരിക്കാരാകുക

### പരസ്യ നിരക്ക്

| | | തുക (രൂപയിൽ) |
|---|---|---|
| കവർ (അവസാനപുറം) കളർ | : | 12000/- |
| കവർ (ഉൾവശം) കളർ | : | 10000/- |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | : | 8000/- |
| മറ്റു പേജുകൾ (കളർ) | : | 8000/- |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | : | 6000/- |
| അര പേജ് (കളർ) | : | 5000/- |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | : | 3000/- |

**വാർഷിക വരിസംഖ്യ : 120 രൂപ**

ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:

**എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,**
**പഞ്ചായത്ത് രാജ് മാസിക**
**പഞ്ചായത്ത് ഡയറക്ടറേറ്റ്,**
**മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033**

**PANCHAYATRAJ** (Monthly) February 2013
Annual Subscription ₹120/-
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/2012-14
Licensed to Post without Prepayment No. KL/TV(N) WPP-85/2012-14

www.ammini.com

ammini
partnering with tomorrow

# കേരള സംസ്ഥാന ഊർജ്ജസംരക്ഷണ അവാർഡ് 2012
# അമ്മിണി എനർജി സിസ്റ്റംസിന്




മികച്ച ഊർജ്ജ സംരക്ഷണ ഉത്പന്നങ്ങളുടെ നിർമ്മാതാക്കൾക്കുള്ള 2012 ലെ സംസ്ഥാന അവാർഡ് അമ്മിണി എനർജി സിസ്റ്റംസ് മാനേജിംഗ് ഡയറക്ടർ ശ്രീ. കെ.ജി. മധു ബഹു. കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയിൽ നിന്നും സ്വീകരിക്കുന്നു.

**The brightest range of Solar & Energy Conservation Lighting Products**

- സോളാർ ഹോം ലൈററിംഗ് സിസ്ററം
- സോളാർ സ്ട്രീററ് ലൈററിംഗ് സിസ്ററം
- സോളാർ ലാന്റേൺ (MNRE Approved)
- CFL സ്ട്രീററ്ലൈററുകൾ (ISI Marked)
- LED സ്ട്രീററ്ലൈററുകൾ (ERTL Certified)

**അമ്മിണി എനർജി സിസ്റ്റംസ്**
ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, പാപ്പനംകോട്,
തിരുവനന്തപുരം – 695 019
ഫോൺ: 0471-3060200 ഫാക്സ്: 3060201
മാനേജർ-സെയിൽസ്: 9387160200
ഇ–മെയിൽ: mail@ammini.com



BIS CERTIFIED

**ലൈട്രോൺ**
CFL വഴിവിളക്കുകൾ

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾക്കായി പ്രത്യേക വിഭാഗം
കൂടുതൽ വിവരങ്ങൾക്ക്:
1800 300 00 600 (Toll free)
0471-3060 200 (Call Centre)

**ലൈറ്റിംഗ് രംഗത്ത് 18 വർഷത്തെ സേവന പാരമ്പര്യം**

STQC Certification QMS
RvA MGMT. SYS. RvA C 286
ISO 9001: 2008
ONICRA We Secure Trust
NSIC - ONICRA CREDIT RATED:SE1B
एन. एस. आई. सी
NSIC
ISO 9001 : 2008
REGISTERED
SIDCO REGISTERED

CONTACT : 1800 300 00 600 (TOLL FREE) or 0471-3060200 (Call Centre)

Printed & Published by S. Lalithambika IAS, Director, Dept. of Panchayats on behalf of Govt. of Kerala and Printed at Akshara Offset (for GLM), Vanchiyoor,Thiruvananthapuram, Kerala - 695 035 and Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: S. Lalithambika IAS